2026 FEBRUARY 15

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122

# ജനോപകാരത്തിന്റെ വേദിയായി ഫൊക്കാനയെ മാറ്റുക ലക്ഷ്യം: ഫിലിപ്പോസ് ഫിലിപ്പ്




FEDERATION OF KERALA ASSOCIATIONS IN NORTH AMERICA

FOKANA

ESTD 1983


A Love Written in Jewels
Joyalukkas
World's favourite jeweller
BE MINE
Heart to heart collection
VALENTINE'S SPECIAL OFFER
GET A $40 CASH BACK VOUCHER
on the purchase of diamond & precious stone jewellery worth USD 1,000 & more
GET A $75 CASH BACK VOUCHER
on the purchase of diamond & precious stone jewellery worth USD 1,750 & more
0% DEDUCTION ON OLD GOLD EXCHANGE
GET 100% VALUE ON DIAMOND EXCHANGE
OFFER VALID UNTIL 15TH FEBRUARY 2026
*T&C apply
ATLANTA
3155 Peachtree PKY, Suwanee, GA 30024, USA
Tel: +1 470 835 6136
NEW JERSEY
1665 Oak Tree Road, Suit #325, Edison, NJ 08820, USA
+1 732 515 9902
HOUSTON
5901 Hillcroft Avenue, #C7-A, Houston,
+1 713 784 2992
CHICAGO
2642 West Devon Avenue, Chicago, Illinois
+1 773 856 3013
DALLAS
7055 Preston Road, Frisco, TX 75034, USA
+1 972 292 9936
LOS ANGELES
18725 Pioneer BLVD, Artesia, CA 90701
(562) 202-4243
NAPERVILLE
1570 W. Ogden Ave, Units 106, Naperville, IL 60540
(331) 231-3300

# ജനോപകാരത്തിന്റെ ശക്തമായ വേദിയായി ഫൊക്കാനയെ മാറ്റുകയാണ് ലക്ഷ്യം: ഫിലിപ്പോസ് ഫിലിപ്പ്



**(മീട്ടു റഹ്മത്ത് കലാം)**

മൂന്നു ദശാബ്ദത്തിലേറെയായി ഫൊക്കാനയുടെ സംഘടനാ പ്രവർത്തനങ്ങളുമായി ആത്മബന്ധം പുലർത്തി, സാമൂഹിക സേവനവും പ്രവാസി മലയാളികളുടെ പ്രശ്നങ്ങളിൽ ഇടപെടലും ജീവിത ദൗത്യമായി കാണുന്ന നേതാവാണ് ഫിലിപ്പോസ് ഫിലിപ്പ്. എൻജിനീയർ, സാമൂഹിക പ്രവർത്തകൻ, സംഘടനാ നേതാവ് എന്നിങ്ങനെ വിവിധ മേഖലകളിൽ വ്യക്തമായ അടയാളം പതിപ്പിച്ച അദ്ദേഹം, കേരളീയ സമൂഹത്തിന്റെ ആവശ്യങ്ങൾക്കും അമേരിക്കയിലെ പ്രവാസി മലയാളികളുടെ വെല്ലുവിളികൾക്കും ഒരുപോലെ ശബ്ദമായിത്തീരുകയാണ്.

ഫൊക്കാനയുടെ മുൻ ജനറൽ സെക്രട്ടറിയായും വിവിധ കമ്മിറ്റികളുടെ നേതാവായും പ്രവർത്തിച്ച അനുഭവസമ്പത്തോടെയാണ് ഇക്കുറി അദ്ദേഹം പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കുന്നത്. ജീവകാരുണ്യ പ്രവർത്തനങ്ങൾ, വിദ്യാഭ്യാസ സഹായ പദ്ധതികൾ, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, യുവജന ശാക്തീകരണം, രാഷ്ട്രീയസാമൂഹിക ഇടപെടലുകൾ എന്നിവയെ കേന്ദ്രീകരിച്ചുള്ള വ്യക്തമായ കാഴ്ചപ്പാടുകളാണ് അദ്ദേഹത്തിന്റെ പ്രചാരണത്തിന്റെ അടിത്തറ.

ഫൊക്കാനയെ ചടങ്ങുകളുടെ സംഘടനയിൽ നിന്ന് ജനോപകാരത്തിന്റെ ശക്തമായ വേദിയാക്കി മാറ്റണമെന്ന ദർശനവുമായി മുന്നോട്ട് വരുന്ന ഫിലിപ്പോസ് ഫിലിപ്പുമായുള്ള ഈ സംഭാഷണം, സംഘടനയുടെ ഭാവി വഴികളെയും പ്രവാസി മലയാളി സമൂഹത്തിന്റെ പ്രതീക്ഷകളെയും തുറന്നു കാട്ടുന്നു...





**പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടാൽ, പ്രത്യേകിച്ച് ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന കാര്യങ്ങൾ എന്തൊക്കെയാണ്?**

ഫൊക്കാനയ്ക്ക് തുടക്കംമുതൽ തന്നെ വ്യക്തമായ ലക്ഷ്യങ്ങളും ദൗത്യങ്ങളും ഉണ്ട്. കേരളീയ സാംസ്കാരിക മൂല്യങ്ങൾ നിലനിർത്തുക, പ്രവാസി മലയാളികളുടെ ആവശ്യങ്ങളിൽ ഇടപെടുക, അവരുടെ ശബ്ദമാകുക ഇതെല്ലാം ഫൊക്കാനയുടെ അടിസ്ഥാന ദൗത്യമാണ്. അതൊക്കെ തുടരും.

അതോടൊപ്പം തന്നെ, കഴിഞ്ഞ കുറേ വർഷങ്ങളായി ഫൊക്കാന നടപ്പിലാക്കി വരുന്ന ചില സ്ഥിരം പദ്ധതികൾ ഉണ്ട്. ഉദാഹരണത്തിന്, ''ഭാഷയ്ക്ക് ഒരു ഡോളർ'' എന്ന പദ്ധതി. ഇത് ഇന്ന് കേരള സർവകലാശാലയിൽ ഏറ്റവും മികച്ച പി.എച്ച്.ഡി. പ്രബന്ധത്തിനുള്ള അവാർഡായി വളർന്നു കഴിഞ്ഞു. ഈ പദ്ധതി കേരളത്തിലെ എല്ലാ സർവകലാശാലകളിലേക്കും വിപുലീകരിക്കുകയാണ് ലക്ഷ്യം. അതിന്റെ പ്രവർത്തനങ്ങൾ ഇതിനകം



ആരംഭിച്ചുകഴിഞ്ഞു,

അതുപോലെ, കേരളത്തിൽ വീടില്ലാത്തവർക്ക് ഭവന നിർമ്മാണം, മെഡിക്കൽ സഹായങ്ങൾ, മെഡിക്കൽ കാർഡ് പദ്ധതി എന്നിവയും തുടരും. മെഡിക്കൽ കാർഡിലൂടെ ചില ആശുപത്രികളിൽ ഡിസ്കൗണ്ടുകൾ ലഭിക്കുന്നു. തിരുവനന്തപുരം, കൊച്ചി വിമാനത്താവളങ്ങളിൽ പ്രിവിലേജ് കാർഡുകൾ ഉൾപ്പെടെ, പൊതുജനങ്ങൾക്ക് നേരിട്ട് പ്രയോജനപ്പെടുന്ന പദ്ധതികൾ എല്ലാം തുടരും.



**പുതിയതായി ഏറ്റവും കൂടുതൽ പ്രാധാന്യം നൽകാൻ ഉദ്ദേശിക്കുന്ന പദ്ധതി ഏതാണ്?**

എനിക്ക് ഏറ്റവും പ്രധാനപ്പെട്ടതായി തോന്നുന്നത്, ഒരു 24:7 ഹെൽപ്പ് ലൈൻ ആരംഭിക്കണമെന്നതാണ്. '1800 നമ്പർ'' പോലെ ഒരു സ്ഥിരം ഹെൽപ്പ് ലൈൻ. പല ഭരണസമിതികളും ഇതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്, പക്ഷേ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ഇത് കണിശമായി നടപ്പിലാക്കാനാണ് എന്റെ തീരുമാനം.

ആർക്കെങ്കിലും എന്തെങ്കിലും സഹായം ആവശ്യമുണ്ടെങ്കിൽ, അവർക്ക് ആ നമ്പറിൽ വിളിക്കാം. ആദ്യ ഘട്ടത്തിൽ ഒരു കേന്ദ്ര കോർഡിനേഷൻ ടീം കോൾ സ്വീകരിക്കും. തുടർന്ന് വിഷയം ഏത് റീജിയനിലേതാണോ, അതത് റീജിയൻ പ്രതിനിധികൾക്ക് കൈമാറും. അത് കൗൺസലിംഗ് വിഷയമായിരിക്കാം, ആരോഗ്യപ്രശ്നമായിരിക്കാം, മരണം പോലുള്ള അടിയന്തര സാഹചര്യമായിരിക്കാം എല്ലാം അതത് സ്ഥലത്ത് തന്നെ വേഗത്തിൽ ഇടപെട്ട് പരിഹരിക്കാനുള്ള സംവിധാനമാണ് ഉദ്ദേശിക്കുന്നത്.

**കേരളത്തിലെ ലഹരിമരുന്ന് പ്രശ്നത്തെക്കുറിച്ച് ഫൊക്കാനയ്ക്ക് എന്തെങ്കിലും പ്രത്യേക പദ്ധതികളുണ്ടോ?**

ലഹരി മയക്കുമരുന്ന് പ്രശ്നം





ഇന്ന് കേരളം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിലൊന്നാണ്. 'Fight Against Drugs" എന്ന ആശയം ഫൊക്കാന ശക്തമായി ഏറ്റെടുക്കണം എന്നാണ് എന്റെ അഭിപ്രായം.

ഒരു ദിവസം കൊണ്ട് തീരുന്ന പരിപാടിയല്ല. കുറേ വർഷം തുടർച്ചയായി നടത്തേണ്ട ബോധവൽക്കരണ പ്രവർത്തനങ്ങളാണ് ഉദ്ദേശിക്കുന്നത്. ആദ്യഘട്ടത്തിൽ തന്നെ 200250 സ്കൂളുകളിൽ ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കാൻ ശ്രമിക്കും. ഇതിനായി സമൂഹത്തിൽ പരിചയസമ്പന്നരായ സീനിയർ വ്യക്തികളെ ഉൾപ്പെടുത്തും. ഇത് സ്ഥിരമായ പ്രക്രിയയായി മുന്നോട്ട് കൊണ്ടുപോകും.

**പ്രവാസി മലയാളികളുടെ സർക്കാർ സംബന്ധമായ വിഷയങ്ങളിൽ ഫൊക്കാനയുടെ ഇടപെടൽ എങ്ങനെയായിരിക്കും?**

കേരള സർക്കാരുമായോ, അമേരിക്കൻ സർക്കാരുമായോ ബന്ധപ്പെട്ട വിഷയങ്ങളായാലും, പ്രവാസികളുടെ ആവശ്യങ്ങളിൽ ഫൊക്കാന ശക്തമായി ഇടപെടണം. വെറും കാണികൾ ആയി നിൽക്കാതെ, ആവശ്യമുള്ള ഇടങ്ങളിൽ ഇടപെട്ട് സഹായങ്ങൾ മൊബിലൈസ് ചെയ്യണം. അതാണ് എന്റെ നിലപാട്. ഫൊക്കാനയ്ക്ക് കേരള സർക്കാരുമായി വളരെ നല്ല ബന്ധമാണ് ഉള്ളത്. ഈ കഴിഞ്ഞ ലോക കേരള സഭ സമ്മേളനത്തിൽ ഞാൻ പ്രതിനിധാനം ചെയ്യുന്ന ഫൊക്കാന ഇന്റഗ്രിറ്റി ടീമിൽ നിന്നും ആറു പേരാണ് പങ്കെടുത്തത്.

**യൂത്തിനെ രാഷ്ട്രീയമായും സാമൂഹികമായും മുന്നോട്ട് കൊണ്ടുവരാൻ എന്താണ് ചെയ്യാൻ സാധിക്കുക?**

യൂത്ത് വിങ് ഫൊക്കാനയിൽ നിലവിലുണ്ടെങ്കിലും, അത് കൂടുതൽ ഫലപ്രദമാക്കണം.സ്വയം അവബോധം, സഹാനുഭൂതി, പ്രതിരോധശേഷി എന്നിവ വളർത്തിയെടുക്കുക, രാഷ്ട്രീയ ബോധവൽക്കരണം ഉറപ്പിക്കുക എന്ന ഉദ്ദേശത്തോടെ







ങ്ങൾ പരിഹരിക്കുന്നതിന് വിവിധ കമ്മിറ്റികൾ രൂപീകരിക്കും

ഇന്ന് എ.ഐ.യുടെ വളർച്ച മൂലം യുവാക്കളുടെ തൊഴിൽ ഭാവി തന്നെ ചോദ്യം ചെയ്യപ്പെടുന്ന ഘട്ടമാണ്. അതിനാൽ സെമിനാറുകൾ, ബ്രെയിൻസ്റ്റോമിംഗ് സെഷനുകൾ, യുവാക്കളിൽ നിന്ന് തന്നെ ഫീഡ്ബാക്ക് സ്വീകരിക്കുന്ന സംവിധാനങ്ങൾ എന്നിവ



യുള്ള സെമിനാർ അല്ലെങ്കിൽ കോൺഫറൻസ് സംഘടിപ്പിക്കുന്നതോടൊപ്പം യുവാക്കളുടെ താല്പര്യമനുസരിച്ചുള്ള പദ്ധതികളും നടപ്പിലാക്കും.

നാഷണൽ കമ്മിറ്റിയുടെ പങ്കാളിത്തം പ്രധാനമാണ്.10 എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ ഉൾപ്പെടെ ഏകദേശം 45 പേരോളം വരുന്ന ഒരു വിശാലമായ കമ്മിറ്റിയാണ് നിലവിലുള്ളത്. എല്ലാ കമ്മിറ്റി അംഗങ്ങൾക്കും അവരുടെ ആശയങ്ങൾ അവതരിപ്പിക്കുന്നതിനും നടപ്പാക്കുന്നതിനും വേണ്ട അവസരങ്ങൾ ഉണ്ടായിരിക്കും.അതിനുവേണ്ടി നാഷണൽ കമ്മിറ്റിയിലെ അംഗങ്ങളെ അവരുടെ നൈപുണ്യം അനുസരിച്ച് തരംതിരിച്ച് അവരുടെ കഴിവിനെ പ്രയോജനപ്പെടുത്തും. ഇമിഗ്രേഷൻ പ്രശ്നങ്ങൾ, എച്ച്1 ബി വിസ ഇഷ്യൂസ്, പ്രോപ്പർട്ടി ഇഷ്യൂസ്, എഐ ചലഞ്ച്, അമേരിക്കൻ മലയാളികളുടെ വെല്ലുവിളികൾ, ചാരിറ്റി, സ്ത്രീകളും കുട്ടികളും നേരിടുന്ന അതിക്രമങ്ങൾ എന്നിങ്ങനെ വിവിധ പ്രശ്ന



ഉണ്ടാകും. ആവശ്യമായ വിഷയങ്ങൾ സർക്കാർ ശ്രദ്ധയിൽ കൊണ്ടുവരാനും ശ്രമിക്കും.യുവജനങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി സ്വയം അവബോധവും രാഷ്ട്രീയ ബോധവൽക്കരണവും ലക്ഷ്യമിട്ടുള്ള സെമിനാറുകളും പദ്ധതികളും സംഘടിപ്പിക്കും.

### KEAN എന്ന സംഘടനയെക്കുറിച്ച്?

ഞാൻ ഒരു ഇലക്ട്രിക്കൽ എൻജിനീയറാണ്. കൊല്ലം ടി.കെ.എം. കോളേജിൽ പഠിച്ച്, പിന്നീട് ന്യൂയോർക്ക് യൂണിവേഴ്സിറ്റിയിൽ നിന്ന് മാസ്റ്റേഴ്സ് നേടി. 15 വർഷങ്ങൾക്ക് മുൻപ് ‘‘കേരള എൻജിനീയറിംഗ് ഗ്രാജുവേറ്റ്സ് അസോസിയേഷൻ (KEAN)‘ എന്ന സംഘടന രൂപീകരിച്ചു. ആദ്യ സെക്രട്ടറി,











പിന്നീട് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു.

KEAN മുഖേന കഴിഞ്ഞ 15 വർഷത്തിനിടെ അതാത് കാലയളവിലെ പ്രസിഡന്റുമാരുടെ നേതൃത്വത്തിൽ കേരളത്തിലെ കോളേജുകളിൽ പഠിക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഏകദേശം 175 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാൻ കഴിഞ്ഞിട്ടുണ്ട്. ഓരോ വിദ്യാർത്ഥിക്കും പ്രതിവർഷം 1000 ഡോളർ വീതമാണ് സഹായം. ഇത് ഇന്നും വിജയകരമായി തുടരുന്ന പദ്ധതിയാണ്.

**രാഷ്ട്രീയ രംഗത്തുള്ള താങ്കളുടെ പങ്കാളിത്തം?**

കഴിഞ്ഞ എട്ടു വർഷമായി ന്യൂയോർക്കിലെ റോക്ക്‌ലൻഡ് കൗണ്ടിയിൽ റിപ്പബ്ലിക്കൻ പാർട്ടി കമ്മിറ്റി മെമ്പറാണ്. കൂടാതെ, ഞാൻ താമസിക്കുന്ന ടൗണിന്റെ ട്രാഫിക് അഡ്വൈസറി ബോർഡ് മെമ്പറുമാണ്. ഇത് കൗണ്ടി അപ്പോയിന്റ്മെന്റായ ഒരു സേവനസ്ഥാനമാണ്. ട്രാഫിക് സുരക്ഷ, റോഡ് സേഫ്റ്റി തുടങ്ങിയ വിഷയങ്ങളിൽ പൊതുജനങ്ങളുടെ പരാതികൾ പരിശോധിച്ച് ശുപാർശകൾ നൽകുകയാണ് ഈ ബോർഡിന്റെ ചുമതല.

**ഫൊക്കാനയുടെ രാഷ്ട്രീയ നിലപാട് എന്താണ്?**

ഫൊക്കാന ഒരു രാഷ്ട്രീയ പാർട്ടിയുടെ വേദിയല്ല. കമ്മ്യൂണിസ്റ്റ്, കോൺഗ്രസ്, ബിജെപി, ഡെമോക്രാറ്റ്, റിപ്പബ്ലിക്കൻ എല്ലാ വിഭാഗത്തിലുള്ള ആളുകളും ഫൊക്കാനയിൽ ഉണ്ട്.





എല്ലാവരെയും ഒരുപോലെ സ്വീകരിക്കുന്ന നിഷ്പക്ഷത യാണ് ഫൊക്കാനയുടെ ശക്തി. അതാണ് സംഘടനയുടെ വിശ്വാസ്യതയും.

**ഫൊക്കാനയിൽ തന്നെ തുടരാൻ തീരുമാനിച്ചതിന് പ്രത്യേക കാരണം ഉണ്ടോ?**

ഫൊക്കാനയോടുള്ള ആത്മബന്ധം തന്നെയാണ് കാരണം. 2006-ലെ സ്പ്ലിറ്റ് അനാവശ്യമായിരുന്നു എന്നാണ് എന്റെ വിശ്വാസം. ഒരു തെരഞ്ഞെടുപ്പിൽ ജയവും പരാജയവും ഉണ്ടാകാം; അതിന്റെ പേരിൽ സംഘടന പിളരരുത്. മലയാളികളെ ഏകീകരിച്ച ഒരു സംഘടനയാണ് ഫൊക്കാന. അതിൽ നിന്ന് മാറാൻ എനിക്ക് ഒരിക്കലും തോന്നിയിട്ടില്ല. അമേരിക്കയുടെ മുൻ അംബാസഡറും ഇന്ത്യയുടെ രാഷ്ട്രപതിയും ആയിരുന്ന ബഹു. കെ ആർ നാരായണന്റെ സാന്നിധ്യത്തിൽ ഡോ. അനിരുദ്ധനും കുറെ നല്ല ദേശസ്നേഹികളും ചേർന്ന് തുടങ്ങിയ ഈ മഹത്തായ സംഘടന എന്നും എനിക്ക് ഒരാവേശമാണ്. മലയാളി സമൂഹത്തിൽ നന്മ ചെയ്യുന്ന ഈ സംഘടന മലയാളികളുടെ അഭിമാനമാണ്. ഇതിൽ നിന്നും പിന്മാറുക എന്നത് എന്നെസംബന്ധിച്ച് ഒരിക്കലും സാധ്യമല്ല.

**ഇത്തവണത്തെ തിരഞ്ഞെടുപ്പിനെക്കുറിച്ചുള്ള ആത്മവിശ്വാസം?**


16 റീജിയനുകളിലുടനീളം ശക്തമായ പിന്തുണയുണ്ട്. വിവിധ മേഖലകളിൽ പ്രാവീണ്യമുള്ള,പേര് സൂചിപ്പിക്കുന്നതുപോലെ ഇന്റഗ്രിറ്റി ഉള്ള ഒരു മികച്ച ടീമാണ് എന്റെ കൂടെ. ആത്മവിശ്വാസത്തോടെ തന്നെയാണ് മുന്നോട്ട് പോകുന്നത്. വിജയത്തിൽ കുറഞ്ഞ ഒന്നും ചിന്തിക്കുന്നില്ല. അതിന്റെ കാരണം, ഫൊക്കാന അംഗങ്ങൾക്കും അംഗ സംഘടനകൾക്കും എന്നിലുള്ള വിശ്വാസവും, എന്റെ പ്രവർത്തനങ്ങളുടെ സാക്ഷ്യവുമാണ്. നല്ലവരായ ഫൊക്കാന സ്നേഹിതരുടെ അകമഴിഞ്ഞ പിന്തുണയ്ക്കും സ്നേഹത്തിനും നന്ദി അറിയിക്കാനും ഈ അവസരം ഞാൻ വിനിയോഗിക്കുന്നു.

**ഫൊക്കാനയിൽ തുടർച്ചയായി വ്യവഹാരങ്ങൾ നടക്കുന്നുവല്ലോ. അതിനെ എങ്ങനെയാണ് നേരിട്ടത്?**

2018-ലെ ഇലക്ഷനിൽ പരാജയപ്പെട്ട ഒരു വ്യക്തിയും മറ്റുചില സ്വാർത്ഥ താത്പര്യക്കാരുമാണ് കേസിന് തുടക്കംകുറിച്ചത്. ഫൊക്കാനയ്ക്ക് എതിരായി ലോവർ കോർട്ടിലും സുപ്രീം കോർട്ടിലും ആയി 7-ഓളം കേസുകൾ നടന്നു.

ഫൊക്കാനയെ സ്നേഹിക്കുന്ന ഒരുകൂട്ടം ആളുകളുടെ സാമ്പത്തികവും ധാർമ്മികവുമായ പിന്തുണയോടുകൂടി ഈ കേസുകൾ എല്ലാംതന്നെ പരാജയപ്പെടുത്തുന്നതിൽ ലീഗൽ കോർഡിനേറ്ററായി മുന്നിൽ നിന്നു പ്രവർത്തിക്കുവാൻ സാധിച്ചത് വലിയ അഭിമാനമായി ഞാൻ കരുതുന്നു. പല പ്രാവശ്യം തോൽക്കുകയും, പല വട്ടം കേസുകൊടുക്കുകയും ചെയ്ത വ്യക്തിയാണ് ഫൊക്കാനയ്ക്കുവേണ്ടി എട്ടു കൊല്ലം നിരന്തരമായി പോരാടിയ വ്യക്തിക്കെതിരേ മത്സരിക്കുന്നു എന്നതാണ് ഈ വരുന്ന ഇലക്ഷനിലെ ഏറ്റവും വലിയ തമാശ!




Heart to Heart
JEWELLERY COLLECTION
225+
DESIGNS
STARTING FROM
USD 310
*T&C Apply
FREE WATCH
Calvin Klein
ANNE KLEIN
*On purchase of diamond Heart to Heart jewellery collection
Offer valid till 15th February 2026
KNOW MORE
MALABAR
GOLD & DIAMONDS

# റവ. ഫാ. അലക്സാണ്ടർ ജെയിംസ് കുര്യനെ വരവേറ്റ് കോഴഞ്ചേരി




കോഴഞ്ചേരി: ലോകപ്രശസ്തമായ മാരാമൺ കൺവെൻഷൻ യുവവേദിയിൽ ഇന്ന് (ശനി) ഉച്ചകഴിഞ്ഞ് 4 മണിക്ക് മുഖ്യപ്രഭാഷണം നടത്തുന്ന റവ. ഫാ. അലക്സാണ്ടർ ജെയിംസ് കുര്യന് കോഴഞ്ചേരിയിലെ കോലത്ത് തറവാട്ടിൽ ഊഷ്മളമായ സ്വീകരണം നൽകി ആദരിച്ചു.

വൈറ്റ് ഹൗസ് ഫെയ്ത്ത് ഓഫീസ് ലിയാസൺ, സീനിയർ എക്സിക്യൂട്ടീവ് ഡെപ്യൂട്ടി അസോസിയേറ്റ് അഡ്മിനിസ്ട്രേറ്റർ, യു.എസ്. ഗവൺമെന്റ് (വാഷിംഗ്ടൺ ഡി.സി., യു.എസ്.എ.) എന്നീ പ്രമുഖ നിലകളിൽ സേവനം ചെയ്യുന്ന റവ. ഫാ. അലക്സാണ്ടർ ജെയിംസ് കുര്യനെ ആദരിക്കുന്നതിനായി സംഘടിപ്പിച്ച സ്നേഹസമ്മേളനത്തിൽ വിവിധ മേഖലകളിലെ പ്രമുഖർ പങ്കെടുത്തു.

പ്രസ്തുത സ്നേഹസംഗമത്തിൽ ഡോ. കെ. എം. ചെറിയാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന്റെ മാനേജിംഗ് ഡയറക്ടർ ഫാ. അലക്സാണ്ടർ കൂടാരം, വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ വൈസ് പ്രസിഡന്റ് ജെയിംസ് കൂടൽ, WMC ഖത്തർ പ്രൊവിൻസ് വനിതാ ഫോറം പ്രസിഡന്റ് ശ്രീമതി ഷീലാ ഫിലിപ്പോസ്, FOMAA (USA) സ്ഥാപക നേതാവ് ശശിധരൻ നായർ, റോയ് മുത്തൂട്ട്, റിട്ട. പോലീസ് സൂപ്രണ്ട് പി. എസ്. സുരേഷ് കുമാർ, ജില്ലാ കാൻസർ സെന്റർ ഡയറക്ടർ ഡോ. ശശിധരൻ പിള്ള, മുൻ പഞ്ചായത്ത് പ്രസിഡന്റ് റോയ് ഫിലിപ്പ്, ശ്രീമതി ബിന്ദു പ്രസാദ്, റെജി താഴമൺ, ബിജലി പി. ഈശോ, ജിജി നെടുമണ്ണിൽ, ജിബു ജോൺ, ബാബു ചെന്നാട്ട്, ജോർജ് മാത്യു, മോട്ടി പുളിമൂട്ടിൽ, മാമ്മൻ കൊണ്ടൂർ കുര്യൻ പ്രക്കാനം (കാനഡ), ഷാജി പുളിമൂട്ടിൽ, അനിൽ തൊള്ളായിരക്കുഴിയിൽ, മോട്ടി ചെറിയാൻ, വിജോ പൊയ്യാനിൽ, ജോജി കോലത്ത്, രാജൻ ആശാരത്ത്, ബാബു ചെമ്പോലിൽ, സാംകുട്ടി ചെറുകര, പ്രൊഫ. ഫിലിപ്പ് പാറെപ്പാട്ട്, ലില്ലി ജോർജ്, ശാന്തമ്മ ഏബ്രഹാം, വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ ഗുഡ്‌വിൽ അംബാസഡർ ജോസ് കോലത്ത്,

രാജൻകുട്ടി കാഞ്ഞിരമണ്ണിൽ, ആൽവിൻ വർഗീസ്, റോജി കോശി എന്നിവർ ഉൾപ്പെടെ വിവിധ രംഗങ്ങളിൽ പ്രവർത്തിക്കുന്നവർ പങ്കെടുത്തു.

ഈ വർഷം മാരാമൺ കൺവെൻഷനിൽ പങ്കെടുക്കാൻ അവസരം ലഭിച്ചത് ജീവിതത്തിലെ മഹാഭാഗ്യമായി കരുതുന്നതായി റവ. ഫാ. അലക്സാണ്ടർ ജെയിംസ് കുര്യൻ പറഞ്ഞു. ദൈവത്തിന്റെ മഹത്വം എപ്പോഴും ദൈവത്തിനുതന്നെയാണെന്നും വിനയത്തോടെയും ആത്മാർത്ഥമായ സേവനത്തോടെയും മുന്നോട്ട് പോകണമെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു.

സ്നേഹവും ആത്മീയതയും നിറഞ്ഞ സാന്നിധ്യമായി മാറിയ ഈ സംഗമം കോഴഞ്ചേരി പ്രദേശത്തിന്റെ സാമൂഹിക-സാംസ്കാരിക രംഗങ്ങളിൽ ശ്രദ്ധേയമായി. വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന വ്യക്തിത്വങ്ങളുടെ സാന്നിധ്യം പരിപാടിയെ കൂടുതൽ ഗൗരവവത്കരിച്ചു.







# ഫൊക്കാനക്ക് അസൂയാവഹമായ നേട്ടം സമ്മാനിച്ച വർഷം: ഒരു തിരിഞ്ഞു നോട്ടം

ശ്രീകുമാർ ഉണ്ണിത്താൻ

നന്മ നിറഞ്ഞ പ്രവർത്തനങ്ങളുടെ 1 വർഷം പിന്നിടുമ്പോൾ, സാമുഖ്യപ്രവർത്തനം, കാരുണ്യ പ്രവർത്തനങ്ങൾ ,കലാ കായിക രംഗങ്ങളിലെ തിളങ്ങുന്ന പ്രവർത്തനങ്ങൾ അങ്ങനെ പ്രവർത്തനങ്ങളുടെ ചരിത്രത്തിൽ മഹത്തായ ഒരു നേട്ടമാണ് പ്രസിഡന്റ് സജിമോൻ ആന്റണിയുടെ നേതൃത്വത്തിൽ കഴിഞ്ഞ വർഷം ഫൊക്കാനക്ക് കൈവരിക്കാനായത്.

കാലത്തിനനുസരിച്ച് നമ്മുടെ കാഴ്ചപ്പാടുകൾ മാറുമ്പോൾ സ്വപ്നങ്ങളും നമ്മുടെ പ്രവർത്തനങ്ങളും അപ്ഡേറ്റ് ചെയ്തു മുന്നോട്ട് പോകുന്ന ഫൊക്കാനയുടെ പ്രവർത്തനം അമേരിക്കയിൽ മാത്രമല്ല നമ്മുടെ നാടായ കേരളത്തിലും ശ്രദ്ധ നേടിയ വർഷമായിരുന്നു 2025. സംഘടനാ പ്രവർത്തനത്തിൽ എന്താണോ ഞങ്ങളിൽ നിന്നും പ്രതീഷിച്ചത് അതിന് പതിൻമടങ്ങു തിരിച്ചു നൽകാൻ സജോമോൻ ആന്റണിയുടെ നേതൃത്വത്തിൽ ശ്രീകുമാർ ഉണ്ണിത്താൻ സെക്രട്ടറി , ജോയി ചാക്കപ്പൻ ട്രഷർ എന്നിവരുടെയും കമ്മിറ്റിയുടെയും കൂട്ടായ പ്രവർത്തനത്തിൽ കഴിഞ്ഞു എന്നത്തിൽ സന്തോഷമുണ്ട്. പ്രധാന പ്രവർത്തനങ്ങളിൽ ചിലത് ....

▶ **ഹാൻഡിങ് ഓവർ** : ന്യൂ ജേഴ്സിയിലെ റോയൽ ആൽബർട്ട് പാലസിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ അഞ്ഞൂറിലധികം ആളുകളെ സാക്ഷിയാക്കി ഡോ. ബാബു സ്റ്റീഫനിൽ നിന്നും ഡോ. സജിമോൻ ആന്റണി പ്രവർത്തന അനുവാദം ഏറ്റുവാങ്ങി. ഫൊക്കാനയുടെ ചരിത്രത്തിൽ ഇത്രയും വലിയ ഒരു പ്രവർത്തന ഉദ്ഘാടനം മുമ്പ് നടന്നിട്ടില്ല.

ഫൊക്കാനയുടെ അഡ്വൈസറി ബോർഡ് നിലവിൽ വന്നു , അത് ഈ കമ്മിറ്റിയുടെ വിശാലപരമായ ഒരു ആശയം നടപ്പാക്കൽ ആയിരുന്നു. ജോൺ പി ജോൺ (ചെയർ), വിനോദ് കെആർകെ (വൈസ് ചെയർ), കാമാൻഡർ ജോർജ് കോരുത് (സെക്രട്ടറി) എന്നിവരെ ഉൾപ്പെടുത്തിയാണ്

▶ **ഫൊക്കാന ഫൗണ്ടേഷൻ പുനസംഘടിപ്പിച്ചു:** ഇലക്ഷന് വരെ ഉണ്ടായിരുന്ന സംഘടനയിലെ വേർതിരുവകൾ ആവിശ്യമില്ല എന്ന് സജിമോൻ ആന്റണിയുടെ നേതൃത്വത്തിൽ ഉള്ള ടീമിന്റെ കൂട്ടമായ തീരുമാനം നടപ്പാകുന്നതായിരുന്നു . ഡോ. മാത്യു വർഗീസ് (ചെയർ), സുധാ കർത്താ (വൈസ് ചെയർ), ചാക്കോ കുര്യൻ (സെക്രട്ടറി), ഡോ. ബ്രിജിത്ത് ജോർജ്, ഷാജു സാം, ജിജി ടോം എന്നിവരും ഉൾപ്പെടെയാണ് ഫൗണ്ടേഷൻ കമ്മിറ്റി.

▶ **മറ്റ് നിയമനങ്ങൾ:** ഫിലിപ്പോസ് ഫിലിപ്പിനെ ലീഗൽ ചെയർമാനായും, സീനിയർ നേതാക്കളായ ലീല മാരേട്ട്, തോമസ് തോമസ്, മാമ്മൻ സി ജേക്കബ്, ജെയ്ബു കുളങ്ങര എന്നിവരെ ട്രസ്റ്റീ ബോർഡിലും നിയമിച്ചു.

▶▶ ഫൊക്കാന സീനിയർ നേതാവായ ജോയി ഇട്ടനെ കേരളാ കൺവെൻഷൻ ചെയർ ആയും ആൽബർട്ട് കണ്ണമ്പള്ളിയെ ഇന്റർനാഷണൽ കൺവെൻഷൻ ചെയർ ആയും നിയമിച്ചു.

▶ **കൺവൻഷൻ ചുമതലകൾ**: സ്കറിയ പെരിയാപ്പുറം, രാജൻ സാമുവൽ, അലക്സ് എബ്രഹാം, ദേവസി പാലാട്ടി (കോ-ചെയേഴ്സ്), മാത്യു ചെറിയാൻ (കോർഡിനേറ്റർ), സജി എം. പോത്തൻ (ബിസിനസ് ഡയറക്ടറി ചെയർമാൻ).




## നയതന്ത്ര ഇടപെടലുകളും ഔദ്യോഗിക കൂടിക്കാഴ്ചകളും

▶ **പ്രധാനമന്ത്രിയുമായുള്ള കൂടിക്കാഴ്ച:** ഡൽഹി സിബിസിഐ ആസ്ഥാനത്ത് വെച്ച് പ്രസിഡന്റ് സജിമോൻ ആന്റണി പ്രധാനമന്ത്രി നരേന്ദ്ര മോദി ജി, കേന്ദ്ര മന്ത്രി ജോർജ് കുര്യൻ, ഡോ. ബിസോയി സോങ്കർ ശാസ്ത്രി എന്നിവരുമായി കൂടിക്കാഴ്ച നടത്തി. നേരിട്ടുള്ള വിമാന സർവീസിനും ഛഇക കാർഡ് പ്രശ്ന പരിഹാരത്തിനുമായി നിവേദനം നൽകി. കഴിഞ്ഞ ദിവസം ഇന്ത്യൻ എമ്പസിയുമായി ബന്ധപ്പെട്ടപ്പോൾ ഡയറക്റ്റ് ഫ്ലൈറ്റ് ഇപ്പോഴും ഗവൺമെന്റിന്റെ പരിഗണനയിൽ ഉണ്ട് എന്ന് അറിയുവാൻ സാധിച്ചു.

▶▶ ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി ഇന്ത്യയുടെ ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണനുമായി ഡൽഹിയിൽ ഉപരാഷ്ട്രപതിയുടെ വസതിയിൽ കൂടികാഴ്ച നടത്തി. രാജ്യത്തെയും അമേരിക്കയിലെയും രാഷ്ട്രീയവും സാമൂഹ്യവുമായ കാര്യങ്ങൾ ചർച്ച ചെയ്യുകയും അഭിപ്രായങ്ങൾ പങ്കുവെക്കുകയും ചെയ്തു. ചർച്ച 25 മിനിറ്റോളം നീണ്ടു നിന്നു. ബഹുമാന്യനായ ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണനെ ഫൊക്കാനയുടെ 2026 ഓഗസ്റ്റ് 6 തീയതി മുതൽ 9 വരെ കലഹരി റിസോർട്ടിൽ വെച്ച് നടക്കുന്ന കൺവെൻഷനിലേക്കു ക്ഷണിക്കുകയും ആ ക്ഷണം അദ്ദേഹം അനുഭാവപൂർവം സ്വീകരിക്കയും ചെയ്തു. ഫൊക്കാനയുടെ പ്രവർത്തനങ്ങളെ ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ അനുമോദിക്കുകയും ചെയ്തു.

▶▶ രാഹുൽ ഗാന്ധി സന്ദർശനം: ഇന്ത്യൻ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയെ സന്ദർശിക്കുകയും കൺവൻഷനിലേക്ക് ക്ഷണിക്കുകയും ചെയ്തു.

▶▶ ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി രാജ് ഭവനിൽ എത്തി ഗവർണ്ണറുമായി കൂടികാഴ്ച നടത്തുകയും അദ്ദേഹത്തെ ഫൊക്കാന കൺവെൻഷനിലേക്കു ക്ഷണിക്കുകയും ഫൊക്കാനയുടെ പ്രവർത്തനങ്ങളെ പറ്റി വിവരിക്കുകയും ചെയ്തു.

▶▶ കേരള സർക്കാർ: മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രിമാരായ കെ എൻ ബാലഗോപാൽ, ആർ. രാജൻ, വി.എൻ. വാസവൻ, വീണാ ജോർജ്, ഗണേഷ് കുമാർ , ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ തുടങ്ങിയവരുമായി കൂടിക്കാഴ്ച നടത്തി ഫൊക്കാനയുടെ പ്രവർത്തനങ്ങൾ വിവരിച്ചു.

▶▶ അംബാസഡർമാർ: മന്ത്രി വി.എൻ. വാസവനെ ഫൊക്കാന കേരളാ അംബാസഡറായും ( ചരിത്രത്തിൽ ആദ്യമായാണ് ഒരു മന്ത്രി ഇങ്ങനെ ഒരു പൊസിഷൻ ഏറ്റെടുക്കുന്നത് ) ഷീബ അമീറിനെ വിമൻ

സ് ഫോറം കേരള അംബാസ്സഡറായും നിയമിച്ചു.

ഇന്റർനാഷണൽ കോർഡിനേറ്റർ ആയി പോൾ കറുകപ്പള്ളിൽ , കേരളാ കൺവെൻഷൻ കോർഡിനേറ്റർ ആയി ഡോ. മാത്യു ലുക്ക് മന്നിയോട്ട് , കേരള കോർഡിനേറ്റർ ആയി സുനിൽ പാറക്കൽ എന്നിവരെയും നിയമിച്ചു .

## സേവന പദ്ധതികളും വിപ്ലവകരമായ നേട്ടങ്ങളും

**▶▶ എയർപോർട്ട് പ്രിവിലേജ് കാർഡ്:** സിയാലുമായും (CIAL) തിരുവനന്തപുരം എയർപോർട്ടുമായും കരാറിൽ ഏർപ്പെട്ടു. ഫൊക്കാന മെമ്പർമാർക്ക് ഷോപ്പിംഗിൽ 10% മുതൽ 15% വരെ ഡിസ്‌കൗണ്ട് ലഭിക്കുന്ന ചരിത്രപരമായ നേട്ടമാണിത്. എയർപോർട്ടിൽ ഷോപ്പ് ചെയ്ത പലരും അവർക്ക് കിട്ടുന്ന ഡിസ്‌കൗട്ടുകൾ ഏവരെയും അതിശയിപ്പിക്കുന്നതാണ്. നൂറുകണക്കിന് ആളുകൾക്കു ഇതിന്റെ പ്രയയോജനം ലഭിക്കുന്നുണ്ട്.

**▶▶ ഫൊക്കാന ഹെൽത്ത് കാർഡ്:** കേരളത്തിലെ 6 പ്രമുഖ ആശുപത്രികളായ രാജഗിരി, പാലാ മെഡ്സിറ്റി, ബിലീവേഴ്‌സ്, ബേബി മെമ്മോറിയൽ, കിംസ്, കാ്യശത്താസ് എന്നിവയുമായി സഹകരിച്ച് മെഡിക്കൽ കാർഡ് പദ്ധതി ആരംഭിച്ചു. ഒരു ലക്ഷം രൂപവരെ ഡിസ്‌കൗണ്ട് കിട്ടിയ പലരും അവരുടെ സന്തോഷം നമ്മളുമായി പങ്കെവാക്കാറുണ്ട്. ഇതെക്കെ മെമ്പേഴ്സിന് ഫൊക്കാന ഫ്രീ ആയി നൽകുന്നതാണ്. ഫൊക്കാന മെമ്പേഴ്സിന്റെ ഫാമിലിക്കും എലിജിബിൾ ആണ് , അതുകൊണ്ടു ആയിരകണക്കിന് ആളുകൾക്ക് പ്രയോജനം ലഭിക്കുന്നു.

**▶▶ ഭവന നിർമ്മാണം:** ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ ചിറ്റാറിൽ നൽകിയ അര ഏക്കർ സ്ഥലത്ത് ഭവന നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കും. ആർക്കിറ്റെക്ചറൽ പ്ളാൻ അപ്പ്രൂവ് ആയി കിട്ടാൻ വേണ്ടി കാത്തിരിക്കുന്നു, പ്രവർത്തനം ഉടനെ തുടങ്ങും.

**▶▶ ഫൊക്കാന ഹെൽത്ത് ക്ലിനിക്ക്:** ഫൊക്കാനയുടെ ഡ്രീം പ്രൊജെക്ക്ടുകളിൽ ഒന്നായ ഫൊക്കാന ഹെൽത്ത് ക്ലിനിക്ക് ഈ കമ്മിറ്റിയുടെ ഡ്രീം പൊജെക്കുകളിൽ ഒന്നായിരുന്നു. നാട്ടിൽ നിന്നും വരുന്ന ഇൻഷുറൻസ് പരിരക്ഷയില്ലാത്ത ആളുകൾക്കും അതുപോലെ അമേരിക്കയിലുള്ള ഇൻഷുറൻസ് പരിരക്ഷയില്ലാത്ത മലയാളികൾക്ക് ബേസിക് ചികിത്സ നൽകുക എന്ന ലക്ഷ്യത്തോട് ആണ് ഫൊക്കാന ഹെൽത്ത് ക്ലിനിക്ക് നിലവിൽ വന്നിരിക്കുന്നത് . ഇതിന് ന്യൂ ജേഴ്‌സിയിലും ബോസ്റ്റണിലെ ഓഫീസ്‌കൾ പ്രവർത്തനം തുടങ്ങി, മറ്റുള്ള സിറ്റികളിലേക്കും ഓഫീസുകൾ തുടർന്നുകൊണ്ടിരിക്കുന്നു. അമേരിക്കയിലെ എല്ലാ മേജർ സിറ്റികളിലും ഹെൽത്ത് ക്ലിനിക്ക് തുടങ്ങുക എന്നതാണ് ഫൊക്കാനയുടെ ലക്ഷ്യം.

**▶▶ 100 അംഗസംഘടനകൾ:** ഫൊക്കാന ചരിത്രത്തിൽ ആദ്യമായി 100 അംഗസംഘടനകൾ എന്ന നാഴികക്കല്ല് പിന്നിട്ടു. ഇതിന്റെ ഭാഗമായി പുതിയ ലോഗോയും അവതരിപ്പിച്ചു. ലോകത്തിലേക്കും ഏറ്റവും വലിയതും പുരാതനവുമായ സംഘടനയായി ഫൊക്കാന മാറി. ഇപ്പോഴും വളരെ അധികം സംഘടനകൾ മെംബെർഷിപ്പിന് വേണ്ടി അപ്പേഷകൾ നൽകി കാത്തിരിക്കുന്നു.

**▶▶ ഫൊക്കാന മെൻസ് ഫോറം:** വിമെൻസ് ഫോറത്തിനെ പോലെ തന്നെ മെൻസ് ഫോറവും ഫൊക്കാനയിൽ ആരംഭിച്ചു നല്ല പ്രവത്തനവുമായി മുന്നോട്ട് പോകുന്നു.

## അനുശോചനങ്ങളും പ്രാർത്ഥനായോഗങ്ങളും

**▶▶ ടി.എസ്. ചാക്കോ (ചാക്കോച്ചായൻ):** ഫൊക്കാനയുടെ നെടുംതൂണായിരുന്ന അഡ്വൈസറി ബോർഡ് ചെയർമാന് കണ്ണീർ പൂക്കൾ അർപ്പിക്കുകയും സർവ്വമത പ്രാർത്ഥന നടത്തുകയും ചെയ്തു.

**▶▶ ശ്രേഷ്ഠ കാതോലിക്ക ബാവ:** അബൂൻ മാർ ബസേലിയോസ് തോമസ് പ്രഥമൻ ബാവയ്ക്ക് അനുശോചനം രേഖപ്പെടുത്തി.

**ന്ന ഡോ. എം അനിരുദ്ധൻ:** ഫൊക്കാന പ്രഥമ പ്രസിഡന്റിന്റെ നിര്യാണത്തിൽ വിവിധ സഭാപിതാക്കന്മാരെയും അമേരിക്കയിലെ നേതാക്കളെയും പങ്കെടുപ്പിച്ച് ബിഷപ്പ് മാർ ജോയി ആലപ്പാട്ടിന്റെ പ്രാർത്ഥനയോടെ വലിയ അനുശോചന യോഗം നടത്തി.

**▶▶ ഫ്രാൻസിസ് മാർപാപ്പ:** അദ്ദേഹത്തോടുള്ള ആദരസൂചകമായി 2025 ഏപ്രിൽ 27-ന് സർവ്വമത പ്രാർത്ഥന സംഘടിപ്പിച്ചു. കേന്ദ സംസ്ഥാന മന്ത്രിമാരും ഇന്ത്യയിലെയും യൂറോപ്പിലെയും അമേരിക്കയിലെയും മതമേലധ്യക്ഷന്മാരും പങ്കെടുത്ത പ്രാർത്ഥനയോഗം എല്ലാ മതമേലധ്യക്ഷൻമാർ പങ്കെടുത്ത ഒരു വേദിയായിരുന്നു. ആദ്യമായാണ് ഒരു പ്രവാസി സംഘടന എല്ലാ മതമേലധ്യക്ഷന്മാരെയും ഒരേ വേദിയിൽ കൊണ്ടുവരുന്നത് .

**▶▶ വയനാട് ദുരന്തം:** ഉരുൾപൊട്ടൽ ഇരകൾക്കായി പ്രാർത്ഥനായോഗം നടത്തി.

## കേരള കൺവൻഷൻ 2025 (കുമരകം)

ഓഗസ്റ്റ് 1, 2, 3 തീയതികളിൽ കുമരകം ഗോകുലം ഗ്രാൻഡ് റിസോർട്ടിൽ നടന്ന കൺവൻഷൻ ഒരു പ്രവാസി സംഘടനയുടെ ചരിത്രത്തിലെ ഏറ്റവും വലിയ വിജയമായി മാറി. ലോകത്തു ഒരു മലയാളീ

സംഘടനയും നടത്തിയിട്ടില്ലാത്ത ചരിത്ര കൺവെൻഷൻ നടത്തുവാൻ കഴിഞ്ഞു .1000 അധികം ആളുകൾ പങ്കെടുത്തു.

▶▶ **ഉദ്ഘാടനം:** മന്ത്രി വി.എൻ വാസവൻ ഉദ്ഘാടനം ചെയ്തു. മന്ത്രി റോഷി അഗസ്റ്റിൻ,ധനകാര്യ മന്ത്രി ശ്രീ ബാലഗോപാൽ , ചീഫ് സെക്രട്ടറി , ചീഫ് വിപ്പ് എം . പി മാർ , പതിനഞ്ചിൽ അധികം എം എൽ എ മാർ പ്രസിദ്ധ സിനിമ സംവിധയകാൻ അടൂർ ഗോപാലകൃഷ്ണൻ, പ്രഫ.ഗോപിനാഥ് മുതുകാട് തുടങ്ങി നിരവധി പ്രമുഖർ പങ്കെടുത്തു.

▶▶ **സാഹിത്യം:** ജോർജി വർഗീസിന്റെ നേതൃത്വത്തിൽ 'ഭാഷയ്ക്കൊരു ഡോളർ',അവാർഡുകൾ വിതരണം ചെയ്തു . ഫൊക്കാനയുടെ പ്രെസ്റ്റീജിസ് പ്രോഗ്രാം ആയ ഭാഷയ്ക്കൊരു ഡോളർ കേരളത്തിലെ യൂണിവേഴ്സിറ്റികളുമായി സഹകരിച്ചാണ് നടത്തുന്നത്.

▶▶ **ചാരിറ്റി:** 26 വിദ്യാർത്ഥികൾക്ക് 50,000 രൂപ വീതം സ്കോളർഷിപ്പു വിമെൻസ് ഫോറം ചെയർ രേവതി പിള്ളയുടെ നേതൃത്വത്തിൽ വിമെൻസ് ഫോറം സെമിനാറിൽ നൽകി .

▶▶ **ലൈഫ് ആൻഡ് ലിമ്പുമായി സഹകരിച്ചു 44 പേർക്ക് കൃത്രിമക്കാൽ വിതരണവും നടത്തി.** കാലില്ലാതെ വന്ന 44 ആളുകൾ കാലുമായാണ് തിരിച്ചു പോയത് .

നിരവധി ആളുകൾക്ക് ചികിത്സ സഹായവും നൽകിവരുന്നു കൂടാതെ ഓട്ടോ റിക്ഷ നൽകി സഹായവും ചെയ്തു, അങ്ങനെ നിരവധി ആളുകൾക്ക് കൈത്താങ്ങാവുന്ന സംഘടനയായി ഫൊക്കാന മാറി.

▶▶ **സ്വിം കേരളാ സ്വിം:** കേരളത്തിലെ ജലസംബന്ധമായ മുങ്ങിമരണങ്ങൾ നിയന്ത്രിക്കുവാൻ ഫൊക്കാനയുടെ നേതൃത്വത്തിൽ കേരളത്തിലെ വിവിധ ജില്ലകളിൽ കുട്ടികൾക്കും യുവതി യുവാക്കൾക്കുമായി നൽകിവരുന്ന സൗജന്യ നീന്തൽ പരിശീലനമായ സ്വിം കേരളാ സ്വിം. കേരള കൺവെൻഷന്റെ അവസാന ദിവസം എസ്.പി. മുരളീധരന്റെ നേതൃത്വത്തിൽ സ്വിം കേരളാ സ്വിം ട്രെയിൻ ചെയ്ത 150 അധികം കുട്ടികളുടെ നീന്തൽ പ്രകടനം നടന്നു. സ്വിം കേരളാ സ്വിം ന്റെ നാലാം ഘട്ടം പാലാ സെന്റ് തോമസ് കോളേജിന്റെ നീന്തൽകുളത്തിൽ നടത്തി.

▶▶ **ഫൊക്കാന സാഹിത്യ സെമിനാർ:** പ്രസിദ്ധ സാഹിത്യകാരൻ കെ വി മോഹൻ കുമാർ ഐഎഎസ് ന്റെ നേതൃത്വത്തിൽ നടത്തിയ പ്രസിദ്ധ സാഹിത്യകാരന്മാരെ ഉൾപ്പെടുത്തി നടത്തിയ സാഹിത്യ സമ്മേളനം ഏവരുടെയും പ്രശംസ ഏറ്റുവാങ്ങിയ ഒന്നായിരുന്നു . മലയാളത്തെയും മലയാള സാഹിത്യത്തെയും പ്രോത്സാഹിപ്പിക്കുക എന്നത് ഫൊക്കാനയുടെ ഒരു ലക്ഷ്യമാണ് . സാഹിത്യ സമ്മേളനത്തിൽ കേരളത്തിൽ നിന്നുമുള്ള രചനകൾക്ക് അവാർഡുകൾ നൽകി ആദരിച്ചു.

▶▶ **ഫൊക്കാന മീഡിയ സെമിനാർ:** കേരളത്തിലെ പ്രമുഖ മാധ്യമങ്ങളിലെ വ്യക്തികളെ ഒരുവേദിയിൽ കൊണ്ടുവന്നു ചർച്ച നടത്തി. നിർമ്മിത ബുദ്ധിയുടെ കടന്നുകയറ്റത്തെക്കുറിച്ച് ആയിരുന്ന ചർച്ച. അനിൽ അടൂർ(ഏഷ്യാനെറ്റ് ന്യൂസ്),ജോസ് പനച്ചിപ്പുറം (മലയാള മനോരമ), ഫാദർ മൈക്കിൾ വെട്ടിക്കാട്ട് (ദീപിക ) പി .പി ജെയിംസ് (24 ന്യൂസ് ) ശരത്ചന്ദ്രൻ(കൈരളി), ബൈജു കൊട്ടാരക്കര (സംവിധായകൻ), റോമി മാത്യു (മനോരമ),പ്രമേഷ് കുമാർ (മാതൃഭൂമി),ജോർജ്ജ് ജോസഫ്( ഇ-മലയാളി)തുടങ്ങിയവർ തങ്ങളുടെ അഭിപ്രായങ്ങൾ വ്യക്തമാക്കി.ക്രിസ്റ്റീന ചെറിയാൻ (24 ന്യൂസ്) ആയിരുന്നു എം സി .

▶▶ ഫൊക്കാന എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് പ്രവീൺ തോമാസിന്റെ നേതൃത്വത്തിൽ നടന്ന ബിസിനസ്സ് സെമിനാർ ശ്രദ്ധേയമായി.

ഡ്രഗ്സ്നെതിരെ ഫൊക്കാനയും കേരളാ ഗവൺമെന്റും ലേബർ ഇന്ത്യ സ്കൂളുകളുമായി സംയുക്ത സംരംഭം വളരെ വിജയമായിരുന്നു . ഫൊക്കാന കേരള കൺവെൻഷൻ ഡ്രഗ്സ്നെതിരെ ഒരു വിളംബരത്തോടു കൂടിയാണ് തുടങ്ങിയത്. കൺവെൻഷൻ തീം തന്നെ ഡ്രഗ്സ്നെതിരെ ആയിരുന്നു . യുവാക്കളിൽ ഡ്രഗ്സ്നെതിരെ ഒരു അവബോധം ഉണ്ടാക്കുക എന്നതായിരുന്നു ലക്ഷ്യം.

ഫൊക്കാനയുടെ വിവിധ കമ്മിറ്റികളുടെ നേതൃത്വത്തിൽ നിരവധി എഡ്യൂക്കേഷണൽ സെമിനാറുകളും മിക്ക ആഴ്ചകളിലും നടത്തിവരുന്നു. ഫൊക്കാന വിമെൻസ് ഫോറം നടത്തുന്ന വെബിനാറുകൾ നിരവധിയാണ് . ഫൊക്കാനയുടെ നേതൃത്വത്തിൽ നടത്തിയ ഇമിഗ്രേഷൻ വെബ്ബിനാർ അമേരിക്കയിലെ പ്രമുഖരായ ഇമിഗ്രേഷൻ ലോയർമാരെ ഉൾപ്പെടുത്തി നടത്തിയത് വളരെയധികം ഇൻഫൊർമേറ്റീവ് ആയിരുന്നു.

ഫൊക്കാന മെഡിക്കൽ കാർഡ് ആൻഡ് പ്രിവിലേജ് കാർഡ് ഡിസ്ട്രിബ്യൂഷൻ:

കേരളത്തിലും അമേരിക്കയുടെയും വിവിധ സ്ഥലങ്ങളിൽ എയർപോർട്ട് പ്രിവിലേജ് കാർഡും മെഡിക്കൽ കാർഡും വിതരണം നടന്നു.

1.കരിമ്പനി , കോട്ടയം ബ്ലെസ്സഡ് സ്ക്രീമെന്റ് ചർച്ചിൽ പ്രസിഡന്റ് സജിമോൻ ആന്റണിയുടെ നേതൃത്വത്തിൽ.

2. പാലായിൽ റീജണൽ വൈസ് പ്രസിഡന്റ് സന്തോഷ് നായരുടെ നേതൃത്വത്തിൽ.

3. ചെങ്ങമനാട് നാഷണൽ കമ്മിറ്റി മെമ്പർ മനോജ് മാത്യുവിന്റെ ലീഡർഷിപ്പിൽ.

4. അടൂരിൽ വിമെൻസ് ഫോറം ചെയർ രേവതി പിള്ളയുടെ നേതൃത്വത്തിൽ.

5. തിരുവല്ലയിൽ മുൻ പ്രസിഡന്റ് ജോർജി വർഗീസിന്റെ നേതൃ

ത്വത്തിൽ നടന്നു.

6. വെസ്റ്റ്ചെസ്റ്ററിൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താന്റെ നേതൃത്വത്തിൽ നടന്നു.

7. ന്യൂ ജേസിയിൽ പ്രസിഡന്റ് സജിമോൻ ആന്റണയിയുടെ നേതൃത്വത്തിൽ നടന്നു.

8. കണക്ടിക്കട്ടിൽ തങ്കച്ചൻ ജോസഫിന്റെ നേതൃത്വത്തിൽ നടന്നു.

9. ഫിലാഡൽഫിയയിൽ റീജണൽ വൈസ് പ്രസിഡന്റ് ഷാജി സാമുവലിന്റെ നേതൃത്വത്തിൽ നടന്നു.

10. ഫിലാഡൽഫിയയിൽ നാഷണൽ കമ്മിറ്റി മെംബർ സുധീപ് നായരുടെ നേതൃത്വത്തിൽ നടന്നു

11. ഫിലാഡൽഫിയ പമ്പയിൽ ഫൌണ്ടേഷൻ വൈസ് ചെയർ സുധാ കർത്തയും രാജൻ ശാമുവേലിന്റെയും നേതൃത്വത്തിൽ നടന്നു

12. ചിക്കാഗോയിൽ റീജണൽ വൈസ് പ്രസിഡന്റ് സന്തോഷ് നായരുടെ നേതൃത്വത്തിൽ നടന്നു.

13. മയാമിയിൽ മുൻ പ്രസിഡന്റ് ജോർജി വർഗീസിന്റെയും ട്രസ്റ്റീ ബോർഡ് മെംബർ മാമ്മൻ സി ജേക്കബിന്റെയും നേതൃത്വത്തിൽ നടന്നു

14. കാനഡയിൽ റീജണൽ വൈസ് പ്രസിഡന്റ് ജോസ്സി കരക്കാട്ടിന്റെ നേതൃത്വത്തിൽ നടന്നു.

അങ്ങനെ പതിനായിരത്തിൽ അധികം ആളുകളിൽ മെഡിക്കൽ കാർഡും പ്രിവിലേജ് കാർഡും എത്തിക്കാൻ കഴിഞ്ഞു.

## മറ്റ് പ്രധാന പരിപാടികൾ

▶▶ **റീജിയണൽ ഉൽഘാടനങ്ങൾ** : ന്യൂയോർക്ക് (ലാജി തോമസ്) , ന്യൂ യോർക്ക് (അപ്പ് സ്റ്റേറ്റ് )(ആന്റോ വർക്കി ) ന്യൂജേഴ്സി (കോശി കുരുവിള ), പെൻസൽവേനിയ (ഷാജി ശാമുവേൽ ),വാഷിങ്ടൺ ഡി സി (ബെൻ പോൾ ) , ജോർജിയ (അനിൽ പിള്ളൈ ) , ചിക്കാഗോ (സന്തോഷ് നായർ ), ഫ്ലോറിഡ (ലിൻഡോ ജോളി ), ടെക്സസ് (ഫാൻസിമോൾ പള്ളത്തുമാടം ), കാനഡ (ജോസി കാരക്കാട് ) , ബോസ്റ്റൺ (ധീരജ് പ്രസാദ് ) തുടങ്ങിയ എല്ലാ റീജിയണുകളിലും ആവേശകരമായ ഉദ്ഘാടനങ്ങൾ നടന്നു. എല്ലാ ഉൽഘടനകളും ഫൊക്കാനയുടെ ചരിത്രത്തിൽ നടന്നിട്ടില്ലാത്ത വിധം ഒരു ഫൊക്കാന മിനി കൺവെൻഷൻ ആയിട്ടു തന്നെയാണ് നടന്നത്.

ന്യൂ യോർക്ക് (അപ്പ് സ്റ്റേറ്റ് ) റീജിയന്റെ കല മേളയും റീജണൽ കിക്ക് ഓഫും പ്രൗഢഗംഭീരമായി നടന്നു.

റീജണൽ വൈസ് പ്രസിഡന്റ് ആന്റോ വർക്കിയുടെ നേതൃത്വത്തിൽ നടന്നത് ഒരു വൺഡേ കൺവെൻഷൻ തന്നെയായിരുന്നു.

ഡൽവേയറിൽ നടന്ന ഫൊക്കാന പിക്കിനിക്കിന് ഒരു വേറിട്ട അനുഭവമായിരുന്നു, നാഷണൽ കമ്മിറ്റി മെംബർ അജിത് ചാണ്ടിയും റീജണൽ വൈസ് പ്രസിഡന്റ് ഷാജി ശാമുവേലുന്റെയും നേതൃത്വത്തിൽ ആണ് നടന്നത്.

▶▶ ***വിമൻസ് & യൂത്ത് ഫോറം:*** 250-ലേറെ അംഗങ്ങളുള്ള വിമൻസ് ഫോറവും, 100 ുഹൗെ അംഗ വിപുലമായ യൂത്ത് കമ്മിറ്റിയും (ബ്ലെസൻ മാത്യു ഉൾപ്പെടെയുള്ളവർ) സജീവമായി പ്രവർത്തിക്കുന്നു.

▶▶ **അന്താരാഷ്ട്ര സാന്നിധ്യം:** പ്രസിഡന്റ് സജിമോൻ ആന്റണി ഇംഗ്ലണ്ടിലെ യുക്മ വള്ളംകളിയിലും (രവശലള ഴൗലെ) കാനഡ പാർലമെന്റിലെ ഓണാഘോഷത്തിലും (ഴൗലെ ുലമസലൃ) പങ്കെടുത്തു.

▶▶ **സ്പോർട്സ് ക്ലബ് :** ഫൊക്കാനയുടെ നേതൃത്വത്തിൽ സ്പോർട്സ് ക്ലബ് പ്രവർത്തനം ആരംഭിച്ചു. ഇന്റർനാഷണൽ ക്രിക്കറ്റ് താരമായ ടിനു യോഹന്നാന്റെ നേതൃത്വത്തിൽ ഒരു ക്രിക്കറ്റ് ക്ലബും നിലവിൽ വന്നു .

**ചാരിറ്റി ക്രിക്കറ്റ് ബാഷ്** (ജൂൺ 21) റീജണൽ വൈസ് പ്രസിഡന്റ് ലാജി തോമസിന്റെ നേതൃത്വത്തിൽ നടന്ന ടൂർണമെന്റ് , ചിക്കഗോ വോളിബോൾ ടൂണമെന്റ് റീജണൽ വൈസ് പ്രസിഡന്റ് സന്തോഷ് നായരുടെ നേതൃത്വത്തിൽ നടന്നതും ഫ്ലോറിഡയിൽ റീജണൽ വൈസ് പ്രസിഡന്റ് ലിൻഡോ ജോളിയുടെ നേതൃത്വത്തിൽ നടന്ന സാക്കർ ടൂർണമെന്റ് വൻപിച്ച വിജയമായിരുന്നു.

▶▶ കലഹാരി കൺവൻഷൻ കിക്കോഫ് (മെയ് 10), മിഡ്ടെം ജനറൽ ബോഡി & ഫൊക്കാന ക്ലിനിക്ക് ഉദ്ഘാടനം (നവംബർ 22) എന്നിവയും വിജയകരമായി നടന്നു.

▶▶ ഫൊക്കാനയുടെ ചരിത്രത്തിൽ ആദ്യമായി ഫൊക്കാന കൺവെൻഷന് വേണ്ടി ബുക്ക് ചെയ്ത റൂമുകൾ എല്ലാം ഡിസംബർ 31 ന് (കൺവെൻഷന് 8 മാസം മുൻപ് ) സോൾഡ് ഔട്ട് ആയി ചരിത്രം തിരുത്തി കുറിച്ചിരിക്കുകയാണ്. ഫൊക്കാനയുടെ ഇന്റർനാഷണൽ കൺവെൻഷന് വേണ്ടിയുള്ള പ്രവർത്തനങ്ങളുമായി ഫൊക്കാന മുന്നോട്ട് പോകുന്നു.

ഫൊക്കാനയുടെ ചരിത്രത്തിൽ ഇന്ന് വരെ നടന്നിട്ടില്ലത്ത വിപ്ലകരമായ ഒരു പ്രവർത്തനമാണ് സജിമോൻ ആന്റണിയുടെ നേതൃത്വത്തിൽ നടക്കുന്നത്. ഒരു കമ്മിറ്റി 5 വർഷം കൊണ്ട് ചെയ്തു തീർക്കാത്ത പ്രവർത്തനമാണ് ഈ ഒരു വർഷം കൊണ്ട് നടപ്പാക്കി വരുന്നത്. സർവ മേഖലകളിലും വിപ്ലകരമായ പുരോഗതിയാണ് ഈ സംഘടനയിൽ നടപ്പാക്കി വരുന്നത്. നമ്മുടെ സംഘടന മാതൃകാപരമായ പ്രവർത്തനം കാഴ്ചവെക്കാൻ കഴിയുന്നത് നിങ്ങളുടെ എല്ലാം സഹായ സഹകരണങ്ങൾ കൊണ്ട് കൂടിയാണ്.

ഇനിയും നമുക്ക് ഒരു പാട് മുന്നോട്ട് പോകാനുണ്ട് , ഒരുമിച്ചു പ്രവർത്തിച്ചു നമുക്ക് മുന്നേറാം


NRS PAY
TAP, DIP, SWIPE OR KEY!
ACCEPTING CREDIT CARDS SHOULDN'T BE A JUGGLING ACT!
Simplify your payment acceptance.
अपने हाई क्रेडिट कार्ड प्रोसेसिंग बिलों में कटौती करें।
✔ FREE Credit Card Reader
✔ NO Long-Term Contracts
✔ NO Hidden Fees
✔ NO Early Termination Fee
NRS PAY
nrspay.com
GET STARTED TODAY!
Call (877) 202-8112
or visit nrspay.com
NRS Pay is a service of National Retail Solutions, Inc. Contract required. Certain features are non-standard and may require additional charges. Terms subject to change. National Retail Solutions, Inc. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN, and a registered ISO of Wells Fargo Bank, N.A., Concord, CA. IDT Telecom Canada Corp. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN.

# ഇന്ത്യാ കാത്തലിക് അസോസ്സിയേഷൻ ഓഫ് അമേരിക്ക സോണൽ ഡയറക്ടർമാരെ തെരഞ്ഞെടുത്തു ;

## ഉദ്ഘാടനം ഫെബ്രുവരി 14ന് ബിഷപ്പ് മാർ ജോസ് കല്ലുവേലിൽ മുഖ്യാതിഥി

ന്യൂ യോർക് : കഴിഞ്ഞ നാലര പതിറ്റാണ്ടിലേറെയായി ട്രൈ സ്റ്റേറ്റ്സിൽ കേരളീയമായ ആരാധന ക്രമത്തിലൂടെ ക്രൈസ്തവ വിശ്വാസവും മാനവികതയും പരിപോഷിപ്പിച്ചു പോരുന്ന ഇന്ത്യാ കാത്തലിക് അസോസ്സിയേഷൻ ഓഫ് അമേരിക്കയുടെ 2026ലെ പ്രവർത്തന ഉദ്ഘാടനം സീറോ മലബാർ കാനഡ രൂപതാധ്യക്ഷൻ ബിഷപ്പ് മാർ ജോസ് കല്ലുവേലിൽ പിതാവ് നിർവ്വഹിക്കും. ഫെബ്രുവരി 14 ശനിയാഴ്ച വൈകുന്നേരം 5.30 നാണ് ഉദ്ഘാടനം.

പ്രസിഡന്റ് ജോസഫ് മാത്യു ഇഞ്ചക്കൽ അധ്യക്ഷത വഹിക്കുന്ന യോഗത്തിൽ സീറോ മലബാർ ലോങ്ങ് ഐലൻഡ് സെന്റ് മേരിസ് വികാരി റെവ.ഫാ. ജോൺസ്റ്റി തച്ചാറ, എൽമന്റ് മലങ്കര കത്തീഡ്രൽ വികാരി റെവ. ഫാ. നോബി അയ്യനേത്ത്, ബ്രൂക്ക്ളിൻ സെന്റ് തോമസ് സിറോ മലബാർ മിഷൻ ഡയറക്ടർ റെവ. ഫാ. ജോണി ചെങ്ങളാൻ സി എം ഐ എന്നിവരും അതിഥികളായി പങ്കെടുത്ത്



ആശംസകൾ അർപ്പിക്കും. ചടങ്ങിൽ ജോസഫ് മാത്യു ഇഞ്ചക്കലിന്റെ നേതൃത്വത്തിലുള്ള പുതിയ കമ്മിറ്റിക്ക് അധികാരം കൈമാറും.

മറ്റു സംഘടനകൾക്ക് മാർഗ്ഗദീപമായി ചാരിറ്റി പ്രവർത്തനത്തിലൂടെ ക്രിസ്തു സ്നേഹം പങ്കുവെക്കുന്ന ഇന്ത്യാ കാത്തലിക് അസോസ്സിയേഷന്റെ പ്രവർത്തന ഉദ്ഘാടനത്തിലേക്ക് ഏവരെയും ക്ഷണിക്കുന്നതായി പ്രസിഡന്റ് റോയ് ആന്റണി ട്രസ്റ്റി ബോർഡ് ചെയർമാൻ ലിജോ ജോൺ എന്നിവർ അറിയിച്ചു .

സോണൽ ഡയറക്ടർമാരെ തെരെഞ്ഞെടുത്തു.

ന്യൂ യോർക്ക് , ന്യൂ ജേഴ്സി ,കണെക്ടിക്കട്ട് സ്റ്റേറ്റ് കളിൽ പ്രവർത്തന മണ്ഡലമുള്ളതും സീറോ മലബാർ സീറോ മലങ്കര ലാറ്റിൻ രൂപതാംഗങ്ങളുടെ ഏക സംയുക്ത കൂട്ടായ്മയുമായ ഇന്ത്യാ കാത്തലിക് അസോസ്സിയേഷന്റെ ആറ് സോണലുകളിൽ നിന്നുള്ള സോണൽ ഡയറക്ടർമാരെ പ്രസിഡന്റ് റോയ് ആന്റണിയുടെ അധ്യക്ഷതയിൽ കൂടിയ ബോർഡ് ഓഫ് ട്രസ്റ്റീയുടെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും സംയുക്ത യോഗത്തിൽ തെരെഞ്ഞെടുത്തു.

ഷാജി സക്കറിയ , ഷൈജു കളത്തിൽ ,തോമസ് സാമൂൽ , ഫ്രാങ്ക്ളിൻ തോമസ് , ജോർജ് കരോട്ട്, സിസിലി പഴയമ്പള്ളിൽ , ജോസ് അഗസ്റ്റിൻ ഞാറാകുന്നേൽ, ബെൻ മാമ്മൻ, ജോഫ്രിൻ ജോസ്, ജോർജ്കുട്ടി,ബാബു ജോസഫ്, അലോഷ്യസ് അറുകാട്ടിൽ എന്നിവരെ തെരെഞ്ഞെടുത്തതായി സെക്രട്ടറി തോമസ് പ്രകാശ് അറിയിച്ചു .

നാളിതുവരെ ഇന്ത്യാ കാത്തലിക് അസോസ്സിയേഷന്റെ പ്രവർത്തനങ്ങൾക്ക് നിർലോഭമായ സഹകരണം നൽകിയ എല്ലാവരെയും ചാരിറ്റി പ്രവർത്തനങ്ങളിൽ പങ്കാളികളാവാനും ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുക്കുവാനുമായി സ്നേഹപൂർവം ക്ഷണിച്ചുകൊള്ളുന്നതായി പ്രസിഡന്റ് ജോസഫ് മാത്യു ഇഞ്ചക്കലും ട്രസ്റ്റീ ബോർഡ് ചെയർമാൻ ആന്റോ വർക്കിയും അറിയിച്ചു .



# അമേരിക്കൻ മലയാളി വനിതയുടെ 10 കോടി രൂപ വിലയുള്ള വീട് തട്ടിയെടുത്ത കേസിൽ വൻ ഗൂഢാലോചന




എ.എസ് ശ്രീകുമാർ

തിരുവനന്തപുരം: അമേരിക്കൻ പൗരത്വമുള്ള മലയാളിയുടെ ഉടമസ്ഥതയിൽ കവടിയാർ ജവഹർ നഗറിലെ കണ്ണായ സ്ഥലത്തുള്ള 14 സെന്റ് സ്ഥലവും ബഹുനില വീടും വ്യാജ രേഖയുണ്ടാക്കി തട്ടിയെടുത്ത് വിലയാധാരമാക്കിയ കേസിലെ വൻ ഗൂഢാലോചന പുറത്തുവന്നു. അമേരിക്കയിലെ സ്ഥിര താമസക്കാരിയായ ഡോറ അസറിയ ക്രിപ്സ് എന്ന വീട്ടുടമ അറിയാതെ വ്യാജ തിരിച്ചറിയൽ രേഖകൾ ഉപയോഗിച്ച് വീടും സ്ഥലവും ആൾമാറാട്ടം നടത്തി വില്പന നടത്തിയെന്നാണ് കേസ്. ഡോറയായി ആൾമാറാട്ടം നടത്തിയത് മണ്ണന്തല സ്വദേശിനി വസന്ത എന്ന സ്ത്രീയാണ്. ഡോറയുടെ വളർത്തുമകളായി കൊല്ലം ജില്ലയിലെ മെറിൻ ജേക്കബും രംഗത്തുവന്നു. ഡോറ അസറിയ ക്രിസ്പിന് പിതാവ് നൽകിയ സ്വത്താണിത്.

വ്യാജ രേഖകളാണെന്നറിഞ്ഞിട്ടും സ്ഥലം രജിസ്റ്റർ ചെയ്യാൻ കൂട്ടുനിന്ന ശാസ്തമംഗലം, സ്റ്റേറ്റ് ഇൻഫർമേഷൻ ഓഫീസറും സബ് രജിസ്ട്രാറുമായ കെ.എസ്. ലക്ഷ്മിയെ കഴിഞ്ഞ ദിവസം അറസ്റ്റ് ചെയ്തിരുന്നു. കോൺഗ്രസ് നേതാവ് അനന്തപുരി മണികണ്ഠൻ, വ്യവസായി അനിൽ തമ്പി, സെയ്ദാലി തുടങ്ങിയവരും പിടിയിലായി. ഇവരെല്ലാം ഉൾപ്പെട്ട വലിയൊരു സംഘമാണ് ഏവരെയും ഞെട്ടിച്ച ആസൂത്രിതമായ തട്ടിപ്പിന് പിന്നിൽ. വീടിന്റെ യഥാർത്ഥ ഉടമ ഡോറ ക്രിപ്സിന്റെ ബന്ധു അമർനാഥ് പോൾ കഴിഞ്ഞ വർഷം ഏപ്രിലിൽ കരമടയ്ക്കാൻ ബന്ധപ്പെട്ട ഓഫീസിൽ ചെന്നപ്പോഴാണ് വസ്തു കൈമാറ്റം ചെയ്ത വിവരം അറിയുന്നത്.

ഇത് ഡോറയുടെ പേരിലുള്ള വസ്തുവല്ലെന്നും ജവഹർ നഗറിലുള്ള ചന്ദ്രസേനനാണ് ഉടമയെന്നും അധികൃതർ വ്യക്തമാക്കി. തുടർന്ന് അമർനാഥ് പോൾ മ്യൂസിയം പോലീസ് സ്റ്റേഷനിൽ പരാതി നൽകി. അവർ ശാസ്തമംഗലത്തെ പി.ജി.പി

ലെയ്നിലുള്ള സബ് രജിസ്ട്രാർ ഓഫീസിലെത്തി രേഖകൾ പരിശേധിച്ചപ്പോൾ, വസ്തു ചന്ദ്രസേനൻ എന്നയാൾക്ക് കൊല്ലം സ്വദേശിയായ മെറിൻ ജേക്കബ് 17-01-2025-ന് ഒന്നരക്കോടി രൂപയ്ക്ക് വിലയാധാരമായി നൽകിയെന്ന് കണ്ടെത്തി. തൊട്ടുമുമ്പുള്ള പ്രമാണം പോലീസ് പരിശോധിച്ചപ്പോഴാണ് മറ്റൊരു വിവരമറിഞ്ഞത്. വസ്തു ചന്ദ്രസേനന് രജിസ്റ്റർ ചെയ്തു കൊടുക്കുംമുമ്പ് മറ്റൊരു ഇടപാടും നടന്നിരുന്നു.

അതായത് രജിസ്ട്രേഷന് രണ്ടാഴ്ച മുമ്പ് അമേരിക്കയിൽ നിന്ന് ഡോറ അസറിയ ക്രിപ്സ് തിരുവനന്തപുരത്ത് എത്തിയെന്നും തന്റെ വീടും സ്ഥലവും വളർത്തുമകളായ മെറിൻ ജേക്കബിന് ഇഷ്ടദാനമായി എഴുതിക്കൊടുത്തുവെന്നും പോലീസ് കണ്ടെത്തി. എന്നാൽ ഡോറ നാട്ടിൽ വന്നിട്ടില്ലെന്ന് അമർനാഥ് പോൾ ഉറപ്പിച്ചു പറഞ്ഞു. ഇതോടെ പോലീസ് ഡോറയെ വീഡിയോ കോളിൽ ബന്ധപ്പെട്ടപ്പോഴാണ് കള്ളക്കളിയുടെ ചുരുളുകൾ അഴിയുന്നത്. 2013-ന് ശേഷം ഡോറ ക്രിപ്സ് കേരളത്തിലെത്തിയിട്ടില്ല.

സംഭവത്തിന്റെ വേറൊരു സീൻ ഇങ്ങനെ. വ്യവസായിയും ഉന്നതങ്ങളിൽ സ്വാധീനമുള്ള വ്യക്തിയുമായ അനിൽ തമ്പിയുടെ എൻട്രിയാണിത്. ഡോറയുടെ തൊട്ടടുള്ള ഫ്ളാറ്റിലാണ് ഇയാളുടെ താമസം. താൻ നിത്യവും കാണുന്ന ഡോറയുടെ പുരയിടം ആളനക്കമില്ലാതെ അടഞ്ഞു കിടക്കുന്നതിനെപ്പറ്റി അനിൽ തമ്പി




**ലക്ഷ്മിയും അനന്തപുരി മണികണ്ഠനുമായി നിരന്തരം ഫോണിൽ സംസാരിച്ചതിന്റെ സൈബർ തെളിവുകൾ പോലീസിന് ലഭിച്ചു. തട്ടിപ്പിന് കൂട്ടുനിൽക്കാൻ മണികണ്ഠനിൽ നിന്ന് ലക്ഷ്മി 10 ലക്ഷം രൂപയും വിലകൂടിയ 10 സ്മാർട്ട് ഫോണുകളും കൈക്കൂലിയായി വാങ്ങിയെന്ന് പോലീസ് കണ്ടെത്തി.**

ഒരന്വേഷണം നടത്തി. പുരയിടത്തിന്റെ ഉടമ അമേരിക്കയിലാണെന്നും നാട്ടിലേയ്ക്ക് വരാറില്ലെന്നും ഇനി വരാൻ യാതൊരു സാധ്യതയില്ലെന്നും അനിൽ തമ്പി മനസിലാക്കി. 2013 മുതൽ വസ്തു കൈവശപ്പെടുത്തണമെന്ന് ആഗ്രഹമുള്ള അനിൽ തമ്പി പലവട്ടം വസ്തു വാങ്ങുന്നതിനെക്കുറിച്ച് ആവശ്യപ്പെട്ടിട്ടും ഉടമ വിൽക്കാൻ തയാറായിരുന്നില്ല. അങ്ങനെയാണ് പൊന്നുംവിലയുള്ള വസ്തു സ്വന്തമാക്കാൻ അനിൽ തമ്പി ജില്ലാ കോൺഗ്രസ് കമ്മിറ്റി അംഗവും വെണ്ടറുമായ അനന്തപുരി മണികണ്ഠനെ സമീപിച്ചതും ഗൂഢാലോചന തുടങ്ങിയതും. അനിൽ തമ്പി കടക്കെണിയിലായിരുന്ന മണികണ്ഠന് 40 ലക്ഷം രൂപ അഡ്വാൻസ് നൽകുകയും ചെയ്തു.

മണികണ്ഠനാണ് പിന്നെ കരുക്കൾ നീക്കിയത്. ഇയാൾ തന്റെ സുഹൃത്ത് സുനിൽ തോമസ് വഴി ഡോറയുമായി മുഖ സാദൃശ്യമുള്ള തിരുവനന്തപുരം നഗരത്തിനടുത്തുള്ള മണ്ണന്തലയിലെ വസന്തയെ കണ്ടെത്തി. മറ്റൊരു സുഹൃത്തും നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയുമായ സെയ്ദാലിയാണ് അയാളുടെ സ്ഥാപനത്തിൽ ജോലി ചെയ്തിരുന്ന കൊല്ലം സ്വദേശി മെറിനെ ആൾമാറാട്ടത്തിനായി ഏർപ്പാടാക്കിയത്. സെയ്ദാലി ഡോറയുടെയും മെറിന്റെയും വ്യാജ ആധാർ കാർഡുണ്ടാക്കി. അങ്ങനെ ഡോറയായി വസന്തയും വളർത്തുമകളായി മെറിനും ശാസ്തമംഗലത്തെ സബ് രജിസ്ട്രാർ ഓഫീസിലെത്തി. ഒരു കുഴപ്പവുമില്ലാതെ വ്യാജ ഇഷ്ടദാനം രജിസ്റ്റർ

> **തട്ടിപ്പ് പുറത്തയപ്പോൾ രജിസ്ട്രേഷൻ വകുപ്പ് അന്വേഷണം പ്രഖ്യാപിക്കുകയും അന്വേഷണ ഉദ്യോഗസ്ഥയായി ശാസ്തംഗലം സബ് രജിസ്ട്രാർ കെ.എസ് ലക്ഷ്മിയെ ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ ലക്ഷ്മിയുടെ അന്വേഷണ റിപ്പോർട്ട് തൃപ്തികരമല്ലായിരുന്നു.**


ചെയ്തു. രണ്ടാഴ്ചയ്ക്ക് ശേഷം മെറിൻ ഒന്നര കോടി രൂപയ്ക്ക് അനിൽ തമ്പിയുടെ ഭാര്യ പിതാവായ ചന്ദ്രസേനന് വ്യാജ വിലയാധാരം എഴുതി നൽകുകയായിരുന്നു. തുടർന്ന് മതിലിൽ സ്ഥാപിച്ച ഡോറയുടെ പേരുള്ള ശിലാഫലകം തകർക്കുകയും 'ശിവകൃപ' എന്നൊരു നെയിം ബോർഡ് സ്ഥാപിക്കുകയും ചെയ്തു. വീട്ടിൽ ചില നിർമാണ പ്രവർത്തനങ്ങളും തുടങ്ങി.

കഥ ഇവിടെ അവസാനിക്കുന്നില്ല. പ്രമാണം പരിശോധിച്ചപ്പോൾ രേഖകൾ എല്ലാം വ്യാജമാണെന്ന് പോലീസിന് വ്യക്തമായി. തട്ടിപ്പ് പുറത്തയപ്പോൾ രജിസ്ട്രേഷൻ വകുപ്പ് അന്വേഷണം പ്രഖ്യാപിക്കുകയും അന്വേഷണ ഉദ്യോഗസ്ഥയായി ശാസ്തംഗലം സബ് രജിസ്ട്രാർ കെ.എസ് ലക്ഷ്മിയെ ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ ലക്ഷ്മിയുടെ അന്വേഷണ റിപ്പോർട്ട് തൃപ്തികരമല്ലായിരുന്നു. പിന്നീട് നടന്ന പോലീസ് അന്വേഷണത്തിൽ പ്രതികൾ ഒന്നൊന്നായി അറസ്റ്റ് ചെയ്യപ്പെട്ടതോടെ ഭൂമി കുംഭകോണത്തിന്റെ വിവരങ്ങൾ പുറത്തുവരികയായിരുന്നു. മണികണ്ഠനും ലക്ഷ്മിയും 2025 ജനുവരി 27-ന് അനിൽ തമ്പിയുടെ വീട്ടിലെത്തി ഗൂഢാലോചന നടത്തിയെന്നാണ് പോലീസ് കണ്ടെത്തൽ. തുടർന്ന് ശാസ്തമംഗലം റജിസ്ട്രാർ ഓഫിസിന് സമീപം വൈകിട്ട് 7 മുതൽ രാത്രി 10 വരെ ഇവർ ഉണ്ടായിരുന്നതായും ഫോൺ ലൊക്കേഷൻ പരിശോധിച്ച് ഉറപ്പാക്കി. റജിസ്ട്രാർ ഓഫിസിലെ അസിസ്റ്റന്റിന്റെ മൊഴിയും ഇക്കാര്യങ്ങൾ സാധൂകരിക്കുന്നതായിരുന്നു.

പോലീസ് അന്വേഷണം തുടങ്ങിയപ്പോൾ തട്ടിപ്പിന്റെ മുഖ്യ സൂത്രധാരനായ അനന്തപുരി മണികണ്ഠനും അനിൽ തമ്പിയും ഒളിവിൽ പോയിരുന്നു. ഇവർക്കായുള്ള അന്വേഷണത്തിനിടെ വ്യാജ പ്രമാണങ്ങൾ രജിസ്റ്റർ ചെയ്തിരിക്കുന്നത് മണികണ്ഠന്റെ സഹോദരനും ആധാരമെഴുത്തുകാരനുമായ ആറ്റുകാൽ പുത്തൻകോട്ട സ്വദേശി മഹേഷിന്റെ രജിസ്ട്രേഷൻ ഐ.ഡി ഉപയോഗിച്ചാണെന്ന് വ്യക്തമായി. മഹേഷിനെയും മ്യൂസിയം പൊലീസ് പിടികൂടി. പിടിയിലായ മെറിൻ ജേക്കബിന്റേയും വസന്തയുടെയും മൊഴിയിൽ നിന്നാണ് മണികണ്ഠനെ കുറിച്ചുള്ള വിവരങ്ങൾ പോലിസിന് ലഭിക്കുന്നത്. കേസിൽ ഒന്നാം പ്രതിയാണ് ഡോറയുടെ വളർത്തുമകളായി വേഷമിട്ട പുനലൂർ അടയമൺ ചണ്ണപ്പേട്ട മണക്കാട് കോടാലി പുതുപറമ്പിൽ വീട്ടിൽ മെറിൻ ജേക്കബ്.

ഇനിയാണ് ശരിക്കുള്ള ട്വിസ്റ്റ്. കേസിൽ ശാസ്തംഗലം സബ് രജിസ്ട്രാർ ലക്ഷ്മി കൂടി ഇക്കഴിഞ്ഞ 9-ാം തീയതി അറസ്റ്റിലായി. ഇതോടെയാണ് അമ്പരപ്പിക്കുന്ന ഗൂഢാലോചന വെളിച്ചത്തായത്. കേസിലെ ഒൻപതാം പ്രതിയാണ് ലക്ഷ്മി. 14.5 സെന്റ് സ്ഥലവും 10 മുറികളും 6,000 ചതുരശ്രയടി വിസ്തീർണവുമുള്ള വീടുമാണ് വ്യാജരേഖ, ആൾമാറാട്ടം, വ്യാജ ആധാരം എന്നിവ വഴി തട്ടിയെടുക്കാൻ ശ്രമിച്ചത്. ഭൂമിതട്ടിപ്പിന് കൂട്ടുനിന്നു എന്ന് മാത്രമല്ല, പ്രതികൾക്ക് അനുകൂലമായ റിപ്പോർട്ട് കൂടി നൽകിയതിനാലാണ് സബ് രജിസ്ട്രാർ പിടിയിലായത്. അതീവ ഗുരുതരമായ കുറ്റം മറച്ചുവച്ച് വിശ്വസനീയമായ രീതിയിൽ ലക്ഷ്മി അന്വേഷണ റിപ്പോർട്ട് തയാറാക്കി റജിസ്ട്രേഷൻ ഐ.ജി, ജില്ലാ റജിസ്ട്രാർ ഓഫീസർ എന്നിവർക്ക് നൽകുകയായിരുന്നു.

ലക്ഷ്മിയും അനന്തപുരി മണികണ്ഠനുമായി നിരന്തരം ഫോണിൽ സംസാരിച്ചതിന്റെ സൈബർ തെളിവുകൾ പോലീസിന് ലഭിച്ചു. തട്ടിപ്പിന് കൂട്ടുനിൽക്കാൻ മണികണ്ഠനിൽ നിന്ന് ലക്ഷ്മി 10 ലക്ഷം രൂപയും വിലകൂടിയ 10 സ്മാർട്ട് ഫോണുകളും കൈക്കൂലിയായി വാങ്ങിയെന്ന് പോലീസ് കണ്ടെത്തി. കേസിൽ ആൾമാറാട്ടം നടത്തിയവരും ഒത്താശ ചെയ്തവരും ഉൾപ്പെടെ എട്ടുപേരാണ് നേരത്തെ അറസ്റ്റിലായത്. റിമാൻഡിലായ ലക്ഷ്മിയെ തെളിവെടുപ്പിനും ചോദ്യം ചെയ്യലിനുമായി പോലീസ് കസ്റ്റഡിയിൽ വാങ്ങിയിട്ടുണ്ട്.


Shirley A. Abraham
Award Winning
Real Estate Broker
1-516-712-9262
shirley@nycrb.us
www.nycrb.us
NYCRB
Commercial • Investment • Advisory
Long Island | NYC | New York State
We are recognized for disciplined underwriting, deep zoning and redevelopment expertise, and decisive execution.

# ഡി. എം. എ – ക്ക് പുതുനേതൃത്വം




ഡിട്രോയിറ്റ്: മിഷിഗണിലെ ഡിട്രോയിറ്റ് മലയാളി അസോസിയേഷന്റെ 2026 ലേക്കുള്ള ഭരണസമിതിയെ തിരഞ്ഞെടുത്തു. ഡിസംബർ 13ന് നടന്ന വാർഷിക പൊതുയോഗത്തിൽ ഐക്യ കണ്ഠമായാണ് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തത് ചീഫ് ഇലക്ഷൻ ഓഫിസറായി തിരഞ്ഞെടുപ്പ് പ്രക്രിയക്ക് മേൽനോട്ടം വഹിച്ചത് ബിഒടി ചെയർമാൻ സുദർശനകുറപ്പായിരുന്നു.

ബോബി തോമസ് (പ്രസിഡന്റ്), രാജേഷ് നായർ (വൈസ് പ്രസിഡന്റ്), അശോക് ജോർഡൻ (ജനറൽ സെക്രട്ടറി), സദീപ് മുരളീധരൻ (ജോയിന്റ് സെക്രട്ടറി), ഓസ്ബോൺ ഡേവിഡ് (ട്രഷറർ), നാരായണൻ നമ്പൂതിരി (ജോയിന്റ് ട്രഷറർ) എന്നിവരാണ് ഈ വർഷം ഡിഎംഎയുടെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുക. വിമൻസ് ഫോറം പ്രസിഡന്റായി സുമിനി ജോർഡനേയും, സെക്രട്ടറിയായി ജയശ്രീ ബ്രിജേഷിനേയും തിരഞ്ഞെടുത്തു. യൂത്ത് ഫോറം ചെയർമാനായി മാധവ് നായരേയും,


വൈസ് ചെയർമാൻ ആയി മരിയ സ്കറിയയേയുമാണ് തിരഞ്ഞെടുത്തിരിക്കുന്നത്

ഡിഎംഎയുടെ ബോർഡ് ഓഫ് ട്രസ്റ്റി ചെയർമാനായി സുദർശന കുറുപ്പ് , വൈസ് ചെയർമാനായി രാജേഷ് കുട്ടി, സെക്രട്ടറിയായി സൈജൻ കണിയോടിക്കൽ, ബിജു ജോസഫ് (എക്സ് ഒഫീഷ്യോ) എന്നിവർ സേവനമനുഷ്ഠിക്കുന്നു.

ഡിഎംഎയുടെ 2025- ലെ ക്രിസ്മസ് ആഘോഷമായ ഗ്ലോറിയായുടെ ഭാഗമായി നടത്തിയ ചടങ്ങിൽ ബിഒടി ചെയർമാൻ പുതിയ ഭാരവാഹികളെ സദസ്സിന് പരിചയപ്പെടുത്തി. മലയാളികളുടെ സ്പന്ദനങ്ങളെ തൊട്ടറിഞ്ഞ് ഏവർക്കും പ്രയോജനപ്രദമായ പല പുതിയ പദ്ധതികൾ വിഭാവന ചെയ്യുമെന്നും, മലയാള സമൂഹത്തിന്റെ ഉന്നമനമാണ് ഡിഎംഎയുടെ ലക്ഷ്യമെന്നും പുതിയ ഭാരവാഹികൾ അറിയിച്ചു.

സാമൂഹ്യ സേവനത്തിന്റെയും പരസ്പര സഹായത്തിന്റെയും,.സഹകരണത്തിന്റെയും 46 വർഷങ്ങൾ പിന്നിടുന്ന ഡിട്രോയിറ്റ് മലയാളി അസോസിയേഷന്റെ ധനസമാഹരണാർഥം, മലയാള സിനിമയുടെ അഭിനയ ചക്രവർത്തിയും മലയാളികളുടെ സ്വകാര്യ അഹങ്കാരവുമായ മോഹൻലാൽ, മനോജ് കെ ജയൻ, സ്റ്റീഫൻ ദേവസി എന്നിവർ നേതൃത്വം നൽകുന്ന കിലുക്കം- 25 എന്ന പരിപാടി ഏപ്രിൽ 25 -ന് ഡിട്രോയിറ്റ് സെക്കന്റ് എബനേസർ ഓഡിറ്റോറിയത്തിൽ നടക്കും.

**സൈജൻ കണിയോടിക്കൽ**


'indescribable yet truthful'
Lord Shiva's
Visit to a Home
In Edison, New Jersey, USA
Abhishek Mishra inspires
people to recognize the
existence of a 'Divine Power'
The Mishra Family welcomes visitors to learn about and
experience the spiritual miracle. Contact 1-732-690-0404

# ഇണയെ തിന്നുന്നവർ



**ജെയിംസ് കുരീക്കാട്ടിൽ**

ലൈംഗിക ബന്ധത്തിൽ ഏർപ്പെട്ട് കൊണ്ടിരിക്കുമ്പോഴോ ബന്ധപ്പെട്ട് കഴിഞ്ഞാലുടനെയോ തന്റെ ഇണയെ തിന്നുന്ന ചില ജീവി വർഗ്ഗങ്ങളുണ്ട്. ചിലയിനം ചിലന്തികളിലും പാമ്പുകളിലുമൊക്കെയാണ് ഇങ്ങനെയൊരു സ്വഭാവം കാണപ്പെടുന്നത്. ഇത്തരം ജീവിവർഗ്ഗങ്ങളുടെ ഒരു പൊതു സ്വഭാവം, ഈ ജീവികളിൽ എല്ലാം പെൺ ജീവികളാണ് അവരുടെ ആൺ കൂട്ടുകാരെ തിന്നുന്നത്. ഇക്കാര്യത്തിൽ ഏറ്റവും 1ീ്യശീൗ ആയ പെണ്ണുങ്ങൾ ആഹമരസ ണശറീം ടുശറലൃ എന്ന പേരിൽ അറിയപ്പെടുന്ന പെൺ ചിലന്തികളാണ്. ബന്ധപ്പെട്ട് കൊണ്ടിരിക്കുമ്പോൾ തന്നെ അവർ ഇണയെ തിന്നാനുള്ള തയ്യാറെടുപ്പിലായിരിക്കും. ബന്ധപ്പെട്ട് കഴിഞ്ഞാലുടനെ ക്ഷീണിച്ച് തളർന്നിരിക്കുന്ന ആൺ ചിലന്തിയെ അതിവേഗത്തിൽ പെൺചിലന്തി ആക്രമിക്കും. പെൺ ചിലന്തിയുടെ ആക്രമണ സ്വഭാവം അവളുടെ ആണിനെ ആക്രമിക്കാൻ എടുക്കുന്ന സമയത്തെ (വേഗതയെ) അടിസ്ഥാനമാക്കി അളക്കുന്നു. ആണിനെ എത്ര വേഗത്തിൽ ആക്രമിക്കുകയും ഉപഭോഗിക്കുകയും ചെയ്യുന്നുവോ, അത്രയും കൂടുതലായിരിക്കും പെൺചിലന്തിയുടെ ആക്രമണ സ്വഭാവത്തിന്റെ നില.

ഇങ്ങനെ പെൺചിലന്തി ചെയ്യുന്നത്, തന്നെ പീഢിപ്പിക്കാനോ ബലാത്സംഗം ചെയ്യാനോ വന്നതിന് പ്രതികാരം ചെയ്യുന്നതൊന്നുമല്ല. ക്ഷണിച്ചു വരുത്തി ബന്ധപ്പെട്ടതിന് ശേഷം ആണിനെ കൊന്ന് തിന്നുന്നതിന് രണ്ട് കാരണങ്ങളേയുള്ളൂ. ഒന്ന് കുഞ്ഞുങ്ങളെ ജനിപ്പിക്കണം. പ1ന്നെ എളുപ്പത്തിൽ വിശപ്പ് മാറണം.

ഇപ്പോൾ ഈ യഹമരസ ംശറീം ുശറലൃ ന്റെ കാര്യം ഓർക്കാൻ കാരണം, ഈ അടുത്ത നാളിലുണ്ടായ ചില പീഡന പരാതികളും ആ പരാതികളുടെ മെരിറ്റിനെ കുറിച്ച് കോടതി നടത്തിയ നിരീക്ഷണങ്ങളും ആണ്. സൗഹ്രദമുണ്ടാകുന്നതും സൗഹ്രദത്തിലായിരിക്കുമ്പോൾ ശാരീരിക ബന്ധം ഉണ്ടാകുന്നതും, പിന്നീ

ട് വിയോജിപ്പുകൾ ഉണ്ടായാൽ ബ്രേക്ക് അപ്പ് ആകുന്നതും പുതിയ സൗഹൃദങ്ങൾ കണ്ടെത്തുന്നതുമൊക്കെ സ്വാഭാവികമായ കാര്യങ്ങളാണ്. അങ്ങനെയൊരു ബ്രേക്ക് അപ്പ് ഉണ്ടായാൽ പ്രതികാര ബുദ്ധിയോടെ മുമ്പ് പരസ്പര സമ്മതത്തോടെ നടന്ന ബന്ധങ്ങളെയെല്ലാം പീഡനങ്ങളും ബാലാത്സംഗങ്ങളും ആക്കി മാറ്റുന്നതും അതിനായി നിയമത്തിന്റെ ആനുകൂല്യങ്ങൾ ഉപയോഗിക്കുന്നതും ഒരു സിവിലൈസ്ഡ് സമൂഹത്തിലെ മനുഷ്യർക്ക് ചേർന്നതല്ല. മനുഷ്യരാണ് നമ്മൾ. ചിലന്തികളാവരുത്.

ഈ അടുത്ത നാളുകളിൽ ഫെമിനിസ്റ്റ് എന്ന് സ്വയം വിശേഷിപ്പിക്കുന്ന രണ്ട് പേരുടെ ചില ശിലേ്ശലം കാണുകയുണ്ടായി. ഒരാൾ ടീച്ചറാണ്. രണ്ടാമത്തെയാൾ ആർട്ടിസ്റ്റ് എന്നാണ് പരിചയപ്പെടുത്തുന്നത്. ടീച്ചർ നേരത്തെ തന്നെ പ്രശസ്തയാണ്. വൈബ്രേറ്റർ മുതലായ സെക്സ് ടോയ്സ് പരിചയപ്പെടുത്തുന്നത് വഴിയും, വദന സുരതത്തിന്റെ പ്രയോഗ രീതികൾ വിശദീകരിക്കുന്നതിലുമൊക്കെയാണ് ടീച്ചറിന്റെ മികവും മിടുക്കും. ഒരു പോക്സോ കേസിൽ പ്രതിയാകുന്ന ഘട്ടം എത്തിയപ്പോഴാണ് സ്കൂളിലെ പഠിപ്പീര് നിർത്തിയതെന്ന് ടീച്ചർ സാക്ഷ്യപ്പെടുത്തുന്നുണ്ട്..

സ്വന്തം അച്ഛൻ മഹാ വൃത്തികെട്ടവൻ ആയിരുന്നു എന്നും, കളങ്കാവിൽ സിനിമയിലെ മമ്മൂട്ടിയുടെ കഥാപാത്രത്തെ പോലെ നിരവധി സ്ത്രീകളെ വിവാഹം ചെയ്ത് പറ്റിച്ചവനാണെന്നും അതിലൊന്നാണ് തന്റെ അമ്മയെന്നും ടീച്ചർ പറയുന്നു. ശരിയാണ് ഇങ്ങനെയൊക്കെ ചെയ്യുന്ന ഒരാൾ ഒരു സാദാരണ മനുഷ്യനായിരിക്കില്ല. ഒരു ലൈംഗിക മനോരോഗിതന്നെ ആയിരിക്കണം. പക്ഷെ പിന്നീട് ടീച്ചർ പറയുന്നത്, ഈ മുപ്പത് വയസ്സിനുള്ളിൽ അവർ പത്തോളം (10) പുരുഷന്മാരുമായി ബന്ധപ്പെട്ടിട്ടുണ്ടെന്നും അവരിൽ ചിലരുടെ ക്വാളിറ്റി മോശമായത് കൊണ്ട് ടീച്ചർ തന്നെ അവരെ ഉപേക്ഷിച്ചെന്നുമാണ്. ടീച്ചറിനെ ഒന്നേ ഓർമ്മിപ്പിക്കാനൊള്ളൂ. ലൈംഗിക മനോരോഗിയായ ടീച്ചറിന്റെ അച്ഛന്റെ അതെ ലൈംഗിക ആസക്തികൾ തന്നെയാണ് ദൗർഭാഗ്യവശാൽ അയാളുടെ ജീനുകളിലൂടെ ടീച്ചറും ശിവല്യശ ചെയ്തിരിക്കുന്നത്.

എന്ത് തന്നെയായാലും അതൊക്കെ ടീച്ചറിന്റെ കാര്യം പക്ഷെ പിന്നീട് ടീച്ചർ ഒരു ദുസൂചന തരുന്നുണ്ട്. വേണമെങ്കിൽ ടീച്ചറിന് ഒരു 'മി ടൂ' വിനുള്ള സ്കോപ്പ് ഉണ്ടെന്ന്. ടീച്ചർ അങ്ങനെ ചെയ്യാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല എന്ന് പറയുന്നുണ്ടെങ്കിലും നാളെ ഒരു സാമ്പത്തിക ബുദ്ധിമുട്ടോ സാഹചര്യങ്ങളോ ഉണ്ടായാൽ, എടുത്ത് ഉപയോഗിക്കാൻ കയ്യിൽ ഒരു ആയുധം ടീച്ചറിന് ഉണ്ട്. 'മീ ടൂ '. ടീച്ചറോട് പറയാൻ ഇത്രമാത്രമേ ഉള്ളൂ. ആർക്കിട്ടും പണി കൊടുക്കാനോ എന്തെങ്കിലും നേട്ടങ്ങൾക്കോ വേണ്ടിയുള്ള പരിപാടി അല്ല 'മീ ടൂ '

ഇനി ആർട്ടിസ്റ്റിന്റെ കാര്യം. ദീപകിന്റെ ആത്മഹത്യയോടെയാണ് ആർട്ടിസ്റ് പ്രശസ്തിയിലേക്ക് ഉയർന്നത്. ടീച്ചറിനെ പോലെ തന്നെ ആർട്ടിസ്റ്റും പറയുന്നത് അവരുടെ അച്ഛനും ഒരു മഹാവൃത്തികെട്ടവൻ ആയിരുന്നെന്നാണ്. ആർട്ടിസ്റ് അച്ഛനെതിരെ കേസും കൊടുത്ത ആൾ ആണ്. കലുങ്കിലിരുന്ന് അണ്ടർവെയർ ഇടാതെ ഒരേ പത്രം ദിവസവും ഇരുന്ന് വായിക്കുന്ന ആണുങ്ങളെ കുറിച്ചും ആർട്ടിസ്റ്റിന്റെ ചില നിരീക്ഷണങ്ങൾ ഉണ്ട്. അതിലെല്ലാം മനോഹരമായ വിവരണം സ്വയംഭോഗം ചെയ്ത് കൊണ്ട് ഓട്ടോ ഓടിക്കുന്ന ഓട്ടോറിക്ഷാ ഡ്രൈവറെ കുറിച്ചുള്ളതാണ്. ഒരു കൈ കൊണ്ട് ഓട്ടോ ഓടിച്ചുകൊണ്ടിരിക്കുന്നു. പിന്നിൽ ഇരിക്കുന്ന ആർട്ടിസ്റ്റിനെ കണ്ണാടിയിൽകൂടി നോക്കികൊണ്ട് മറ്റേ കൈ കൊണ്ട് സ്വയംഭോഗം ചെയ്യുന്നു. ഇതിനിടയിൽ വണ്ടി ഓടിക്കാൻ റോഡിൽ ശ്രദ്ദിക്കണം, ഇൻഡിക്കേറ്റർ ഇടണം. ട്രാഫിക് ലൈറ്റ് നോക്കണം. ഇതിന്റെയെല്ലാം ഇടയിൽ വേണം സ്വയംഭോഗം ചെയ്യാൻ. അവസാനം തോർത്തെടുത്ത് തുടക്കുന്നു. ആർട്ടിസ്റ് പോലീസിനെ അറിയിക്കുന്നു. പ്രതികരിക്കുന്നു. പക്ഷെ ഈ ആർട്ടിസ്റ്റിന് വിവാഹം കഴിച്ചിട്ടില്ലെങ്കിലും ഒരു കുഞ്ഞുണ്ട്. അതിനെ കുറിച്ച് ചോദിച്ചാൽ ആർട്ടിസ്റ്റ് പൊട്ടിത്തെറിക്കും. ആർട്ടിസ്റ്റിനോടും ഒന്നേ പറയാനൊള്ളൂ. നിങ്ങളുടെ അവിഹിത ഗർഭവും നിങ്ങൾ പറയുന്ന ഈ നുണ കഥകളൊന്നുമല്ല ഫെമിനിസം. ഫെമിനിസം പുരുഷനോടൊപ്പം സ്ത്രീകൾക്കും ജീവിതത്തിന്റെ സമസ്ത മേഘലകളിലും ഉണ്ടാവേണ്ട സാമൂഹ്യ സമത്വത്തിനുവേണ്ടിയുള്ള നിലപാടാണ്. ഓരോ 16 മിനിട്ടിലും ഒരു സ്ത്രീ ബലാത്സംഗം ചെയ്യപ്പെടുന്ന ഒരു രാജ്യമാണ് നമ്മുടേത്. ആ അവസ്ഥയാണ് ഇല്ലാതാവേണ്ടത്. അവർക്കാണ് നീതി കിട്ടേണ്ടത്. ഓരോ സ്ത്രീക്കും നിർഭയമായി ജീവിക്കാൻ കഴിയുന്ന സാഹചര്യങ്ങൾ ഉണ്ടാവണം. അത് കൊണ്ട് ഫെമിനിസ്റ്റ് ആയിക്കൊള്ളൂ. പക്ഷെ ചിലന്തിയാവരുത്. ടീച്ചറും ആർട്ടിസ്റ്റുമൊക്കെ എത്ര ഇണകളെ വേണമെങ്കിലും ഭോഗിച്ചോളൂ. എല്ലാം കഴിഞ്ഞു കൊന്ന് തിന്നരുത്.


FOKANA ELECTION 2026 -2028
TEAM INTEGRITY
SANTHOSH NAIR
General Secretary
PHILIPOSE PHILIP
President
ANTO VARKEY
Treasurer
LINDO JOLLY
Exe. Vice President
SONY THOMAS AMBOOKEN
Asso. Secretary
DR. SHINY RAJU
Women's Forum Chair
APPUKUTTAN PILLAI
Asso. Treasurer
JOSSY KARAKATTU
Vice President
Request your kind Support
Elect a team that Stands for Integrity
" LET US MOVE FORWARD, NOT BACKWARDS "
DR. AJU OOMMEN
Addi. Asso. Secretary
ENDORSED & SUPPORTED BY PAST PRESIDENTS & BOT CHAIRS
GRACE MARIA JOSEPH
Addi. Asso. Treasurer
MANMADHAN NAIR
GEORGE KORUTHU
PAUL KARUKAPILLIL
G. K. PILLAI
JOHN P. JOHN
MADHAVAN NAIR
GEORGY VARUGHESE
DR. BABU STEPHEN
DR. MAMMEN C. JACOB
JAIBU KULANGARA
SAJI M. POTHEN



# ഒരു ജീവിതമുറയുടെ മധുര ഫലങ്ങൾ

**ലേഖനം**

**ജോൺ വേറ്റം**

ആകാശത്തും ഭൂമിയിലും സമാധാനം സ്ഥാപിക്കുന്നതിന് ലോകരാഷ്ട്രങ്ങളുടെ സഹകരണം ആവശ്യമാണെന്ന് സർവ്വജനത്തിനും അറിയാം. എന്നാൽ, കഠിനാദ്ധ്വാനവും കഷ്ടപ്പാടും മുതൽമുടക്കും കൂടാതെ, സ്വന്തം ജീവിതം, ആരോഗ്യവും സന്തോഷവും സമാധാനവും ഉള്ളതാക്കുന്നതിനു മുഖ്യമായി സ്വീകരിക്കേണ്ട ലളിതമായ ശീലം എന്താണെന്ന് എല്ലാവരും അറിഞ്ഞിട്ടില്ല.

സമാധാനം എന്നത് താൽക്കാലികമായുണ്ടാകുന്ന ഒരു വികാരം മാത്രമല്ല. ജീവിതത്തിൻറെ എല്ലാസാഹചര്യങ്ങളിലും മനസ്സ് ശാന്തമായിരിക്കുന്നതിനു സഹായിക്കുന്ന, ഉള്ളിൽനിന്നുള്ള ഒരു അനുഭവമാണ്.

അഭിനന്ദിക്കുന്നതും നന്ദി പറയുന്നതും ആധുനിക ലോകത്ത് കാണപ്പെടുന്ന പൊതുവായ കാര്യങ്ങളാണ്. നമ്മൾക്ക് കിട്ടുന്ന സഹായത്തിനോ, പ്രോത്സാഹനത്തിനൊ, വാക്കുകളിലൂടെയോ പ്രവർത്തികളിലൂടെയോ, നാം നന്ദി നൽകുന്നു. ഒരു വ്യക്തി തൻറെ മനസ്സിലെ കൃതജ്ഞതയും സന്തോഷവും പ്രകടിപ്പിക്കുന്ന ഈ ചടങ്ങ്, പുരാതന നാഗരികതകളുടെയും മതപരമായ ആരാധനകളുടെയും ഭാഗമായിരുന്നു.ഇതിൻറെആദ്യചുവടുകൾ പതിഞ്ഞത്, ഇന്ത്യ, ഈജിപ്ത്, ഗ്രീസ്, മെസോപ്പൊട്ടേമിയ എന്നീ രാജ്യങ്ങളിലായിരുന്നുവെന്നും, അവിടെയെല്ലാം അഭിനന്ദനവും നന്ദിയും പ്രകടിപ്പിക്കുന്ന വിവിധ രീതികൾ ഉണ്ടായിരുന്നുവെന്നും ചരിത്രം പറയുന്നു. ജനസമൂഹത്തിൽ, തലമുറകളായി കൈമാറ്റം ചെയ്യപ്പെടുന്ന അറിവുകൾക്കും ആശയങ്ങൾക്കും വിശ്വാസങ്ങൾക്കുമൊപ്പം, ഈ ആചാരങ്ങളും ലോകമെങ്ങും പടർന്നുവെന്നു വിശ്വസിക്കാം.

ദൈവത്തെ മഹത്വപ്പെടുത്തുന്നതിനും, നന്ദി അർപ്പിക്കുന്നതിനും ഇപ്പോഴും ചടങ്ങുകൾ ഉണ്ടല്ലോ. ഹിന്ദുമതത്തിലെ വിവിധ പൂജകളും, ബുദ്ധമതത്തിൽ കാണപ്പെടുന്ന ശ്രീ ബുദ്ധൻറെ ഗുണങ്ങളെ സംബന്ധിച്ച അനുസ്മരണകളും, ക്രിസ്തുമതത്തിലെ പ്രാർത്ഥനകളും, ഇസ്ലാംമതത്തിലെ നിസ്കാരങ്ങളും ഇതിന് ഉദാഹരണങ്ങളാണ്. അതുകൊണ്ട്, അഭിനന്ദനവും നന്ദിപ്രകടനവും, ആരാധനകളുടെയും സംസ്കാരങ്ങളുടെയും സംയോജിത ഭാഗങ്ങളെന്നു കരുതാം. ഇവ ഒറ്റ ഉറവിൽ നിന്ന് ഉത്ഭവിച്ചതല്ലെന്നും, മനുഷ്യരുടെ ആത്മീയവും സാമൂഹികവും സംസ്കാരികവുമായ ജിവിതതലങ്ങളിൽ, കാലാനു

സ്വതമായി ഉണ്ടായതാണെന്നും വിശ്വസിക്കപ്പെടുന്നു. ലഭിക്കുന്ന ആഹാരത്തിനും, നന്മക്കും, ജയത്തിനും, ഭാഗ്യാനുഭാവത്തിനും, സുരക്ഷക്കും നന്ദി പറയുന്ന രീതി ലോകമെമ്പാടും ഉണ്ട്. എന്നാലും, ഭൂരിപക്ഷം ആളുകൾ ഈ വസ്തുതകൾ പരിശോധിക്കാറില്ല. സുപ്രധാന കാര്യമായി പരിഗണിക്കുന്നുമില്ല.

മതവിശ്വാസികൾ അവരവരുടെ ആചാരങ്ങളും വിശ്വാസങ്ങളും അടിസ്ഥാന മാക്കി, ആഘോഷങ്ങളിലൂടെയും, ദൈവങ്ങൾക്കും മറ്റും നന്ദി നൽകാറുണ്ട്. ഹിന്ദുക്കളുടെ ആഘോഷങ്ങളിൽ പ്രധാനപ്പെട്ടവ ''ദീപാവലി''യും ''നവരാത്രി'' യുമാണ്. യഹൂദരുടേത്: ''യോം കിപ്പൂർ'' (അന്ത്യവിധി കൽപനാദിനം) ''സുക്കൊത്ത്'' (കൂടാരപ്പെരുന്നാൾ) എന്നിവ. ക്രൈസ്തവരുടേത്: ''ക്രിസ്മസ്,'' ''ഈസ്റ്റർ'' ആഘോഷങ്ങളൾ. ഇസ്ലാംമതത്തിൻറെത് ''ചെറിയ പെരുന്നാൾ,'' ''ബലി പെരുന്നാൾ'' എന്നിവയാണ്. ചെറുതും വലുതുമായ മറ്റ് മതങ്ങളും, അവരവരുടെ ദൈവങ്ങൾക്ക് ആഘോഷങ്ങളിലൂടെ നന്ദി അർപ്പിക്കാറുണ്ട്. അങ്ങനെയാണെങ്കിലും, നിഷിദ്ധമാണെന്ന നിഗമനത്താൽ, മതപരമായ ചില ആഘോഷങ്ങൾ അനുവദിക്കാത്ത ശക്തിരാഷ്ട്രങ്ങളും ഭൂമുഖത്തുണ്ട്.

മതങ്ങളുടെ ആഘോഷങ്ങൾ അർത്ഥമുള്ളതും വ്യത്യസ്തങ്ങളുമാണ്. എല്ലാ മനുഷ്യരും ദൈവത്തോട് നന്ദിയുള്ളവരായിരിക്കേണ്ടത് ആത്മീയമായ കടമയാണെന്നും, അത് നിറവേറ്റുന്നതിലൂടെ ദൈവവുമായുള്ള മനുഷ്യബന്ധം കൂടുതൽ ശക്തിപ്പെടുമെന്നും വിശ്വസിക്കപ്പെടുന്നു. പുരാതന ഗ്രീക്ക്കാരും റോമൻ ജനതയും നന്ദി ഒരു ഗുണമാണെന്നു കരുതുകയും, തത്വചിന്തകർ ധാർമ്മികമൂല്യമുള്ളതായി കാണുകയും ചെയ്തിരുന്നു.

നന്ദി എന്ന പദത്തിൻറെ ഉൽപ്പത്തിയെപ്പറ്റിയും അഭിപ്രായഭിന്നതകൾ ഉണ്ട്. പുരാതന ഇംഗ്ലീഷ് ഭാഷയിലെ ''താങ്ക്'' (Thanc) എന്ന പദത്തിൽനിന്നാണ് നന്ദി എന്ന പദം വന്നതെന്നും, ''ജർമ്മനിക്ക്'' ഭാഷാകുടുംബത്തിൽപ്പെട്ടതും വിവിധ അർത്ഥങ്ങൾ ഉള്ളതുമാണെന്നും, ആധുനികതയിൽ ഈ പദം നന്ദി അഥവാ കൃതജ്ഞത പറയുന്നതിൽ എത്തിനിൽക്കുന്നുവെന്നും അഭിപ്രായങ്ങളുണ്ട്. ദൈവത്തോടും ഗുരുക്കന്മാരോടും, സ്നേഹിക്കുന്നവരോടും നന്ദി പറയാൻ ഭൂരിപക്ഷം ആളുകൾ ഇഷ്ടപ്പെടുന്നതിനാൽ, നന്ദി പറയുന്നവരുടെ വ്യക്തിത്വത്തോടും അതിനു ബന്ധമുണ്ട്. കുടുംബ ജീവിതം, പെരുമാറ്റം, സംസാരരീതി, സംസ്കാരം എന്നിവയിലും നന്ദി പ്രതിഫലിക്കുന്നു.

**നന്ദി എന്ന പദത്തിൻറെ ഉൽപ്പത്തിയെപ്പറ്റിയും അഭിപ്രായഭിന്നതകൾ ഉണ്ട്. പുരാതന ഇംഗ്ലീഷ് ഭാഷയിലെ "താങ്ക്" (Thanc) എന്ന പദത്തിൽനിന്നാണ് നന്ദി എന്ന പദം വന്നതെന്നും, "ജർമ്മനിക്ക്" ഭാഷാകുടുംബത്തിൽപ്പെട്ടതും വിവിധ അർത്ഥങ്ങൾ ഉള്ളതുമാണെന്നും, ആധുനികതയിൽ ഈ പദം നന്ദി അഥവാ കൃതജ്ഞത പറയുന്നതിൽ എത്തിനിൽക്കുന്നുവെന്നും അഭിപ്രായങ്ങളുണ്ട്.**




ഒരു വ്യക്തി നന്ദിപറയുന്നില്ല എന്ന കാരണത്താൽ, അയാളെ ''നന്ദിയില്ലാത്ത വൻ'' എന്നു വിധിക്കരുത്. ചിലർ നന്ദി പറയാതെ, പ്രവർത്തിയിലൂടെ അത് പ്രകടമാക്കും. മറ്റുള്ളവരോട് മാന്യമായും മര്യാദയോടും വിനയത്തോടും കൂടി പെരുമാറാൻ പഠിക്കുന്നതുപോലെയല്ല നന്ദി പറയുന്നത്. ഇത് ചിലരിൽ കാലക്രമേണ ഉണ്ടാകുന്ന സർഗ്ഗസ്വഭാവമാണ്. സാമൂഹികവും സാംസ്കാരികവുമായ ബന്ധങ്ങളും ഇതിനെ സ്വാധീനിക്കുന്നുണ്ട്.

കുടുംബങ്ങളിൽ മക്കളും മാതാപിതാക്കളും തമ്മിൽ നന്ദിപറയുന്ന പാരമ്പ ര്യമില്ലായിരുന്നു. കുടുംബപരമായ സംഗതികൾ സ്വാഭാവികമാണെന്ന വിശ്വാസമാണ് അതിൻറെ കാരണം. സഹകരണവും സ്നേഹവാത്സല്യങ്ങളും വാക്കുകളിലൂടെയല്ലാതെ, പ്രവർത്തികളിലൂടെ പ്രകടിപ്പിക്കുകയാണല്ലോ പതിവ്. മുതിർന്ന ആളുകൾക്ക് നന്ദിയുടെ ആവശ്യമില്ലെന്ന ധാരണയും ഒരു പുതുമയല്ല. മാതാപിതാക്കൾ മക്കളിൽ നിന്ന് നന്ദി പ്രതീക്ഷിക്കാറുമില്ല. സ്വന്തം വികാരങ്ങളെ വാക്കുകളിലൂടെ പ്രകടിപ്പിക്കാൻ കഴിയാത്ത

വരുണ്ട്. എന്നാലും, നന്ദി പറയുന്നതിലൂടെ ബന്ധങ്ങൾ കൂടുതൽ ആകർഷകവും ആനന്ദകരവും ശക്തവുമാകുന്നുണ്ട്.

ദാമ്പത്യജീവിതത്തിലും നന്ദി വാക്കിനു വലിയ സ്ഥാനവും സ്വാധീനവുമുണ്ട്. പരസ്പരം വിലമതിക്കുന്നതിനും, ബഹുമാനം വർദ്ധിപ്പിക്കുന്നതിനും, അന്യോന്യം നല്ലവരായി കാണപ്പെടുന്നതിനും, ആത്മാർത്ഥതയോടെ സഹകരിക്കുന്നതിനും, സന്തുഷ്ട കുടുംബാന്തരീക്ഷം ഒരുക്കുന്നതിനും ഇത് സഹായിക്കുന്നു. പ്രതിസന്ധിസമയങ്ങളിൽ ഉണ്ടാകാവുന്ന പ്രയാസങ്ങളിൽ നിന്നും മനസ്സിനെ വീണ്ടെടുത്ത്, അനുരോധഭാവം കാട്ടാനും നന്ദിപ്രകടനം പിന്തുണക്കുന്നു. അതുകൊണ്ടുതന്നെ, ഓരോരുത്തരുടേയും ഉള്ളിലുളവാകുന്ന അനുകൂല ശക്തിവികാരമാണ് നന്ദി.

നവീന കാലത്ത്, നന്ദി പറയാൻ ഇഷ്ടപ്പെടുന്നവരാണ് അധികം. എന്നാലും, അഭിനന്ദിക്കാനും, നന്ദി പറയാനും ഒട്ടും ഇഷ്ടപ്പെടാത്തവരും ഇടകലർന്നു ജീവിക്കുന്നു. അഹങ്കാരവും ദുരഭിമാനവുമുള്ളവരും, അസൂയ ജാതിചിന്ത വർഗ്ഗ വർണ്ണവിവേചനം എന്നിവ മനസ്സിൽ കൊണ്ടുനടക്കുന്നവരും, ധനിക നും ദരിദ്രനുമെന്ന വ്യത്യാസം കണക്കിലെടുക്കുന്നവരും, അഭിനന്ദിക്കാനും നന്ദി പറയാനും മടിക്കുന്നു. സംസ്ക്കാരവും വിദ്യാഭ്യാസവുമുണ്ടെങ്കിലും, അതിപുരാതനമായ പാരമ്പര്യങ്ങളും ആധുനികഭാവങ്ങളും ഒത്തുചേരുന്ന തിലാണ് സാംസ്കാരികമായ ജീവിതമെന്ന് അറിയാത്തവരും, നന്ദിയുടെ ആഴം കാണുന്നില്ല.

ഭൂമി സമാധാനവും സന്തോഷവും സുരക്ഷയുമുള്ള ഒരിടമാക്കാൻ, നന്ദിയും വിലമതിപ്പും നൽകുന്ന ജനമനോഭാവത്തിനു കഴിയും. അർഹതയുള്ളവരെ അഭിനന്ദിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി ഹൃദ്യമായി നന്ദി പറയുന്നത്, തീർച്ചയായും സന്തോഷകരമായ സാഹചര്യങ്ങൾ സൃഷ്ടിക്കും.




അഭിനന്ദനം എന്നത് ഒരു വ്യക്തിയുടെയോ വസ്തുവിൻറെയോ ഗുണങ്ങളെ അംഗീകരിക്കുകയും നിശ്ചയിക്കുകയും ചെയ്യുന്ന, അർത്ഥമുള്ള, ഒരു നല്ല വികാരമാണ്. ഇത് പ്രത്യേക സഹായത്തിനോ പ്രവർത്തിക്കോ നൽകുന്ന, നന്ദിയിൽ നിന്നു വ്യത്യസ്തമാണ്. അഭിനന്ദിക്കുന്നതിനും, നന്ദി പ്രകടിപ്പിക്കു ന്നതിനും, രാഷ്ട്രീയവും പങ്ക് വഹിക്കുന്നുണ്ട്. നാട്ടുകാർക്കും, നേതാക്കൾ ൾക്കും, വോട്ടറന്മാർക്കും, ദുരിതാശ്വാസപ്രവർത്തനം വികസനപ്രവർത്തനം സമാധാനശ്രമം എന്നിവ പ്രോത്സാഹിപ്പിക്കുന്നവർക്കും, രാഷ്ട്രീയക്കാർ നൽകുന്ന നന്ദിയുടെ ധ്വനി രാഷ്ട്രീയവേദികളിൽ കേൾക്കാം.

ആജ്ഞേയവാദികളും, ദാർശനിക ജീവിതരീതിയുള്ളവരും, നിരീശ്വരവാദിക ളും, യുക്തിവാദികളും, മതപരമായി ബന്ധമില്ലാത്തവരും, സാംസ്കാരിക വിശ്വാസികളും അഭിനന്ദിക്കുകയും നന്ദിപറയുകയും ചെയ്യുന്നു. അവ മാതൃകാപരമായ പ്രവർത്തനങ്ങളായി കരുതപ്പെടുന്നുമുണ്ട്. എങ്കിലും, അതിൽ ദൈവവിശ്വാസമില്ല.

വിവിധ കാരണങ്ങളാൽ, ആധുനിക മനുഷ്യൻറെ ജിവിതത്തിൽ വൈകിവരുന്ന വിശുദ്ധവികാരമാണ് ആത്മീയത. തന്നെത്തന്നെ അറിയാനും പ്രപഞ്ചവുമായി ബന്ധപ്പെടാനുമുള്ള, ആന്തരീകമായ അന്വേഷണം അതിൽ ആരംഭിക്കുന്നു. മാനസികശാന്തത, കരുണ, സത്യസന്ധത, സ്നേഹം എന്നിവയിൽ അധിഷ്ഠിതമായ ജീവിതമാണ് ആത്മീയതയുടെ അന്തസ്സത്ത. ഇത് പ്രപഞ്ചത്തിലുള്ള എല്ലാത്തിനെയും ആദരവോടെ കാണാൻ മനുഷ്യനെ മനസാ നിർബന്ധിക്കുന്നു. ഞാൻ ആര്? എന്ന ചോദ്യത്തിൻറെ ഉത്തരം കണ്ടെത്തുകയാണ് ആത്മീയതയുടെ പ്രഥമലക്ഷ്യം. പിന്നയോ, ശരീരത്തിനും മനസ്സിനും ബുദ്ധിക്കുമപ്പുറത്തുള്ള, ആത്മാവെന്ന രഹസ്യത്തെ അറിയുക എന്നതാണ് മറ്റൊരു കാര്യം. ഇതിന് ആത്മവിചാരം സഹായിക്കുന്നു. എല്ലാ മനുഷ്യ രേയും കൂട്ടിച്ചേർക്കുന്ന ഒരു ചൈനതന്യമാണ് ഐക്യബോധം. അതിനാൽ, അഭിനന്ദനവും നന്ദിയും കൊടുക്കുന്നതിന് ആത്മീയത മാർഗ്ഗദർശിയാകുന്നു.

നന്ദി പറയുന്നതിലൂടെ ഒരു വ്യക്തിക്ക്, ശാരീരികവും മാനസികവുമായ ഗുണങ്ങൾ ലഭിക്കുമെന്ന് പഴയകാല ജനങ്ങൾ അറിഞ്ഞിരുന്നില്ല. അനുഭവ ങ്ങൾ, പഠനങ്ങൾ, മനശാസ്ത്രപരമായ

പരീക്ഷണങ്ങൾ എന്നിവയിലൂടെ മനുഷ്യൻ കണ്ടെത്തിയ ഒരു വസ്തുത, പുതിയ തലമുറയിലെ ന്യൂനപക്ഷ ജനവും അറിഞ്ഞിട്ടില്ല. നന്ദി പറയുന്നതിൻറെ ശാസ്ത്രീയമായ ഗുണങ്ങളെ കുറിച്ച് മനശാസത്രപഠനം ആരംഭിച്ചിട്ട് കാൽ നൂറ്റാണ്ട് കഴിഞ്ഞിട്ടുമില്ല.

നന്ദി പറയുമ്പോൾ, നമ്മുടെ തലച്ചോറിൽ സന്തോഷം പകരുന്ന രാസവസ്തു ക്കൾ ഉൽപ്പാദിപ്പിക്കപ്പെടുന്നു. ഇപ്രകാരം ഉണ്ടാകുന്ന രാസവസ്തുക്കളിൽ പ്രധാനപ്പെട്ടവ: ഡൊപ്പാമൈൻ (Dopamine). ഇത് തലച്ചോറിൽ, ഏകാഗ്രത, ഓർമ്മ, സന്തോഷം എന്നിവ പകരുന്ന ഒരു തരം ന്യൂറോട്രാൻസ്മിറ്ററാണ്. മറ്റൊന്ന്, സെറോട്ടോണിൻ(Serotonin). ശരീത്തിലേയും തലച്ചോറിലേയും നാഡീകോശങ്ങൾ തമ്മിൽ സന്ദേശങ്ങൾ കൈമാറാൻ ഇത് സഹായിക്കുന്നു. മാനസികാവസ്ഥയെ സുസ്ഥിരമാക്കുന്നുമുണ്ട്. ''സ്ട്രെസ് ഹോർമോൺ'' എന്നറിയപ്പെടുന്ന വേറൊരു രാസവസ്തുവാണ് ''കോർട്ടിസോൾ'' ( Cortisol ). ഇത് ശരീരത്തിൻറെ സമ്മർദ്ദം നിയന്ത്രിക്കും. ശേഷമുള്ളത്, ''പാരാസിമ്പതറ്റിക്ക് നാഡിവ്യൂഹം'' (parasympathetic Nervous System ). ഇത് ശരീരത്തിന് വിശ്രമവും സമാധാനവും നൽകുന്ന ഒരു സംവിധാനത്തെ സജീവമാക്കുന്നു. അതിനാൽ, നന്ദി ഒരു സൗഖ്യദായക ശക്തിയായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

തലച്ചോറിൽ ആനന്ദവും, പ്രണയവികാരങ്ങളും, പ്രണയിക്കുമ്പോൾ ആവേശവും ഉദ്പാദിപ്പിക്കുന്ന രാസവസ്തുക്കളുമുണ്ട്. ഓക്സിടോസിൻ (oxiytocin), സെറോട്ടോണിൻ (serotonin), ഡൊപ്പാമൈൻ (Dopamine), നോറെപിനെഫ്രിൻ (Norepinephrine) എന്നിവയാണ്. ഈ രാസവസ്തുക്കൾ ഉദ്പാദിപ്പിക്കുന്നത് എങ്ങനെയെന്നും, ഇവയുടെ അഭാവത്തിൽ ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ എന്തെല്ലാമെന്നും ശാത്രജ്ഞന്മാർ പഠിപ്പിക്കുന്നുണ്ട്.

ജീവിതത്തിലെ എല്ലാറ്റിനെയും മെച്ചപ്പെടുത്താൻ കഴിയുന്ന നന്ദി സുപ്രധാന മാണ്. അതിൽ മനുഷ്യവികാരങ്ങളുടെ ശാസ്ത്രമുണ്ട്. പിന്നയോ, നന്ദി നമ്മുടെ ജീവിതത്തിൻറെ ഘടനയും, മനോഹരമായ പ്രതിഫലവുമാണ്!

മനുഷ്യൻ ഭയാനകമായ സാഹചര്യര്യങ്ങളിലൂടെയും വേദനകളിലൂടെയും കടന്നുപോകുമ്പോഴും, അഭിനന്ദിക്കാനും നന്ദി പറയാനും കഴിയുന്നത് ആത്മശക്തിയുടെ അടയാളമാണ്. അതിനാൽ, നന്ദി ഒരു വാക്ക് മാത്രമല്ല. അത്, ഒരു ജീവിതമുറയാണ്!

നന്ദി പറയുന്നതിൻറെ ഗുണങ്ങളും ഫലങ്ങളും സ്വാധീനതയും സംബന്ധിച്ച് പഠനങ്ങളും പരീക്ഷണങ്ങളും നടത്തിയ ശാസ്ത്രജ്ഞന്മാരിൽ പ്രധാനിയായ റോബർട്ട് എമ്മൺസ്, ''നന്ദി'' എന്ന വിഷയത്തെപ്പറ്റി നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. അവ BARNES & NOBLE പുസ്തകശാലയിൽ ലഭ്യമാണ്!





ഡോക്ടർ ശശികല പണിക്കർ: കേരളാപോലീസിൽ നിന്നു ഡി.എസ്.പി യായി വിരമിച്ച കൊല്ലം ചവറ ആനേഴത്തു വീട്ടിൽ പരേതനായ എ ദിവാകരപ്പണിക്കരുടെയും ചവറ പുത്തേഴത്ത് വീട്ടിൽ പരേതയായ പി.കെ. ദേവകി അമ്മയുടെയും മകളായി ചവറയിൽ ജനനം. കൊല്ലം ചവറ ഗവണ്മെന്റ് ഹൈസ്കൂൾ, കൊല്ലം എസ് എൻ വിമൻസ് കോളേജിൽ നിന്നും രസതന്ത്രത്തിൽ ബിരുദവും ബിരുദാനന്തര ബിരുദവും നേടി. മുംബൈ ഐ.ഐ. ടിയിൽ നിന്നും Polymer Chemistry യിൽ ഡോക്ട്രേറ്റ് നേടി. വിവിധ കെമിക്കൽ കമ്പനികളിൽ അനലിസ്റ്റായും, R&D Manager ആയും സേവനം അനുഷ്ഠിച്ചു. ഹെങ്കൾ ഇന്ത്യയുടെ ഞഇഉ ഢശരല ജ്യലശെരലിഭ ആയിരിക്കെ ജോലിയിൽ നിന്നും സ്വയം വിരമിച്ച് ബദ്‌ലാപൂർ ഒകളഇ യിൽ സച്ചിൻ സ്പെഷ്യാലിറ്റി കെമിക്കൽസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന പേരിൽ സ്വന്തമായി കമ്പനി നടത്തി വരുന്നു. വ്യവസായ സംരംഭക എന്ന നിലക്കും സാഹിത്യകാരി എന്ന നിലക്കും ധാരാളം പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ – മറന്നുപോയ പാട്ടിന്റെ ആദ്യവരി, English- പതിപ്പ് First verse of the forgotten Melody, ലബനാനിലെ മുന്തിരിത്തോപ്പും കുറെ നിഴലുകളും, ഓർമ്മച്ചെപ്പ്, മയിൽപ്പീലികൾ ഉറങ്ങാത്ത വീട്, ആൺകിളിയുടെ താരാട്ടിന്റെ അനുപല്ലവി )


# ദൃശ്യാത്മകമായ കാവ്യഭാഷ

**നിരൂപണം**

**സുധീർ പണിക്കവീട്ടിൽ**

കാവ്യാത്മകമായ ഭാഷയും ഭാവതീവ്രതയും ഉൾകൊള്ളുന്ന നൂറ്റിഇരുപതോളം ഗദ്യകവിതകളുടെ സമാഹാരമാണ് മുംബൈ മലയാളി എഴുത്തുകാരിൽ മുൻനിരയിൽ നിൽക്കുന്ന ഡോക്ടർ ശശികല പണിക്കർ രചിച്ച ''ദിൽ നെ ഫിർ യാദ് കിയ'. മലയാള കവിതാസമാഹാരത്തിനു ഹിന്ദി ഭാഷയിൽ പേര് നൽകിയത് എന്തുകൊണ്ടായിരിക്കും? അതു മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുമ്പോൾ 'ഹൃദയം വീണ്ടും ഓർത്തു' എന്നർത്ഥം കിട്ടുന്നു. അപ്പോൾ കവയിത്രിയുടെ ഓർമ്മകൾ നിറയുന്ന ഒരു രചന എന്ന് അനുമാനിക്കാം. വെറും ഓർമ്മകൾ അല്ല ഓർമ്മിക്കപ്പെടുന്ന ഓർമ്മകൾ. മിന്നൽ പിണരുകൾ പോലെ മനസ്സിൽ മിന്നി മറയുന്ന ഓർമ്മകളെ അക്ഷരങ്ങളിൽ സന്നിവേശിപ്പിച്ചിരിക്കയാണ് കവയിത്രി. ഓർമ്മകൾ ആവർത്തിക്കപ്പെടുന്നതും ഓർമ്മ തന്നെ, അങ്ങനെ കൂടിച്ചേരുന്ന ഓർമ്മകളുടെ ഒരു ഉത്സവാഘോഷം വരികളിലൂടെ പ്രദർശിപ്പിക്കുന്ന കവയിത്രിയുടെ ഉത്സാഹം വായനക്കാരനും അനുഭവപ്പെടുന്നു. ഓർമ്മകൾ കവയിത്രിക്ക് ചുറ്റും വട്ടമിട്ട് പറക്കുകയാണ്. ഈ സമാഹാരത്തിലെ 'കട്ടി പതംഗ് ' എന്ന കവിതയിലെ പട്ടങ്ങൾ പോലെ. അവരുടെ ചിന്തകൾ നിയന്ത്രിക്കുമ്പോൾ പറന്നുകളിക്കുന്നവ പിന്നെ അവർ തന്നെ അറുത്ത് മുറിക്കുന്നവ. ഇടക്കിടെ അവർ ഓർമ്മച്ചെപ്പ് തുറക്കുമ്പോൾ അവയെല്ലാം കാവ്യരൂപങ്ങളാകുന്നു.

വായനക്കാരന്റെ മനസ്സിൽ ദൃശ്യബിംബങ്ങൾ (Visual Imagery) ഉണർത്തുന്ന കാവ്യരചനാ രീതിയാണ് ദൃശ്യാത്മകമായ കാവ്യഭാഷ. ഓർമ്മകൾ കവയിത്രിക്ക് ചുറ്റും വട്ടമിട്ട് പറക്കുന്നു. 'പടം പിടിച്ച് വച്ചാൽ എപ്പോൾ വേണമെങ്കിലും കാണാമല്ലോ' എന്ന്



പറയുന്ന കവയിത്രി അവരുടെ ഓർമ്മച്ചെപ്പ് തുറക്കുമ്പോൾ കാണുന്ന ദൃശ്യങ്ങൾ, കേൾക്കുന്ന ശബ്ദങ്ങൾ എല്ലാം വാക്കുകളിലൂടെ വരച്ചിടുകയാണ്. ഗദ്യകവിത, കുറുങ്കവിത,പിന്നെ flash fiction (മിന്നൽ കഥ/ അതിലഘു കഥ എന്ന് വിളിക്കാവുന്ന കുഞ്ഞുകഥാരൂപത്തിൽ ആവിഷ്കരിച്ചിരിക്കുന്ന ആശയങ്ങൾ) എന്നീ നിർവചനങ്ങൾക്ക് മീതെ അവർ കണ്ടെത്തുന്ന മറ്റ് കവിത സങ്കേതങ്ങൾ. അങ്ങനെ വിവിധ കലാരൂപങ്ങൾ ഈ സമാഹാരത്തിൽ അവർ സ്വീകരിച്ചിട്ടുണ്ട്. ചിലതെല്ലാം നുറുങ്ങു കഥകളായി അല്ലെങ്കിൽ കഥകളുടെ പുനരാവിഷ്കാരമായി അവർ അവതരിപ്പിച്ചിട്ടുണ്ട്. ദൃശ്യാത്മകമായ കാവ്യഭാഷയുടെ ഗുണങ്ങളിൽ ചിലത് അത് നേരിട്ടുള്ള അർത്ഥത്തിനപ്പുറം വ്യംഗ്യാർത്ഥം നൽകുന്നു, വർണ്ണനകൾക്ക് ദൃശ്യരൂപം നല്കുന്നുവെന്നാണ്.




ജീവിതത്തിന്റെ ഏടുകളിൽ കാലം വരച്ച് വച്ച കമനീയചിത്രങ്ങൾ, അവയെ ഓർമ്മച്ചെപ്പിൽ നിന്ന് ഓരോന്നായി എടുത്ത് ആസ്വദിക്കുകയാണ് കവയിത്രി. കാലങ്ങളിലൂടെ ഒഴുകി വരുന്ന ഒരു ഗാനം പോലെ വായനക്കാർക്ക് അതു അനുഭൂതിയുടെ ലോകം തുറന്നുകൊടുക്കുന്നു.പ്രസ്തുത ചിത്രങ്ങളിൽ പലതിലും വായനക്കാരന് അവനെ തന്നെ കാണാൻ കഴിയും ഓർമ്മകൾ അയവിറക്കുമ്പോൾ അനിവാര്യമായ ഗൃഹാതുരത്വം ഒപ്പം ചേരുന്നു. ജനിച്ച വീടും പരിസരങ്ങളും കർമ്മഭൂമിയും വിശാലമായ ക്യാൻവാസിൽ അപ്പോൾ വിടർന്നു നിൽക്കുന്നു. പാദസരമണിഞ്ഞ പാദങ്ങൾക്ക് കസവു പകരുന്ന പച്ചപ്പാവാട ചുറ്റിയ അമ്മിണിക്കുട്ടി, ചവറ എന്ന ഗ്രാമത്തിലെ കാഴ്ചകൾ കണ്ട് കുയിലിന്റെ പാട്ടിനു മറുപ്പാട്ട് പാടി നടന്നവൾ തിരക്ക് പിടിച്ച മുംബൈ നഗരത്തിലേക്ക് ചേക്കേറുമ്പോൾ അപരിചിത ലോകം നൽകിയ വ്യത്യസ്തമായ അനുഭവങ്ങളുടെ വിവരണങ്ങൾ അക്ഷരങ്ങളിൽ ഒതുങ്ങാതെ തെറിച്ചുവീഴുന്നത് എത്തിപ്പിടിക്കുന്ന കരവിരുത് കാണാം ഓരോ കവിതകളിലും. മഴയിൽ നനഞ്ഞ ഇലഞ്ഞിപ്പൂമണം പോലെ മുത്തശ്ശിയുടെ മണം ചുറ്റിലുമുണ്ടെന്ന തോന്നലുകളിൽ ആശ്വാസം കണ്ടെത്തുന്ന കവയിത്രി അതെല്ലാം കുത്തികുറിക്കുമ്പോൾ മുത്തശ്ശിയുടെ സ്വരം 'നിനക്ക് മുത്തശ്ശനെപോലെ എഴുതാനുള്ള കഴിവുണ്ട് എന്ന് കേൾക്കുന്നു. ആദ്യകവിത മുതൽ അവസാനകവിതവരെ അമ്മിണിക്കുട്ടി എന്ന പെൺകുട്ടിയുടെ, യുവതിയുടെ സർഗ്ഗസഞ്ചാരങ്ങളാണ്. കവിതകളിൽ അവർ ദൃശ്യാത്മകത കലർത്തുന്നത് അവരുടെ രചനാതന്ത്രത്തിന്റെ മികവായി കാണാവുന്നതാണ്.

കാൽപ്പനികതയുടെ മകരന്ദം പൊഴിച്ചുനിൽക്കുന്ന കവിതകൾക്കൊപ്പം തത്വചിന്താപരമായ കവിതകളും ഈ സമാഹാരത്തിൽ വായിക്കാം.

ജീവിതയാത്രയിൽ കണ്ടുമുട്ടിയ കാഴ്ചകളെ അവർ ദാർശനിക ചിന്തകളാക്കി മാറ്റിയതായി പല കവിതകളിലും കാണാവുന്നതാണ്. ഹരിദാർ-ഋഷികേശ് യാത്രയിൽ കാട്ടിനുള്ളിലൂടെ ഒഴുകുന്ന പുഴ കാണുമ്പോൾ അവർ ആലോചിക്കുന്നു. ഒരു നദിയും ഇന്നേവരെ പിന്നിലേക്ക് ഒഴുകിയിട്ടില്ല. അനുഭൂതികൾ സമ്മാനിച്ച ഒരു ബന്ധത്തിന്റെ ഓർമ്മകൾ പുതുക്കാൻ ശ്രമിക്കുമ്പോൾ അവരിലെ തത്വചിന്തക ഉണരുന്നു. ഒരു ഉപദേശം തരുന്നു. 'നമുക്ക് ഇടമില്ലാത്ത ഇടത്തിൽ നിന്നും മാറിപോകാണം'. പിന്നെയുമുണ്ട് തത്വചിന്താപരമായ വരികൾ.' മേഘങ്ങളിൽ കാറ്റ് പതിക്കുമ്പോൾ അവർ ഉണ്ടാക്കിയ ദൃശ്യങ്ങൾ ഒഴുകിമാറുന്നു, മനസ്സിലെ ദുഖത്തിന്റെ മേഘങ്ങൾ ഏതു കാറ്റിനു ഒഴുക്കിക്കളയാൻ സാധിക്കും' . ഒരു തീരവും തീരത്തെ പാറകളും തിരക്കൊപ്പം പോകാറില്ല. ഒരു പ്രഭാതവും അസ്തമനം വരെ നീണ്ടു നിൽക്കില്ല. പുഷ്പങ്ങൾക്ക് അസ്തമനം വരെ ആയുസുള്ളൂ. സ്നേഹത്തി

നായി യാചിക്കരുത്. യാചിച്ചു കിട്ടുന്നത് ഭിക്ഷയാണ്. ഇങ്ങനെ അനവധി ദാർശനിക ചിന്തകൾ പല കവിതകളിലും പ്രകടമാണ്. വായനക്കാർക്ക് എല്ലാം കാണിച്ചുകൊടുക്കുക എന്നാ ൽ അവരോട് അതിനെക്കുറിച്ച് ഒന്നും വിവരിക്കേണ്ടെന്നു ഹെമിങ് വെയുടെ അഭിപ്രായം കണക്കിലെടുത്താൽ കവയിത്രി മനോഹരമായി വർണ്ണിക്കുന്ന ഒരു രംഗത്തിന്റെ വിശദീകരണം നമ്മൾ തന്നെ കണ്ടെത്തണം. അത് ഇങ്ങനെയാണ്. 'നക്ഷത്രപെണ്ണുങ്ങൾ മേഘപടിയിൽ ഇരുന്നു കാലാട്ടുന്ന നിശ്ശബ്ദത'. നക്ഷത്രപെണ്ണുങ്ങളുടെ കാലും മേഘപടിയുമെല്ലാം കവിയുടെ ഭാവനവിലസാമെങ്കിലും വായനക്കാരനും ആ ദൃശ്യം മനസ്സിൽ കാണാൻ കഴിയുന്നുവെന്നത് കാവ്യരചനയുടെ ശക്തിയാണ്. വായനക്കാരന്റെ വൈകാരികാനുഭവങ്ങളെ സ്പർശിക്കുന്ന വിധത്തിലുള്ള പ്രതീകങ്ങൾ കവിതയിൽ പലയിടത്തും കാണാവുന്നതാണ്.

കവയിത്രി ഒരുക്കിയ ഓർമ്മകളുടെ സാഗരം വായനക്കാരന്റെ മുന്നിൽ അലയടിക്കുന്നു. ഓരോ തിരകളും ഓരോ കഥയുമായി വന്നു തിരിച്ചുപോയി വീണ്ടും വരുന്നു. എണ്ണിയാൽ ഒടുങ്ങാത്ത തിരകൾ. അതുകൊണ്ട് തൽക്കാലം അവരുടെ തന്നെ ഒരു കവിത ഉദ്ധരിച്ചുകൊണ്ട് ഈ ദൃശ്യവലോകനത്തിൽ നിന്നും വിടകൊള്ളാം.

ചിലങ്ക (പേജ് 134) 'കളിയും ചിരിയും തമാശയും എല്ലാം അപ്പൂപ്പൻ താടി പോലെ പറന്നു പോയി. ദൂരേയ്ക്ക്. ഏകാന്തതതളം കെട്ടിയ മുറിയിൽ ഒറ്റപ്പെട്ടത് എത്ര പെട്ടെന്നായിരുന്നു. ഓർമ്മകൾ എന്നും എന്നരികിലേക്ക് ഘോഷയാത്രയായി എത്തി. പകലിരവുകൾ വന്നുപോയത് അറിയാതെ. എവിടെയോ ഇരുട്ടിന്റെ പേടിപ്പെടുത്തുന്ന നിശ്ശബ്ദത മാത്രം.വെറുതെ പാദങ്ങളിൽ മിഴി ഉടക്കി. ചിലങ്കയുടെ സ്ഥാനം ചങ്ങല സ്വന്തമാക്കി ഞാൻ പോലും അറിയാതെ'.

പഴയകാലത്തെ ഗൃഹാതുരത്വമുണർത്തുന്ന ഓർമ്മകൾ പ്രമേയമാക്കി എഴുതിയ മലയാളത്തിലെ പ്രമുഖ കവികളാണ് പി കുഞ്ഞിരാമൻ നായർ, സുഗതകുമാരി, ഓ എൻ വി കുറുപ്പ് എന്നിവർ. ഡോക്ടർ ശശികല അവരുടെ പൂർവ്വകാല സന്തോഷങ്ങൾ കവിതാത്മകങ്ങളാക്കുമ്പോൾ അവരെ വിട്ടുപോയ, മാതാപിതാക്കളുടെ, സഹോദരന്റെ ഒക്കെ ഓർമ്മകൾക്ക് കണ്ണുനീർ നൽകുന്നു. ഓർമ്മകളിലൂടെ ഭൂതകാലത്തിൽ നിന്നും മോചനം നേടി അതിനെ വർത്തമാനകാലവുമായി ബന്ധിപ്പിക്കയാണ് കവിതകൾ.

ഡോക്ടർ ശശികല പണിക്കർക്ക് ഭാവുകങ്ങൾ നേരുന്നു.





PLAN FOR PEACE OF MIND
Make your choices now
South Park
FUNERAL HOME • CEMETERY
CREMATORY
Planning is determining the details of your funeral and cemetery services in advance. To some, this may sound like a difficult conversation. But putting a plan in place is actually a smart and caring thing to do.
With a plan, you'll reduce stress and financial burden for your loved ones—and simply let them honor and celebrate your life, knowing things are happening just as you wanted.
Our Complete Services Include:
• Cemetery Burial Spaces
• Funeral & Memorial Services
• Caskets & Outer Burial Containers
• Memorials (Headstones) | Opening & Closing
• Safely Home Protection
Personal consultation available by appointment.
Sunil John Korah
Community Relations Director
1-813-409-9050
1310 North Main St, Pearland, TX 77581
sunil.korah@nsmg.com

# 20 സിറ്റിങ് എം.എൽ.എമാരെ മൽസരിപ്പിക്കാൻ കോൺഗ്രസ്; സാധ്യതാ പട്ടികയിൽ ഐ.എം.വിജയനും രമേശ് പിഷാരടിയും




**എ.എസ് ശ്രീകുമാർ**

നിയമസഭാ തിരഞ്ഞെടുപ്പിൽ 20 സിറ്റിങ് എം.എൽ.എമാരെ മൽസരിപ്പിക്കാൻ കോൺഗ്രസ് തീരുമാനമെടുത്തതായി റിപ്പോർട്ട്. എൽദോസ് കുന്നപ്പള്ളിയും ഐ.സി ബാലകൃഷ്ണനും മൽസരിക്കും. ആരോപണങ്ങളുടെ പശ്ചാത്തലത്തിൽ ഇരുവരുടെയും കാര്യം നേതൃത്വം പ്രത്യേകം ചർച്ച ചെയ്തുവത്രേ. ഇതിനിടെ മത്സരിക്കാനുള്ള ആഗ്രഹം മനോരമന്യൂസിലൂടെ പരസ്യമാക്കി കെ.സുധാകരൻ രംഗത്തെത്തിയിട്ടുണ്ട്. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ 93 സീറ്റുകളിൽ മൽസരിച്ച കോൺഗ്രസിന്റെ വിജയം വെറും 21സീറ്റുകളിലൊതുങ്ങിയെങ്കിൽ ഇക്കുറി ഗംഭീര മായ തിരിച്ചുവരവ് നടത്തുമെന്നാണ് നേതാക്കളുടെ അവകാശവാദം.

വിജയസാധ്യത നോക്കി സ്ഥാനാർഥികളെ തീരുമാനിക്കാൻ 92 മണ്ഡലങ്ങളിൽ കോൺഗ്രസ് പാനൽ തയ്യാറായിട്ടുണ്ട്. ഇതിൽ കുണ്ടറ, കരുനാഗപ്പള്ളി, ഹരിപ്പാട്, കോട്ടയം, പറവൂർ മണ്ഡലങ്ങളിൽമാത്രമാണ് ഒറ്റപ്പേരുള്ളത്. നേമത്ത് ശശി തരൂരിനെ ഇറക്കാനും മുഖ്യമന്ത്രി പിണറായി വിജയൻ മത്സരിക്കുന്ന ധർമടത്ത്, മുഖ്യമന്ത്രിക്കെതിരേ വിമാനത്തിൽ പ്രതിഷേധിച്ച ഫർസിൻ മജീദിനെയും വടകരയിൽ എം..പി. ഷാഫി പറമ്പിലിന്റെ പേരും ലിസ്റ്റിൽ ഇടം നേടിയിട്ടുണ്ട്. കെ.പി.സി.സി. വൈസ് പ്രസിഡന്റ് വി.ടി ബൽറാമും പാനലിലുണ്ട്.

കോൺഗ്രസിന് പുറത്തു നിന്ന് പി.വി അൻവറും സി.കെ ജാനുവും ജനവിധി തേടുമെന്ന് ഉറപ്പായി. ഐ.എം വിജയനെ നാട്ടികയിലും രമേശ് പിഷാരടിയെ തൃപ്പൂണിത്തുറയിലുമാണ് പരിഗണിക്കുന്നത്. മുൻ എം.എൽ.എ. ടി.എൻ പ്രതാപന്റെ പേര്, നാട്ടികയ്ക്ക് പകരം മണലൂർ, കൈപ്പമംഗലം, കൊടുങ്ങല്ലൂർ, വൈപ്പിൻ മണ്ഡലങ്ങളിലാണ് ഉൾപ്പെടുത്തി



യത്. വടക്കാഞ്ചേരി എം.എൽ.എ യായിരുന്ന അനിൽ അക്കരയുടെ പേര് കുന്നംകുളം, മണലൂർ മണ്ഡലത്തിലെ പാനലിലാണ് ഉള്ളത്.

കെ. മുരളീധരൻ തൃശ്ശൂർ, വട്ടിയൂർക്കാവ്, നേമം, തിരുവനന്തപുരം മണ്ഡലങ്ങളിലെ പാനലിലുണ്ട്. എൽ.ഡി.എഫിന്റെ സിറ്റിങ് സീറ്റായ നാദാപുരം പിടിക്കാൻ മുല്ലപ്പള്ളി രാമചന്ദ്രനെ മത്സരിപ്പിക്കുന്നത് ഗുണമാകുമോയെന്നും പരിശോധിക്കുന്നു. നാദാപുരത്ത് കെ.എം അഭിജിത്തിന്റെയും ഡി.സി. സി പ്രസിഡന്റ് കെ പ്രവീൺ കുമാറിന്റെയും പേരുണ്ട്. ഇവരെ കൊയിലാണ്ടിയിലെ ലിസ്റ്റിലും ഉൾപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം കോർപറേഷൻ വിജയത്തിന്റെ പശ്ചാത്തലത്തിൽ ബി.ജെ.പി പിടിക്കാൻ ഒരുങ്ങുന്നതും സി.പി.എമ്മിന്റെ സിറ്റിങ് മണ്ഡലവുമായ നേമത്ത്, ശശി തരൂരിനെ ഇറക്കാനും ആലോചിക്കുന്നുണ്ട്. തരൂർ ഉൾപ്പെടെ, അഞ്ച് എം.പി.മാർ കോൺഗ്രസ് ടിക്കറ്റിൽ മത്സരിക്കും. മുൻ എം.പി. രമ്യാഹരിദാസിനെ ബാലുശ്ശേരിയിലെയും അടൂരിലെയും പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.



സന്ദീപ് വാരിയരുടെ പേര് തൃശൂർ, ഷൊർണൂർ, ഒറ്റപ്പാലം, പാലക്കാട്, ആറന്മുള എന്നിവിടങ്ങളിൽ പരിഗണിക്കുകയാണ്. ബേപ്പൂരിൽ അൻവറിന്റെ വിജയസാധ്യതയാണ് തേടുന്നത്. പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ നയിക്കുന്ന 'പുതുയുഗ യാത്ര'യ്ക്കിടെ ആദ്യഘട്ടസ്ഥാനാർഥികളെ പ്രഖ്യാപിക്കാനാണു ആലോചിക്കുന്നത്. സിറ്റിങ് എം.എൽ.എമാരുടെ അടക്കം തർക്കമില്ലാത്ത സീറ്റുകളിലെ സ്ഥാനാർഥികളെ ആയിരിക്കും ആദ്യം പ്രഖ്യാപിക്കുക.

അതേസമയം, കേരള നിയമസഭയിലെ 140 സീറ്റുകളിലേക്കാണ് പോരാട്ടമെങ്കിലും കേരളം ആരു ഭരിക്കണമെന്ന നിർണ്ണായക തീരുമാനമെടുക്കാൻ പോകുന്നത് എങ്ങോട്ടും മാറി മറിയാവുന്ന നേർത്ത ഭൂരിപക്ഷമുള്ള അമ്പതിൽ താഴെ സീറ്റുകളാണ്. കഴിഞ്ഞ ഡിസംബറിൽ നടന്ന തദ്ദേശ തിരഞ്ഞെടുപ്പിൽ അയ്യായിരമോ അതിൽ താഴെയോ ഭൂരിപക്ഷം നേടിയ 45 മണ്ഡലങ്ങളാണ് ഉണ്ടായിരുന്നത്. കഴിഞ്ഞ മൂന്ന് നിയമസഭാ തിരഞ്ഞെടുപ്പുകളിൽ ജനവിധി മാറി മറിയുകയോ ഭൂരിപക്ഷം അയ്യായിരത്തിൽ താഴെ വരികയോ ചെയ്ത നാൽപ്പത്തിയൊന്ന് മണ്ഡലങ്ങൾ കേരളത്തിലുണ്ട്. ആകെയുള്ള 140 സീറ്റുകളിൽ പകുതി ഇടങ്ങളിൽ ഇരു മുന്നണികൾക്കും നെഞ്ചിടിപ്പേറ്റുന്ന കണക്കുകളാണ് കാത്തിരിക്കുന്നത്. മുന്നണികൾ ഒപ്പത്തിനൊപ്പം പിടിക്കാൻ സാധ്യതയുള്ള 70 സീറ്റുകളിൽ 57 എണ്ണവും ഇടതു മുന്നണിയുടെ സിറ്റിങ് സീറ്റുകളാണ്.

# എപ്സ്റ്റീൻ: ലൈംഗികതയുടെയും അധികാരത്തിന്റെയും ഒരു ആഗോള വെബ്

**(ലേഖനം):**

**മൊയ്തീൻ പുത്തൻചിറ**

അമേരിക്കയിൽ മാത്രമല്ല ലോകമൊട്ടാകെ ഏറെ കോളിളക്കം സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന 'എപ്സ്റ്റീൻ ഫയൽസ്' ഒരു അധഃപതിച്ച മുതലാളിത്തത്തിന്റെ വല അല്ലെങ്കിൽ സമ്പത്ത്, മതം, ലൈംഗികത, രക്ഷ എന്നിവയുടെ കാലാതീതമായ സത്തയാണ്. പണ്ടുമുതലേ മനുഷ്യർ പണത്തിനും (അധികാരം, സമ്പത്ത്) ലൈംഗികതയ്ക്കും (ലൈംഗികസുഖം) വേണ്ടിയുള്ള ആഗ്രഹത്താൽ വിഴുങ്ങപ്പെട്ടിരിക്കുന്നു, ജനനത്തിന്റെയും പുനർജന്മത്തിന്റെയും ചക്രത്തിലൂടെ പുനർജന്മം നേടുന്നു. മതത്തിന്റെയും രക്ഷയുടെയും തത്ത്വചിന്തകൾ സൃഷ്ടിക്കപ്പെട്ടത് ഇങ്ങനെയാണ്. ഇതൊക്കെയാണെങ്കിലും, ഏറ്റവും പുതിയ തലക്കെട്ടുകൾ ഞെട്ടിക്കുന്നതാണ്. ആദ്യമായി,



ലൈംഗിക ശക്തിയുടെ ആഗോള ശൃംഖല തുറന്നുകാട്ടപ്പെട്ടു. ഇന്ന്, ലോകത്തിലെ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്ന വ്യക്തിയാണ് ജെഫ്രി എപ്സ്റ്റീൻ. അധികാരത്തിന്റെയും മൂലധനത്തിന്റെയും ലൈംഗിക ചൂഷണത്തിന്റെയും ആഴമേറിയതും വ്യാപകവുമായ ഒരു ശൃംഖലയാണ് ഉയർന്നുവന്നിട്ടുള്ളത്

എപ്സ്റ്റീൻ വെറുമൊരു ധനകാര്യ വിദഗ്ധനോ, ലൈംഗിക കുറ്റവാളിയോ, മനുഷ്യക്കടത്തുകാരനോ ആയിരുന്നില്ല. പ്രസിഡന്റുമാർ, മുൻ രാഷ്ട്രത്തലവന്മാർ, പ്രധാനമന്ത്രിമാർ, രാജകുമാരന്മാർ, ശതകോടീശ്വരന്മാർ, ആഗോള ഉന്നതർ എന്നിവരുടെ അഭിനിവേശങ്ങൾ നിറവേറ്റുന്ന ഒരു ശൃംഖലയുടെ ശിൽപ്പിയായിരുന്നു അദ്ദേഹം. തന്റെ ബന്ധങ്ങളിലൂടെയും യാത്രകളിലൂടെയും ഇടപെടലുകളിലൂടെയും, തലസ്ഥാന നഗരങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കുന്ന പവർ ബ്രോക്കർമാരുടെ വിശ്വാസം അദ്ദേഹം നേടിയെടുത്തു. ആദ്യമായി, അമേരിക്ക ലോകത്തെ നിയന്ത്രിക്കുകയാണെങ്കിൽ, അമേരിക്കൻ ഏജന്റുമാരും അതിനെ നിയന്ത്രിക്കുന്നുവെന്ന് വ്യക്തമായി. എല്ലാ രാജ്യങ്ങളിലെയും നേതാക്കളുടെ അഭിനിവേശങ്ങളെ തൃപ്തിപ്പെടുത്തുന്ന ഒരു ആഗോള, ബഹുരാഷ്ട്ര വിപണിയാണ് അവരുടേത്. ഇത് അന്വേഷണാത്മക പത്രപ്രവർത്തനത്തിന്റെ വെറും കിംവദന്തിയോ സെൻസേഷണലിസമോ അല്ല, മറിച്ച് കോടതിയിൽ നിന്നും അന്വേഷണ ഏജൻസി രേഖകളിൽ നിന്നുമുള്ള വെളിപ്പെടുത്തലുകളാണ്.

അപ്പോൾ, എപ്സ്റ്റീൻ വെറുമൊരു വ്യക്തിയല്ല, മറിച്ച് ഒരു വ്യവസ്ഥയുടെ പ്രതീകമാണ്, പണവും സ്വാധീനവും മോഹവും പരസ്പരം പോഷിപ്പിക്കുന്ന ഒരു വിശപ്പ്. ഈ വ്യവസ്ഥിതിയുടെ കേന്ദ്ര ഓപ്പറേറ്ററായിരുന്നു എപ്സ്റ്റീൻ. അദ്ദേഹം കുറ്റക്കാരനാണെന്ന് കണ്ടെത്തി. പിടികൂടി ശിക്ഷ വിധിച്ചു. എന്നാൽ, ജയിലിൽ വെച്ച് ആത്മഹത്യ ചെയ്തു.



യുഎസ് നീതിന്യായ വകുപ്പ് ജെഫ്രി എപ്സ്റ്റീന്റെയും കൂട്ടാളി ഗിസ്ലെയ്ൻ മാക്സ്വെല്ലിന്റെയും ലൈംഗിക റാക്കറ്റ് ശൃംഖലയെക്കുറിച്ചുള്ള അന്വേഷണവുമായി ബന്ധപ്പെട്ട 3.5 ദശലക്ഷത്തിലധികം പേജുകളും ആയിരക്കണക്കിന് ഫോട്ടോകളും വീഡിയോകളുമാണ് പുറത്തുവിട്ടത്. ഈ രേഖകളിൽ ഇലക്ട്രോണിക് സന്ദേശങ്ങൾ, വിമാന രേഖകൾ, ബാങ്ക് രേഖകൾ എന്നിവയും അതിലേറെയും ഉൾപ്പെടുന്നു. ഇക്കാരണത്താൽ, പ്രസിഡന്റ് ട്രംപ് അതിന്റെ ശ്രദ്ധാകേന്ദ്രമായി തുടരുന്നു. എപ്സ്റ്റീനുമായുള്ള അദ്ദേഹത്തിന്റെ ബന്ധത്തിന്റെ വെബ് കൂടുതൽ തുറന്നുകാട്ടപ്പെടുന്നു.

ഈ കുപ്രസിദ്ധ കുറ്റവാളിയുടെ ദുഷ്ട ചിന്തയുടെയും കുറ്റകൃത്യങ്ങളുടെയും പുതിയ വശങ്ങൾ രേഖകളിൽ വെളിപ്പെടുത്തുന്നു. ഏറ്റവും ഞെട്ടിക്കുന്ന അവകാശവാദം എപ്സ്റ്റീൻ സ്വന്തമായി ഒരു ‘‘സൂപ്പർ റേസ്’’ സൃഷ്ടിക്കാൻ ആഗ്രഹിച്ചിരുന്നു എന്നതാണ്. ഈ ആരോപണങ്ങൾ ഇതുവരെ സ്വതന്ത്രമായി സ്ഥിരീകരിച്ചിട്ടില്ലെങ്കിലും, ഇരയുടെ സാക്ഷ്യങ്ങളും ഫയലുകളിൽ അടങ്ങിയിരിക്കുന്ന സൂചനകളും ആഴമേറിയതും ദുഷ്ടവുമായ ഗൂഢാലോചനയിലേക്ക് വിരൽ ചൂണ്ടുന്നു.

അതുകൊണ്ടായിരിക്കാം യുഎസ് നീതിന്യായ വകുപ്പ് എല്ലാ രേഖകളും പുറത്തുവിടാത്തത്. ഫയലുകളിൽ കൂടുതൽ രേഖകൾ ഉണ്ടെന്ന് അവർ വ്യക്തമാക്കിയിട്ടുണ്ട്. പക്ഷേ അവ പുറത്തുവിടില്ല. യുഎസ് കോൺഗ്രസ് അതിന്റെ നിയമപരമായ അധികാരങ്ങൾ ഉപയോഗിച്ച്

നീതിന്യായ വകുപ്പിനെ നിർബന്ധിച്ചില്ലായിരുന്നുവെങ്കിൽ, ഈ രേഖകളും പരസ്യമാക്കുമായിരുന്നില്ല. ഇത് ട്രംപ് ഭരണകൂടത്തിന്റെ ഭാവിയിലെ ബുദ്ധിമുട്ടുകൾ വർദ്ധിപ്പിക്കുകയേയുള്ളൂ. ട്രംപിനെയും അദ്ദേഹത്തെപ്പോലുള്ള മറ്റ് ആഗോള വ്യക്തികളെയും സംരക്ഷിക്കുന്നതിനായി, നീതിന്യായ വകുപ്പ് സാക്ഷി മൊഴികൾ പോലുള്ള രേഖകളുടെ പ്രധാന ഭാഗങ്ങൾ മറച്ചുവെച്ച് പൊതുജനങ്ങളിൽ നിന്ന് മറച്ചുവെച്ചിരിക്കുന്നു.

**പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ പേര് ഇമെയിൽ രേഖകളിൽ ആയിരക്കണക്കിന് സ്ഥലത്ത് ആവർത്തിച്ച് പ്രത്യക്ഷപ്പെടുന്നുണ്ടെന്ന് പറയപ്പെടുന്നു. എന്നാൽ, അത് ഡെമോക്രാറ്റിക് നേതാക്കളുടെ ഗൂഢാലോചനയാണെന്ന് പറഞ്ഞ് ട്രംപ് തള്ളിക്കളയുകയാണ്.**



**എപ്സ്റ്റീൻ വെറുമൊരു വ്യക്തിയല്ല, മറിച്ച് ഒരു വ്യവസ്ഥയുടെ പ്രതീകമാണ്, പണവും സ്വാധീനവും മോഹവും പരസ്പരം പോഷിപ്പിക്കുന്ന ഒരു വിശപ്പ്. ഈ വ്യവസ്ഥിതിയുടെ കേന്ദ്ര ഓപ്പറേറ്ററായിരുന്നു എപ്സ്റ്റീൻ. അദ്ദേഹം കുറ്റക്കാരനാണെന്ന് കണ്ടെത്തി. പിടികൂടി ശിക്ഷ വിധിച്ചു. എന്നാൽ, ജയിലിൽ വെച്ച് ആത്മഹത്യ ചെയ്തു.**

അതിനർത്ഥം പ്രായപൂർത്തിയാകാത്ത, ലൈംഗികാതിക്രമത്തിന് ഇരയായവരുടെ സാക്ഷ്യത്തിന്റെ മുഴുവൻ പേജും കറുത്ത മഷി കൊണ്ട് മറച്ചു വെച്ചിരിക്കുന്നു. ഈ രീതിയിൽ, പേരുകളും സാക്ഷ്യങ്ങളും മഷി ഉപയോഗിച്ച് മായ്ച്ചു. അതായത്, നെറ്റ്വർക്കിൽ തുറന്നുകാട്ടപ്പെട്ട 25 ഓളം ബ്രോക്കർമാരുടെയും വിതരണക്കാരുടെയും പ്രവർത്തനങ്ങളും ലൈംഗിക പീഡനത്തിന് ഇരയായവർ നടത്തിയ പ്രസ്താവനകളും കറുത്ത മഷിയിൽ മറച്ചുവെച്ച രേഖകളാണ് നീതിന്യായ വകുപ്പ് പുറത്തുവിട്ടത്.

അതുകൊണ്ട്, ശക്തരായ വ്യക്തികളുടെ ഐഡന്റിറ്റികൾ മറച്ചുവെക്കുന്നതിനായി, നിയമപരമായ സമയപരിധി പാലിക്കുന്നില്ലെന്നും ഫയലുകൾ പൂർണ്ണവും പുനർനിർമ്മിക്കാത്തതുമായ രൂപത്തിൽ പുറത്തുവിടുന്നില്ലെന്നും യുഎസ് കോൺഗ്രസ്, പ്രത്യേകിച്ച് ഡെമോക്രാറ്റിക് നിയമനിർമ്മാതാക്കൾ, ജസ്റ്റിസ് ഡിപ്പാർട്ട്മെന്റിനെ കുറ്റപ്പെടുത്തി. അതിനാൽ, കഥ ആരംഭിക്കുന്നതേയുള്ളൂ.

ഫയലുകൾ പരസ്യമാക്കിയിട്ടും നീതിന്യായ വകുപ്പ് എത്ര ദശലക്ഷക്കണക്കിന് രേഖകളും ഫോട്ടോകളും വീഡിയോകളും മറച്ചുവെക്കുന്നുണ്ടെന്നതിനെക്കുറിച്ച് അമേരിക്കൻ മാധ്യമങ്ങളിൽ ചർച്ച നടക്കുന്നുണ്ട്. എത്രത്തോളം സത്യവും സാക്ഷ്യങ്ങളും വെളിപ്പെടുത്തിയിട്ടുണ്ട്, എത്രത്തോളം മറച്ചുവെച്ചിരിക്കുന്നു?

പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ പേര് ഇമെയിൽ രേഖകളിൽ ആയിരക്കണക്കിന് സ്ഥലത്ത് ആവർത്തിച്ച് പ്രത്യക്ഷപ്പെടുന്നുണ്ടെന്ന് പറയപ്പെടുന്നു. എന്നാൽ, അത് ഡെമോക്രാറ്റിക് നേതാക്കളുടെ ഗൂഢാലോചനയാണെന്ന് പറഞ്ഞ് ട്രംപ് തള്ളിക്കളയുകയാണ്. ഏറ്റവും പുതിയ രേഖകളിൽ ബിൽ ഗേറ്റ്സ്, ട്രംപിന്റെ വാണിജ്യ സെക്രട്ടറി, ബ്രിട്ടീഷ് രാജകുമാരൻ ആൻഡ്രൂ മൗണ്ട്ബാറ്റൺ-വിൻഡ്സർ, എലോൺ മസ്ക് എന്നിവരും ഉൾപ്പെടുന്നു.

തീർച്ചയായും, ഈ പരാമർശം അവരെല്ലാം ഒരേ തരത്തിലുള്ളവരാണെന്ന് നിഗമനം ചെയ്യുന്നില്ല, അല്ലെങ്കിൽ അവർ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടിരുന്നു എന്നും പറയുന്നില്ല. പക്ഷേ, ബ്രിട്ടനിലെ രാജകുമാരൻ ആൻ



ഡ്രൂ മൗണ്ട് ബാറ്റൺ-വിൻഡ്സർ ഇതിനകം തന്നെ വെളിപ്പെടുത്തലിന്റെ സാധ്യത കാരണം രാജിവച്ചിട്ടുണ്ട് എന്നത് അതിലേക്കാണ് വിരൽ ചൂണ്ടുന്നത്. എപ്സ്റ്റീൻ ലൈംഗികമായി ദുരുപയോഗം ചെയ്ത ഒരു സ്ത്രീ, മുൻ രാജകുമാരനുമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെടാൻ തന്നെ ബ്രിട്ടനിലേക്ക് അയച്ചതാണെന്ന് പറയുന്നു. എപ്സ്റ്റീന്റെ ആഗോള ശൃംഖലയുടെ ഇരയായ ഇരുന്നൂറിലധികം ലൈംഗിക ഇരകളുടെ കേസുകൾ ഈ സ്ത്രീയുടെ അഭിഭാഷകൻ കൈകാര്യം ചെയ്യുന്നു. 2001 ൽ, തനിക്ക് 17 വയസ്സുള്ളപ്പോൾ, മുൻ രാജകുമാരന്റെ കാമവികാരത്തെ തൃപ്തിപ്പെടുത്താൻ ലണ്ടനിലേക്ക് കൊണ്ടുവന്നുവെന്ന് ആരോപിച്ച വിർജീനിയ ഗിയുഫ്രെയെ അദ്ദേഹം പ്രതിനിധീകരിക്കുന്നു.

2008-ൽ ഫ്ലോറിഡയിൽ 14 വയസ്സുള്ള ഒരു പെൺകുട്ടിയെ ലൈംഗികമായി പ്രലോഭിപ്പിച്ചതിനാണ് ജെഫ്രി എപ്സ്റ്റീൻ ആദ്യമായി ശിക്ഷിക്കപ്പെട്ടത്. 2010 ജൂലൈയിൽ അദ്ദേഹം തന്റെ ശിക്ഷ പൂർത്തിയാക്കി. റിപ്പോർട്ട് അനുസരിച്ച്, പിന്നീട് എപ്സ്റ്റീൻ നിരവധി സ്ത്രീകളെ വാണിജ്യ വിമാനങ്ങളിലൂടെയും സ്വകാര്യ ജെറ്റുകളിലൂടെയും ബ്രിട്ടനിലേക്ക് കൊണ്ടുപോയി.

അപ്പോൾ, ജെഫ്രി എപ്സ്റ്റീന്റെ ചൂഷണങ്ങൾ വെറുമൊരു ആഗോള ശൃംഖലയല്ല. ഈ കഥയ്ക്ക് മറ്റ് വശങ്ങളുമുണ്ട്. എപ്സ്റ്റീന്റെ സാമ്രാജ്യത്തിന് ഇസ്രായേലിന്റെ രഹസ്യാന്വേഷണ ഏജൻസിയായ മൊസാദ് ഉത്തരവാദിയാണെന്ന് അമേരിക്കൻ മാധ്യമങ്ങൾ അവകാശപ്പെടുന്നു. അമേരിക്കയിലെ ജൂത ശക്തിയുടെ പ്രതിനിധിയായിരുന്നു അദ്ദേഹം. അതിനാൽ, ഇറാനും സൗദി അറേബ്യയും തമ്മിലുള്ള ഭൗമരാഷ്ട്രീയം മുതൽ മാലിദ്വീപ് പ്രസിഡന്റ് എപ്സ്റ്റീനോട് തിരഞ്ഞെടുപ്പിനായി അഭ്യർത്ഥിക്കുന്നത് വരെയുള്ള പശ്ചിമേഷ്യൻ പ്രാദേശിക രാഷ്ട്രീയത്തെക്കുറിച്ചുള്ള നിരവധി കഥകൾ സൂചിപ്പിക്കുന്നത്, ഇന്ത്യയിൽ ഡൽഹിയിലെ നെറ്റ്‌വർക്കുകൾക്ക് സമാനമായ രീതിയിലാണ് ലോകം പ്രവർത്തിക്കുന്നത് എന്നാണ്.

എപ്സ്റ്റീനെതിരെ വളരെ ഗുരുതരമായ ആരോപണങ്ങൾ ഉന്നയിച്ച ഒരു ഇരയുടെ ഡയറിയും രേഖകളിൽ ഉൾപ്പെടുന്നു. 16 അല്ലെങ്കിൽ 17 വയസ്സുള്ളപ്പോൾ എപ്സ്റ്റീൻ തന്നെ ലൈംഗികമായി പീഡിപ്പിച്ചുവെന്ന് സ്ത്രീ അവകാശപ്പെടുന്നു. 2002 ൽ, അവർ ഒരു പെൺകുഞ്ഞിന് ജന്മം നൽകി, ഡയറിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന അൾട്രാസൗണ്ട് സ്കാൻ ഇത് വ്യക്തമാക്കുന്നു. ജനിച്ച് മിനിറ്റുകൾക്ക് ശേഷം തന്റെ കുഞ്ഞിനെ തന്നിൽ നിന്ന് എടുത്തുകൊണ്ടുപോയതായി അവർ പറയുന്നു.

എപ്സ്റ്റീന്റെ മുൻ കാമുകി ഗിസ്ലെയ്ൻ മാക്സ്വെല്ലാണ് മുഴുവൻ സംഭവങ്ങൾക്കും പിന്നിലെന്ന് ഇര ആരോപിക്കുന്നു. പ്രസവത്തിന് മേൽനോട്ടം വഹിച്ചത് അവരാണെന്നും, അവരുടെ നിർദ്ദേശപ്രകാരം കുഞ്ഞിനെ അമ്മയിൽ നിന്ന് മാറ്റിയെന്നുമാണ് റിപ്പോർട്ടുകൾ. ഈ അവകാശവാദങ്ങൾ ഇതുവരെ ഔദ്യോഗികമായി സ്ഥിരീകരിച്ചിട്ടില്ലെങ്കിലും, മാക്സ്വെല്ലും എപ്സ്റ്റീനും തമ്മിലുള്ള ക്രിമിനൽ ബന്ധത്തെ ഇത് കൂടുതൽ ഉറപ്പിക്കുന്നു. അന്വേഷണ ഏജൻസികൾക്ക് ഇത് ഉത്തരം ലഭിക്കാത്ത നിരവധി ചോദ്യങ്ങൾ ഉയർത്തിയിട്ടുണ്ട്.


ന്യൂ മെക്സിക്കോയിൽ സോറോ റാഞ്ച് എന്ന പേരിൽ ഒരു വലിയ എസ്റ്റേറ്റ് എപ്സ്റ്റീന് സ്വന്തമായിട്ടുണ്ടായിരുന്നു. റിപ്പോർട്ടുകൾ പ്രകാരം, തന്റെ ബീജം ഉപയോഗിച്ച് സ്ത്രീകൾക്ക് ഗർഭം ധരിക്കാൻ കഴിയുന്ന ഒരു കേന്ദ്രമാക്കി ഈ സ്ഥലം വികസിപ്പിക്കാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നു. തന്റെ ഡിഎൻഎ വ്യാപിപ്പിക്കുന്നതിലൂടെ, പുതിയതും അതുല്യവുമായ ഒരു മനുഷ്യവംശത്തെ സൃഷ്ടിക്കാൻ കഴിയുമെന്ന് അദ്ദേഹം വിശ്വസിച്ചു. വർഷങ്ങളോളം അദ്ദേഹം ഈ ആശയം ആവർത്തിച്ചു, പക്ഷേ അതിനെ പിന്തുണയ്ക്കുന്ന വ്യക്തമായ തെളിവുകൾ ഇതുവരെ കണ്ടെത്തിയിട്ടില്ല.

തന്റെ വിചിത്ര ചിന്തയ്ക്ക് ശാസ്ത്രീയ അടിത്തറ നൽകുന്നതിനായി, എപ്സ്റ്റീൻ ലോകപ്രശസ്ത ശാസ്ത്രജ്ഞരുമായി ബന്ധം വളർത്തിയെടുത്തു. അദ്ദേഹം ഹാർവാർഡ് സർവകലാശാലയ്ക്ക് ദശലക്ഷക്കണക്കിന് ഡോളർ

സംഭാവന ചെയ്യുകയും പ്രധാന ഗവേഷണ പരിപാടികൾക്ക് ധനസഹായം നൽകുകയും ചെയ്തു. സ്റ്റീഫൻ ഹോക്കിംഗ്, കിപ് തോൺ തുടങ്ങിയ പ്രമുഖ ശാസ്ത്രജ്ഞർ അദ്ദേഹത്തിന്റെ ആഡംബര പാർട്ടികളിൽ പങ്കെടുത്തു. തന്റെ വിവാദ സിദ്ധാന്തങ്ങളെ ന്യായീകരിക്കാനും സമൂഹത്തിലെ ഉന്നതർക്കിടയിൽ തന്റെ സ്വാധീനം വ്യാപിപ്പിക്കാനും ശാസ്ത്രം ഉപയോഗിക്കാനാണ് എപ്സ്റ്റീൻ ശ്രമിച്ചത്.

എപ്സ്റ്റീൻ മരണപ്പെട്ടെങ്കിലും പുതുതായി പുറത്തിറങ്ങിയ രേഖകൾ ഇപ്പോഴും ഇരകൾക്ക് നീതി ലഭിക്കുമെന്ന പ്രതീക്ഷ നൽകുന്നു. അദ്ദേഹത്തിന്റെ കുറ്റകൃത്യങ്ങൾ ശാരീരിക പീഡനത്തിൽ മാത്രം ഒതുങ്ങുന്നതല്ല, മറിച്ച് സമൂഹത്തിന്റെ ഘടനയെ തന്നെ ഭീഷണിപ്പെടുത്തിയെന്ന് ഈ രേഖകൾ തെളിയിക്കുന്നു.

വർഷങ്ങളോളം നീണ്ടുനിന്ന വിപുലമായ ലൈംഗിക കടത്ത് ശൃംഖലയും, രാജ്യങ്ങളുമായും ശക്തരായ വ്യക്തികളുമായും ഉള്ള അദ്ദേഹത്തിന്റെ തുടർച്ചയായ ബന്ധങ്ങളും ഉണ്ടായിരുന്നിട്ടും, ആഗോളവൽക്കരിക്കപ്പെട്ട ലോകം അഴിച്ചുവിട്ട ഒരു അത്ഭുതമായിരുന്നു എപ്സ്റ്റീൻ. ആഗോള മാധ്യമ ശ്രദ്ധ നേടിയിട്ടും ആരും



അത് ഒരിക്കലും ശ്രദ്ധിച്ചില്ല. എപ്സ്റ്റീൻ അടിസ്ഥാനപരമായി ഒരു മുതലാളിത്ത ധനകാര്യ വിദഗ്ദ്ധനായിരുന്നു. തന്റെ സാമ്പത്തിക ജീവിതത്തിൽ, സമ്പന്നരും ശക്തരും പ്രശസ്തരുമായവരുമായുള്ള ലൈംഗിക ബന്ധത്തിലൂടെ അദ്ദേഹം ഒരു ആഗോള സാമൂഹിക ശൃംഖല കെട്ടിപ്പടുത്തു. 2008-ൽ, പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുമായുള്ള ലൈംഗിക ബന്ധത്തിന് അദ്ദേഹം ശിക്ഷിക്കപ്പെട്ടു. ഇതൊക്കെയാണെങ്കിലും, അദ്ദേഹം തടയാനാവാത്തവനായി തുടർന്നു. ജയിൽ മോചിതനായ ശേഷം, അദ്ദേഹം പ്രശസ്തിയിലേക്ക് ഉയർന്നു. 2019-ൽ, പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ ലൈംഗിക ബന്ധത്തിന് ഉപയോഗിച്ചു എന്ന ഫെഡറൽ കുറ്റത്തിന് അദ്ദേഹത്തെ അറസ്റ്റ് ചെയ്തു. കോടതി വിധി പറയാൻ പോകുന്നതിനിടെ, സംശയാസ്പദമായ സാഹചര്യത്തിൽ 2019-ൽ അദ്ദേഹം ജയിലിൽ ആത്മഹത്യ ചെയ്തു.

ട്രംപിന്റെ ആദ്യ ഭരണകാലത്ത് അല്ലെങ്കിൽ ഇപ്പോൾ, അദ്ദേഹത്തിന്റെ രണ്ടാം ഭരണകാലത്ത്, കോടതികൾ, പാർലമെന്റ്, മാധ്യമങ്ങൾ തുടങ്ങിയ യുഎസ് സംവിധാനങ്ങളിലൂടെ ഈ ആഗോള ശൃംഖലയുടെ പാളികൾ വെളിപ്പെടുത്തുന്നത് എത്ര വിചിത്രമായ കാര്യമാണ്. ഈ പുതിയ തലങ്ങളിൽ നിന്നുള്ള പുതിയ തലക്കെട്ടുകൾ ഒരിക്കൽ എപ്സ്റ്റീന്റെ ഉറ്റ സുഹൃത്തായിരുന്ന ട്രംപിനെ അസ്വസ്ഥനാക്കിയിരിക്കുകയാണ്. അതുകൊണ്ടാണ്, ശ്രദ്ധ തിരിക്കാൻ വേണ്ടി, ജസ്റ്റിസ് ഡിപ്പാർട്ട്മെന്റ് രേഖകൾ പുറത്തിറക്കിയ അതേ ദിവസം തന്നെ ഒരു പ്രശസ്ത അമേരിക്കൻ പത്രപ്രവർത്തകനെ ഒരു പരിഹാസ്യമായ കേസിൽ അറസ്റ്റ് ചെയ്തത്. അതിനാലാണ് പ്രസിഡന്റ് ട്രംപ് പെട്ടെന്ന് ഇറാനെ ലക്ഷ്യം വച്ചുകൊണ്ട് പുതിയ തലക്കെട്ടുകൾ സൃഷ്ടിക്കാനൊരുങ്ങുന്നത്. അദ്ദേഹം ഒരു ചാമ്പ്യനാണെന്നാണ് സ്വയം അവകാശപ്പെടുന്നത്.

**തന്റെ വിചിത്ര ചിന്തയ്ക്ക് ശാസ്ത്രീയ അടിത്തറ നൽകുന്നതിനായി, എപ്സ്റ്റീൻ ലോകപ്രശസ്ത ശാസ്ത്രജ്ഞരുമായി ബന്ധം വളർത്തിയെടുത്തു. അദ്ദേഹം ഹാർവാർഡ് സർവകലാശാലയ്ക്ക് ദശലക്ഷക്കണക്കിന് ഡോളർ സംഭാവന ചെയ്യുകയും പ്രധാന ഗവേഷണ പരിപാടികൾക്ക് ധനസഹായം നൽകുകയും ചെയ്തു. സ്റ്റീഫൻ ഹോക്കിംഗ്, കിപ് തോൺ തുടങ്ങിയ പ്രമുഖ ശാസ്ത്രജ്ഞർ അദ്ദേഹത്തിന്റെ ആഡംബര പാർട്ടികളിൽ പങ്കെടുത്തു.**


JOSCO TOURS & TRAVELS
OCTOBER 26 TO NOVEMBER 4, 2025
Best of
BRAZIL & ARGENTINA
917 817 4115
TOUR DATE: OCT 26-NOV 4, 2025
INCLUDES
Round-trip airfare from New York
2 flights during tour
Accommodations at 4-star hotels
Meals as per itinerary
All entrance and sightseeing fees as per itinerary
And much more
TOUR COST
$4990
PER PERSON/
DOUBLE OCCUPANCY
JOSECO TOURS & TRAVELS
BOOK NOW
JOSE VARUGHESE
Cell: 917-817-4115
FAITH HOLIDAYS
www.faithholidays.com



# ലോക കേരള സഭാംഗങ്ങളോട് ഒരപേക്ഷ

**പോൾ ഡി പനയ്ക്കൽ**

അഞ്ചാമത് ലോക കേരള സഭ ജനുവരി അവസാനം തിരുവനന്തപുരത്തു സമ്മേളിച്ചു വെന്നറിഞ്ഞു. ഏകദേശം നൂറ്റി ഇരുപത്തഞ്ചു രാജ്യങ്ങളിൽ നിന്നായി അഞ്ഞൂറിലധികം സഭാംഗങ്ങൾ സമ്മേളനത്തിൽ പങ്കെടുത്തുവെന്നാണ് കേട്ടത്. ജീവനത്തിനായി ഭൂഗോളത്തിന്റെ എല്ലാ വശങ്ങളിലേക്കും പറന്നു ചെന്ന മലയാളികൾ തങ്ങൾ താമസിക്കുന്ന സ്ഥലത്തെ, അല്ലെങ്കിൽ രാജ്യത്തെ മലയാളി സമൂഹത്തിന്റെ പ്രതിനിധികളായി കേരള സർക്കാരിന്റെ ആഭിമുഖ്യത്തിൽ ഒത്തുകൂടുക എന്നത് കേൾക്കുമ്പോൾ തന്നെ അഭിമാനവും സന്തോഷവും തോന്നുന്നു. അനേക കാലം വിദേശത്തു താമസിച്ചിട്ടും ഭാരത പൗരത്വം കളഞ്ഞിട്ടില്ലാത്ത ദേശ സ്നേഹികളായ അംഗങ്ങളാണ് ഈ ഒത്തുകൂടലിന്റെ ശരീരം.

നൂറ്റി ഇരുപത്തഞ്ചു രാജ്യങ്ങളിൽ നിന്നുള്ള അംഗങ്ങൾ എന്നത് വെറും എണ്ണം കൊണ്ടുള്ള വിസ്തൃതയോ സമഗ്രതയോ അല്ല. മറിച്ച് അവർ പ്രതിനിധാനം ചെയ്ത സമൂഹം സ്ഥിതി ചെയ്യുന്ന വിധാനക്രമവും രാഷ്ട്രീയ/സർക്കാർ സംവിധാനങ്ങളും സാമൂഹിക വിധാനവും ജീവിത ചുറ്റുപാടുകളും സഭയുടെ അജണ്ടയ്ക്ക് നൽകിയേക്കാവുന്ന വിവരവിഭവങ്ങൾ പരസ്പരവിരുദ്ധവും എന്നാൽ പരസ്പര പൂരകങ്ങളുമാണ്. പാപ ന്യൂ ഗിനിയ മുതൽ കാനഡ വരെ അവിടെ പ്രതിനിധീകരിക്കപ്പെട്ടിട്ടുണ്ട്. മലയാളി വ്യവസായികളുടെ മാതൃകയായ യൂസഫ് അലി മുതൽ അനേകം പ്രമുഖർ സഭയുടെ നേതൃത്വത്തിലുണ്ടെന്നറിയുന്നു.

അമേരിക്കയിലെ മലയാളി സമൂഹത്തെ പ്രതിനിധീകരിച്ചു കൊണ്ട് പലരും സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടുവെന്നും സഭയിൽ പങ്കെടുക്കുന്നുവെന്നും ജനുവരി മാസത്തെ ഈ മലയാളിയിൽ വാർത്തകൾ കണ്ടതുകൊണ്ടാണ് ഈ കുറിപ്പ് എഴുതുന്നത്. അതിൽ പങ്കെടുത്തവർ മൂന്നു ദിവസത്തെ തിരക്കുപിടിച്ച സമ്മേളനത്തിൽ എന്തു സംഭവിച്ചു എന്ന് എഴുതാമോ? നമ്മളുമായി ബന്ധപ്പെട്ട എന്തെങ്കിലും അവിടെ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ടാകുമെന്നും തീരുമാനിച്ചിട്ടുണ്ടാകുമെന്നും തീർച്ച. നിയമാനുസൃത രേഖകളില്ലാതെ അമേരിക്കയിൽ നിന്ന് നാടുകടത്തപ്പെട്ടവർ മുതൽ കേരളത്തിന്റെ വികസനത്തിന് അമേരിക്കൻ മലയാളികളുടെ ക്രിയാത്മകമായ ഇടപെടൽ വരെ വളരെ വിഷയങ്ങൾക്ക് അവസരമുണ്ടായിരിക്കാം. സഭയിൽ പങ്കെടുത്ത ആരെങ്കിലും അതേകുറിച്ച് ഇതിൽ എഴുതണമെന്നപേക്ഷ.

Paul D Panakal
pdpanakal@gmail.com
347 330 0783

# വെസ്റ്റ് ചെസ്റ്റർമലയാളി അസോസിയേഷന് നവ നേതൃത്വം :

## പ്രസിഡന്റ് ദേവസി ഇട്ടൂപ്പ്, സെക്രട്ടറി: ടെറൻസൺ തോമസ് ട്രഷറർ: എ. വി. വർഗീസ്



ശ്രീകുമാർ ഉണ്ണിത്താൻ

ന്യൂ യോർക്ക് :വെസ്റ്റ് ചെസ്റ്റർമലയാളി അസോസിയേഷന്റെ ജനറൽ ബോഡിയോഗം 2026 ലെ ഭരണസമിതിയെ തിരഞ്ഞെടുത്തു. അര നൂറ്റാണ്ട് പിന്നിട്ട അമേരിക്കയിലെ പ്രബല സംഘടനകളിൽ ഒന്നുകുടിയാണ് വെസ്റ്റ്ചെസ്റ്റർ മലയാളീ അസോസിയേഷൻ.

പുതിയ പ്രസിഡണ്ടായി ദേവസി ഇട്ടൂപ്പ് , സെക്രട്ടറി: ടെറൻസൺ തോമസ് ,ട്രഷറർ : ട്രഷറർ എ . വി . വർഗീസ് , വൈസ് പ്രസിഡന്റ് വർഗീസ് എം കുര്യൻ (ബോബൻ ),ജോ. സെക്രട്ടടറി : ജോൺ കെ മാത്യു (ബോബി ) , ജോയിന്റ് ട്രഷർ ചാക്കോ പി ജോർജ് (അനി) എന്നിവരെ തെരഞ്ഞുടുത്തു. .

കമ്മിറ്റി അംഗങ്ങൾ: ജെ. മാത്യൂസ് , ജോയി ഇട്ടൻ , ശ്രീകുമാർ ഉണ്ണിത്താൻ ,ആന്റോ വർക്കി, കെ . കെ. ജോൺസൻ ,നിരീഷ് ഉമ്മൻ, ഷോളി കുബളവേലിൽ , മാത്യു ജോസഫ് , ജോൺ തോമസ്, ജോ ഡാനിയേൽ , സുരേന്ദ്രൻ നായർ, മോളമ്മ വർഗീസ് , ജോർജ് കുഴിയാഞ്ഞാൽ , ബിനു വർഗീസ് എന്നിവരും തെരഞ്ഞെടുത്തു.

ട്രസ്റ്റി ബോർഡ് അംഗങ്ങൾ: രാജൻ ടി ജേക്കബ് , ജോൺ സി വർഗീസ്, കുരിയാക്കോസ് വർഗീസ്, ജോൺ ഐസക് , തോമസ് കോശി . ട്രസ്റ്റീ ബോർഡ് ചെയർമാൻ ആയി രാജൻ ടി ജേക്കബ് നിയമിതനാവും.

നിലവിലുള്ള ട്രസ്റ്റി ബോർഡ് ചെയർമാൻ കെ. ജെ. ഗ്രഗറി ഇലക്ഷന് നേതൃത്വം നൽകി.

പ്രസിഡന്റ് ദേവസി ഇട്ടൂപ്പ് അസോസിയേഷന്റെ ദീർഘകാലമായുള്ള പ്രവർത്തകൻ ആണ്, കമ്മിറ്റി മെംബേർ ,ട്രഷർ , ട്രസ്റ്റീ ബോർഡ് മെംബേർ , എന്നീ സ്ഥാനങ്ങൾ വഹിച്ച ശേഷമാണ് അദ്ദേഹം പ്രസിഡന്റ് പദം ഏറ്റെടുക്കുന്നത്.



. സാമൂഹ്യ- സാംസ്കാരിക-രാഷ്ട്രീയ-സാമുദായിക മേഖലകളിൽ അറിയപ്പെടുന്ന അദ്ദേഹം ബ്രോങ്ക്സ് കാത്തലിക് ചർച്ചിലെ മെംബെർ കൂടിയാണ്.

സെക്രട്ടറി ടെറൻസൺ തോമസ് മൂന്ന് തവണ ഈ അസോസിയേഷന്റെ പ്രസിഡന്റ് ആയും നിരവധി തവണ സെക്രട്ടറി ആയും മറ്റു സ്ഥാനമാനങ്ങളും വഹിച്ചിട്ടുള്ള വ്യക്തിയാണ്. ഫൊക്കാനയുടെ മുൻ സെക്രെട്ടറി കൂടിയായ അദ്ദേഹം ,ന്യൂ യോർക്കിലെ സമുഖ്യ സാംസ്കാരിക രംഗങ്ങളിൽ നിറസാനിദ്യമാണ്.

ട്രഷർ എ . വി . വർഗീസ് അസോസിയേഷന്റെ ആദ്യകാല മെംബെർമാരിൽ ഒരാളാണ് . അസ്സോസിയേഷന്റെ മുൻ പ്രസിഡന്റ് തുടങ്ങി നിരവധി സ്ഥാനങ്ങൾ വഹിച്ചിട്ടുള്ള അദ്ദേഹം ഫോമയുടെ മുൻ കമ്മിറ്റി മെമ്പറും സീനിയർ നേതാവ് കൂടിയാണ്.

വൈസ് പ്രസിഡന്റ് എം . വി കുര്യൻ അസോസിയേഷന്റെ മുൻ പ്രസിഡന്റ് കൂടിയാണ്, ദീർഘകാലമായുള്ള പ്രവർത്തകൻ , കമ്മിറ്റി മെംബേർ , ട്രസ്റ്റീ ബോർഡ് മെംബേർ , ട്രഷർ , വൈസ് പ്രസിഡന്റ് , ട്രസ്റ്റീ ബോർഡ് ചെയർ എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുള്ള വെക്തി കൂടിയാണ്. ഫൊക്കാനയുടെ നേതാവ് കൂടിയാണ്.

ജോയിന്റ് സെക്രട്ടറി ജോൺ കെ മാത്യു (ബോബി) അസോസിയേഷന്റെ മുൻ പ്രസിഡന്റ് കൂടിയാണ്. അസോസിയേഷന്റെ വളരെ കാലമായുള്ള മെംബർ ആണ്. അസ്സോസിയേഷന്റെ കമ്മിറ്റി മെംബർ ട്രസ്റ്റീ ബോർഡ് മെംബേർ, ട്രസ്റ്റി ബോർഡ് ചെയർമാൻ യും പ്രവർത്തിച്ചിട്ടുണ്ട് .ഫൊക്കാനയുടെ നേതാവ് കൂടിയായ അദ്ദേഹം ന്യൂ യോർക്ക് മലയാളീ സമൂഹത്തിൽ നിറസാനിധ്യമാണ് .

ജോയിന്റ് ട്രഷർ ചാക്കോ പി ജോർജ് (അനി) അസോസിയേഷന്റെ വളരെ കാലമായുള്ള മെംബർ ആണ്. അസ്സോസിയേഷന്റെ കമ്മിറ്റി മെംബർ ട്രസ്റ്റീ ബോർഡ് മെംബേർ ട്രസ്റ്റി ബോർഡ് ചെയർമാൻ ആയി രണ്ടു തവണ സേവനം അനുഷ്ടിച്ചിട്ടുള്ള അദ്ദേഹം അഞ്ജലി ട്രാവൽസ് എന്ന ബിസിനസ്സ് സംരംഭം നടത്തിവരുന്ന അദ്ദേഹം ധാരാളം ടൂർ പ്ലാനുകലും നടത്തിവരുന്നു .

അമേരിക്കയിലെ ഏറ്റവും പ്രബലമായ മലയാളീ സംഘടനകളിൽ ഒന്നാണ് വെസ്റ്റ് ചെസ്റ്റർമലയാളി അസോസിയേഷൻ. ഒരു വ്യക്തിയല്ല മറിച്ച്ഒരു സമൂഹമായിത്തന്നെയാണ് അസോസിയേഷന്റെ എക്കാലത്തേയും പ്രവർത്തനങ്ങൾ നടത്തുന്നത്. നിരവധി ചാരിറ്റി പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്ന സംഘടന ആണ് വെസ്റ്റ്ചെസ്റ്റർ .

തെരഞ്ഞെടുക്കപ്പെട്ടവർക്ക് നല്ല ഒരു പ്രവർത്തനം നടത്താൻ ഈ വർഷം കഴിയട്ടെ എന്ന് സ്ഥാനം ഒഴിഞ്ഞ പ്രസിഡന്റ് തോമസ് കോശി തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ ആശംസിച്ചു

# രാജേഷ് മാത്യുവിനെ ഫോമാ നാഷണൽ കമ്മിറ്റിയിലേയ്ക്ക് സതേൺ റീജിയൻ ഹൂസ്റ്റൺ എൻഡോഴ്സ് ചെയ്തു



ഹൂസ്റ്റൺ: അമേരിക്കയിലെ ഏറ്റവും വലിയ ഫെഡറേഷനായ ഫോമായുടെ 2026-2028 കാലയളവിലേക്കുള്ള നാഷണൽ കമ്മിറ്റിയിലേയ്ക്ക് ഹൂസ്റ്റൺ സതേൺ റീജിയൻ എൻഡോഴ്സ് ചെയ്തു. നിലവിൽ സതേൺ റീജിയൻ ഹൂസ്റ്റൺ ചെയർമാനാണ് രാജേഷ് മാത്യു. അപ്നാ ബസാർ ഹോട്ടൽ ഓഡിറ്റോറിയത്തിൽ, ഫോമാ നാഷണൽ പ്രസിഡന്റ് ബേബി മണക്കുന്നേലിന്റെ സാന്നിധ്യത്തിൽ നടന്ന റീജിയൺ മീറ്റിങ്ങിൽ വച്ച് ഏവരും അദ്ദേഹത്തിന് പിന്തുണ അറിയിക്കുകയും വിജയാശംസകൾ നേരുകയും ചെയ്തു. ചടങ്ങിൽ റോയി മാത്യുവിന്റെ നേതൃത്വത്തിൽ ചുമതലയേറ്റ പുതിയ മാഗ് ഭരണ സമിതി അംഗങ്ങളെ പൊന്നാടയണിയിച്ച് ആദരിച്ചു.

ഫോമാ സ്ഥാപക പ്രസിഡന്റ് ശശിധരൻ നായർ, രാജൻ യോഹന്നാൻ, മാത്യൂസ് മുണ്ടയ്ക്കൽ ഉൾപ്പെടെ സതേൺ റീജിയൺ നേതാക്കളും അംഗങ്ങളും യോഗത്തിൽ പങ്കെടുത്തു. അമേരിക്കയിലെത്തിയതു മുതൽ ഫോമായോട് ചേർന്ന് സജീവമായി പ്രവർത്തിക്കുന്ന രാജേഷ് മാത്യു, സതേൺ റീജിയൻ അമേരിക്കയിലും നാട്ടിലും നടത്തുന്ന ചാരിറ്റിയുൾപ്പെടെയുള്ള സാമൂഹിക മുന്നേറ്റങ്ങളിൽ നേതൃത്വം വഹിച്ചിട്ടുണ്ട്. യു.എ.ഇയിലെ റാസൽഖൈമയിൽ 30 വർഷത്തോളം സാ







മൂഹിക സാമുദായിക സംഘടനകളിൽ സേവനമനുഷ്ഠിച്ച സുദീർഘമായ പാരമ്പര്യവുമായാണ് രാജേഷ് മാത്യു അമേരിക്കയിലെത്തുന്നത്.

കഴിഞ്ഞ ആറുവർഷമായി ഹൂസ്റ്റണിലെ പൊതുരംഗത്തെ നിറസാന്നിധ്യമായ രാജേഷ് മാത്യു മാഗിന്റെ പ്രവർത്തനങ്ങളിലെല്ലാം സജീവമായ പങ്കാളിത്തം വഹിക്കുന്ന വ്യക്തിയാണ്. ഹൂസ്റ്റൺ സതേൺ റീജിയന്റെ സ്വപ്ന പദ്ധതികൾ കാലതാമസമില്ലാതെ യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടിയാണ് നാഷണൽ കമ്മിറ്റിയിലേയ്ക്ക് മൽസരിക്കുന്നതെന്നും ഏവരുടെയും പിന്തുണയും പ്രാർത്ഥനയുമുണ്ടാവണമെന്നും രാജേഷ് മാത്യു അഭ്യർത്ഥിക്കുന്നു. ഫോമയുടെ പ്രവർത്തനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും സതേൺ റീജിയന്റെ ശബ്ദം ദേശീയതലത്തിൽ ഉയർത്തി മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നതിനുമായാണ് അനുഭവസമ്പത്തും വിശ്വാസ്യതയും സമൂഹിക പ്രതിബദ്ധതയും കൈമുതലായുള്ള രാജേഷ് മാത്യു പാതു ജന സമക്ഷമെത്തുന്നത്.

ഫോമായുടെ സതേൺ റീജിയൺ സെക്രട്ടറിയായി പ്രവർത്തിച്ച് ജനസമ്മിതി നേടിയിട്ടുള്ള രാജേഷ് മാത്യു ഫോമായുടെ കാൻകൂൺ, പുന്റക്കാന, കേരളാ കൺവൻഷനുകളിൽ പങ്കെടുത്തിട്ടുണ്ട്. ഹൂസ്റ്റണിലെ ഇമ്മാനുവൽ മാർത്തോമ്മാ ചർച്ച് കമ്മിറ്റിയുടെ വിവിധ തലങ്ങളിൽ പ്രവർത്തിച്ചിട്ടുള്ള ഇദ്ദേഹം നിലവിൽ ചർച്ചിന്റെ ട്രസ്റ്റിയാണ്. നാട്ടിലെ വിദ്യാഭ്യാസത്തിന് ശേഷം ഡൽഹിയിൽ ജോലി ചെയ്യവെയാണ് ദുബായിലെത്തിയതും പിന്നീട് അമേരിക്കയിലേയ്ക്ക് കുടിയേറിയതും. അനുഭവ ജ്ഞാനവും സമർപ്പണ മനോഭാവവും ഉൾകാഴ്ചയും സത്യസന്ധതയും പക്വതയുമാണ് രാജേഷ് മാത്യുവിനെ വ്യത്യസ്തനാക്കുന്നത്. ആ സവിശേഷത ഫോമായ്ക്ക് മുതൽക്കൂട്ടാവുമെന്ന് ഏവരും സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു.




Promise, Through the Path of Trust
TEAM PROMISE
FOMAA 2026-28
Mathew Varghese
For President
Johnson Joseph
For Vice President
Anu Skariah
For Gen. Secretary
Reshma Ranjan
For Joint Secretary
Binoy Thomas
For Treasurer
Titto John
For Joint Treasurer
Please Requesting
Your Prayers and Support

# ഫോമാ തിരഞ്ഞെടുപ്പ്: ആറു വനിതാ നേതാക്കളുടെ ഏകോപിത സാന്നിധ്യം ശ്രദ്ധേയമാകും










രേഷ്മ രഞ്ജൻ

ഫോമായുടെ ഇത്തവണത്തെ തിരഞ്ഞെടുപ്പിൽ വനിതാ പ്രതിനിധി സ്ഥാനങ്ങളിലേക്ക് ആറു മേഖലകളിൽ നിന്ന് ആറു വനിതാ നേതാക്കൾ നേരത്തേ തന്നെ രംഗത്തെത്തിയത് സംഘടനയ്ക്കുള്ളിൽ ശ്രദ്ധേയമായ ചലനം സൃഷ്ടിക്കുന്നു. സാധാരണയായി ഫോമായിലെ വനിതാ പ്രതിനിധി സ്ഥാനങ്ങൾ മത്സരമില്ലാതെയാണ് തീരുമാനിക്കാറുള്ളത്. ഇത്തവണ ആറു വനിതാ നേതാക്കൾ മുൻകൂട്ടി സന്നദ്ധത അറിയിച്ചതോടെ, പുതിയ സ്ഥാനാർഥികൾ രംഗത്തെത്താനുള്ള സാധ്യത വളരെ കുറവാണെന്നാണ് വിലയിരുത്തൽ.

ഫോമായുടെ ചരിത്രത്തിൽ നാഷണൽ കമ്മിറ്റി അംഗങ്ങളായും വനിതാ പ്രതിനിധികളായും പ്രവർത്തിച്ച വനിതാ നേതാക്കൾ ശക്തമായ അടയാളമാണ് പതിപ്പിച്ചിട്ടുള്ളത്. കേരളത്തിലെയും അമേരിക്കൻ മലയാളി സമൂഹത്തിലെയും സ്ത്രീകൾക്കും പെൺകുട്ടികൾക്കും ഉപകാരപ്പെടുന്ന നിരവധി സാമൂഹിക, വിദ്യാഭ്യാസ, സാംസ്കാരിക പദ്ധതികൾക്ക് ഇവരുടെ നേതൃത്വം വഴിയൊരുക്കിയിട്ടുണ്ട്.

ഇത്തവണത്തെ കാലയളവിൽ, ആറു വ്യത്യസ്ത മേഖലകളിൽ നിന്നുള്ള ആറു വനിതാ നേതാക്കളാണ് ഒരുമിച്ച് ഫോമായുടെ ദേശീയ വേദിയിലെത്തുന്നത്. വെസ്റ്റേൺ ഹോളിവുഡ് മേഖലയിൽ നിന്ന് സെൽബി കുര്യാക്കോസ്, വെസ്റ്റേൺ മൗണ്ടൻ മേഖലയിൽ നിന്ന് അപർണ ബീന, സതേൺ ഡാലസ് മേഖലയിൽ നിന്ന് ഷേർളി ജോൺ, സെൻട്രൽ മേഖലയിൽ നിന്ന് ആഗ്നസ് മാത്യു, അറ്റ് ലാർജ് റീജിയനിൽ നിന്ന് ഡോ. ഷാനോജ നായിക്, ഗ്രേറ്റ് ലേക്സ് മേഖലയിൽ നിന്ന് സുമിനി ജോർഡാൻ എന്നിവരാണ് വനിതാ പ്രതിനിധി സ്ഥാന










ങ്ങളിലേക്ക് മുന്നോട്ടുവന്നിരിക്കുന്നത്.

വ്യത്യസ്ത തൊഴിൽമേഖലകളിൽ നിന്നുള്ള അനുഭവസമ്പത്തും, പ്രാദേശിക നേതൃത്വപരിചയവും ഈ ആറു നേതാക്കളെ പ്രത്യേകതയാർന്നവരാക്കുന്നു. മേഖലകളുടെ വൈവിധ്യവും കാഴ്ചപ്പാടുകളുടെ സമന്വയവും ഫോമായുടെ വനിതാ നേതൃത്വത്തെ കൂടുതൽ ശക്തമാക്കുമെന്ന് സംഘടനയ്ക്കുള്ളിൽ തന്നെ വിലയിരുത്തപ്പെടുന്നു.

ഈ ആറു വനിതാ നേതാക്കളുടെ ഏകോപിത സാന്നിധ്യം, ഫോമായിൽ സ്ത്രീകളുടെ നേതൃത്വത്തിന് ലഭിച്ചുവരുന്ന ആത്മവിശ്വാസത്തിന്റെയും തുടർച്ചയുടെയും സൂചനയായാണ് കണക്കാക്കപ്പെടുന്നത്. അറിവോടെയും ഉൾക്കൊള്ളലോടെയും ലക്ഷ്യബോധത്തോടെയും സ്ത്രീശാക്തീകരണം മുന്നോട്ടുകൊണ്ടുപോകാനുള്ള പുതുമയുള്ള പ്രതിബദ്ധതയാണ് ഇവർ ഒന്നിച്ച് പ്രതിനിധീകരിക്കുന്നത്.

മികച്ച ലക്ഷ്യങ്ങളും പ്രവർത്തനപാരമ്പര്യവുമായി രംഗത്തു വന്നിരിക്കുന്ന വനിതാ സ്ഥാനാർത്ഥികൾ ഫോമായുടെ ഭാവിക്കു മുതല്കൂട്ടാകുമെന്നതിൽ തർക്കമില്ലെന്ന് ടീം പ്രോമിസ് സ്ഥാനാർഥികളായ മാത്യു വർഗീസ് (പ്രസിഡന്റ്), അനു സ്കറിയ (സെക്രട്ടറി), ബിനോയ് തോമസ് (ട്രഷറർ), ജോൺസൺ ജോസഫ് (വൈസ് പ്രസിഡന്റ്), രേഷ്മ രഞ്ജൻ (ജോയിൻറ് സെക്രട്ടറി), ടിറ്റോ ജോൺ (ജോയിന്റ് ട്രഷറർ) എന്നിവർ ചൂണ്ടിക്കാട്ടി .



# നിയമസഭാ തിരഞ്ഞെടുപ്പ് ചൂടിലേയ്ക്ക് കേരളം; പിണറായിയുടെ മൂന്നാമൂഴത്തിന് തടയിടാൻ യു.ഡി.എഫും എൻ.ഡി.എയും




എ.എസ് ശ്രീകുമാർ

രാഷ്ട്രീയ കേരളം വീണ്ടുമൊരു തിരഞ്ഞെടുപ്പ് ചൂടിലേയ്ക്കമരുകയാണ്. മൂന്ന് മുന്നണികളും ആവേശോജ്വലമായ പ്രചാരണത്തിന് തുടക്കമിട്ടിരിക്കുന്നു. ഹാട്രിക് ഭരണം എന്ന ചരിത്രനേട്ടമാണ് ഇടതുമുന്നണി ലക്ഷ്യമിട്ടിരിക്കുന്നത്. ക്ഷേമവികസന പദ്ധതികൾ വോട്ടാകുമെന്ന് തന്നെ എൽ.ഡി.എഫ് കണക്കുകൂട്ടുന്നു. രണ്ട് തവണയും കൈവിട്ട ഭരണം തിരിച്ചുപിടിക്കുമെന്ന ആത്മവിശ്വാസത്തിലാണ് ഐക്യജനാധിപത്യ മുന്നണി. തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിലെ മിന്നുന്ന വിജയമാണ് യു.ഡി.എഫിന്റെ പ്രതീക്ഷകൾക്ക് കരുത്തേകുന്നത്. സംസ്ഥാന ചരിത്രത്തിലാദ്യമായി തലസ്ഥാന നഗരത്തിൽ ബിജെപി മേയർ എന്ന നേട്ടമാണ് ബി.ജെ.പി മുന്നണിയായ എൻ.ഡി.എയുടെ പ്രതീക്ഷയുടെ കാതൽ.

കേരളമടക്കം നാലു സംസ്ഥാനങ്ങളിലും പുതുച്ചേരിയിലും ഈ വർഷം മേയ്, ജൂൺ മാസങ്ങളിലായി തിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാക്കേണ്ടതുണ്ട്. മാർച്ചിൽ റംസാൻ വ്രതവും ചെറിയ പെരുന്നാളും കഴിഞ്ഞാൽ ഉടൻ തിരഞ്ഞെടുപ്പ് പ്രഖ്യാപനം ഉണ്ടാകും. കേരളത്തിന് പുറമെ അസം, പശ്ചിമ ബംഗാൾ, തമിഴ്നാട്, പുതുച്ചേരി എന്നിവിടങ്ങളിലാണ് തിരഞ്ഞെടുപ്പ്. കേരളത്തിലെ തിരഞ്ഞെടുപ്പ് ഏപ്രിൽ രണ്ടാംവാരം നടന്നേക്കും. ഒറ്റ

ഘട്ടമായിരിക്കും എന്നാണ് സൂചന. വിജ്ഞാപനങ്ങൾ, നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള തീയതി, പോളിംഗ്, വോട്ടെണ്ണൽ എന്നിവ ഉൾപ്പെടെയുള്ള വിശദമായ ഷെഡ്യൂൾ തിരഞ്ഞെടുപ്പ് കമ്മീഷൻ മാർച്ച് ആദ്യം പുറത്തിറക്കുമെന്ന് പ്രതീക്ഷിക്കുന്നു. പതിനാറാമത് നിയമസഭ മേയ് പകുതിയോടെ നിലവിൽ വരും.

നിയമസഭാ തിരഞ്ഞെടുപ്പിൽ യുഡിഎഫ് നൂറിലധികം സീറ്റുകൾ നേടുമെന്നും തോറ്റുകഴിയുമ്പോൾ പിണറായി വിജയൻ കണ്ടംവഴി ഓടുമെന്നുമാണ് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ പറയുന്നത്. മുഖ്യമന്ത്രി യു.ഡി.എഫിന്റെ യാത്രകളെ ശ്രദ്ധിക്കുന്നുണ്ടെന്ന് മാത്രമല്ല, അവിടെ ചർച്ച ചെയ്യേണ്ട വിഷയങ്ങൾ എന്തെല്ലാമായിരിക്കണമെന്നും അദ്ദേഹം പറയുന്നുണ്ട്. ആ ഉപദേശങ്ങളും കൂടി ഞങ്ങൾ സ്വീകരിക്കാമെന്നും സതീശൻ പരിഹസിച്ചു. തിരഞ്ഞെടുപ്പിന് മുന്നോടിയായുള്ള യു.ഡി.എഫിന്റെ 'പുതുയുഗ യാത്ര' വി.ഡി.സതീശനാണ് നയിക്കുന്നത്. തിരഞ്ഞെടുപ്പ് പ്രചാരണം സജീവമാക്കാൻ എൽഡിഎഫ്. വടക്കൻ മേഖല വികസന മുന്നേറ്റ ജാഥ കാസർഗോഡ് കുമ്പളയിൽ നിന്നാണ് തുടമിട്ടത്. വടക്കൻ മേഖലയിൽ ജാഥ നയിക്കുന്നത് സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദനാണ്. തെക്കൻ മേഖല ജാഥ സി.പി.ഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വവും, മധ്യമേഖല ജാഥ കേരളാ കോൺഗ്രസ് (എം) ചെയർമാൻ ജോസ് കെ മാണിയും നയിക്കുന്നു.

അതേസമയം നിയമസഭാ തിരഞ്ഞെടുപ്പിൽ 30 സീറ്റുകളിലെ വിജയം ഉറപ്പാക്കാൻ ബി.ജെ.പി



**ഇടതു മുന്നണി ഹാട്രിക് വിജയം പ്രതീക്ഷിക്കുമ്പോൾ സി.പി.എം മൂന്നാം വട്ടവും പിണറായി വിജയനെ മുഖ്യമന്ത്രിയാക്കാനാണ് കളമൊരുക്കുന്നത്. പിണറായിയുടെ നേതൃത്വത്തിൽ മൂന്നാം തവണയും അധികാരം പിടിക്കുക എന്ന ചരിത്രപരമായ ദൗത്യമാണ് എൽ.ഡി.എഫിന് മുന്നിലുള്ളത്. എന്നാൽ 2025-ലെ തദ്ദേശ തിരഞ്ഞെടുപ്പിലേറ്റ തിരിച്ചടികൾ മുന്നണിക്ക് മറികടക്കേണ്ടതുണ്ട്. വികസന നേട്ടങ്ങളും കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക അവഗണനയും ചർച്ചയാക്കി വോട്ട് പിടിക്കാനാണ് സി.പി.എം ശ്രമിക്കുന്നത്.**

തന്ത്രങ്ങൾ മെനയുന്നുണ്ട്. കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ കേരളത്തിൽ പാർട്ടിക്കു 30 ശതമാനം വോട്ടിലധികം ലഭിച്ച 30 നിയമസഭാ മണ്ഡലങ്ങളിൽ എന്തു വിലകൊടുത്തും വിജയം ഉറപ്പാക്കാനാണ് പാർട്ടി ദേശീയ അധ്യക്ഷൻ നിതിൻ നബിൻ നേതൃത്വത്തോട് ആവശ്യപ്പെട്ടിട്ടുള്ളത്. ഈ മണ്ഡലങ്ങളിൽ ഒരു കക്ഷിയിലും പെടാതെ ചാഞ്ചാടി നിൽക്കുന്ന 10 ശതമാനത്തോളം വോട്ടുണ്ടാകുമെന്ന് നിതിൻ നബിൻ ചൂണ്ടിക്കാട്ടി. ഇതിന് അനുസരിച്ചുള്ള തന്ത്രങ്ങളാവും പാർട്ടി തിരഞ്ഞെടുപ്പിൽ സ്വീകരിക്കുക.നിതിൻ നബിൻ കഴിഞ്ഞ ദിവസം കേരളത്തിലെത്തി പ്രചാരണത്തിന് തുടക്കം കുറിച്ചിരുന്നു.

ഇടതു മുന്നണി ഹാട്രിക് വിജയം പ്രതീക്ഷിക്കുമ്പോൾ സി.പി.എം മൂന്നാം വട്ടവും പിണറായി വിജയനെ മുഖ്യമന്ത്രിയാക്കാനാണ് കളമൊരുക്കുന്നത്. പിണറായിയുടെ നേതൃത്വത്തിൽ മൂന്നാം തവണയും അധികാരം പിടിക്കുക എന്ന ചരിത്രപരമായ ദൗത്യമാണ് എൽ.ഡി.എഫിന് മുന്നിലുള്ളത്. എന്നാൽ 2025-ലെ തദ്ദേശ തിരഞ്ഞെടുപ്പിലേറ്റ തിരിച്ചടികൾ മുന്നണിക്ക് മറികടക്കേണ്ടതുണ്ട്. വികസന നേട്ടങ്ങളും കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക അവഗണനയും ചർച്ചയാക്കി വോട്ട് പിടിക്കാനാണ് സി.പി.എം ശ്രമിക്കുന്നത്. യുവനേതൃത്വത്തെ മുൻനിർത്തിയുള്ള പ്രചാരണ പരിപാടികളും മുന്നണി ആസൂത്രണം ചെയ്യുന്നുണ്ട്. 2026-ലെ തിരഞ്ഞെടുപ്പിലും മുഖ്യമന്ത്രി പിണറായി വിജയൻ തന്നെ ഇടതു

മുന്നണിയെ നയിക്കുമെന്ന് പാർട്ടി നേതൃത്വം സ്ഥിരീകരിച്ചിട്ടുണ്ട്. ഘടകകക്ഷികളായ സി.പി.ഐ, കേരള കോൺഗ്രസ് (എം) എന്നിവരുമായി ചേർന്നാണ് സി.പി.എം മുന്നണിയെ മുന്നോട്ടു കൊണ്ടു പോകുന്നത്.

വിഡി സതീശന്റെ നേതൃത്വത്തിൽ യു.ഡി.എഫ് വലിയ ആത്മവിശ്വാസത്തിലാണ് തിരഞ്ഞെടുപ്പ് രംഗത്തുള്ളത്. തദ്ദേശ തിരഞ്ഞെടുപ്പിലെ മിന്നും വിജയവും ഭരണവിരുദ്ധ വോട്ടുകൾ സമാഹരിക്കാൻ ആകുമെന്ന പ്രതീക്ഷയും കോൺഗ്രസ് നേതൃത്വം നൽകുന്ന മുന്നണിയ്ക്കുണ്ട്. സ്ഥാനാർഥി നിർണ്ണയത്തിലെ തർക്കങ്ങളും ഗ്രൂപ്പ് പോരുമാണ് യു.ഡി.എഫിന് എപ്പോഴും വിനയാകുന്നത്. ഇത് മറികടക്കാൻ സ്ക്രീനിങ് കമ്മിറ്റികൾ നേരത്തെ തന്നെ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.പ്രതിപക്ഷ നേതാവ് എന്ന നിലയിൽ കഴിഞ്ഞ അഞ്ച് വർഷത്തെ പ്രവർത്തനങ്ങൾ മുൻനിർത്തി വി.ഡി സതീശനാണ് ഐക്യജനാധിപത്യ മുന്നണിയെ നയിക്കുന്നത്. മുസ്ലീം ലീഗ്, കേരളാ കോൺഗ്രസ് തുടങ്ങിയ പാർട്ടി നേതൃത്വവുമായി കൂട്ടായ പ്രവർത്തനത്തിനാണ് കോൺഗ്രസിന്റെ ശ്രമം.

കേരളത്തിൽ ബി.ജെ.പി ഇത്തവണ വലിയ പ്രതീക്ഷയിലാണ്. തിരുവനന്തപുരം കോർപറേഷനിൽ നേടിയ മുന്നേറ്റം നിയമസഭയിലും ആവർത്തിക്കാനാകുമെന്നാണ് രാജീവ് ചന്ദ്രശേഖർ നേതൃത്വം നൽകുന്ന പാർട്ടി കരുതുന്നത്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേരിട്ടുള്ള ഇടപെടലുകളും കേന്ദ്ര പദ്ധതികളുടെ പ്രചാരണവും ക്രൈസ്തവ വോട്ടുകളിൽ ലക്ഷ്യമിട്ടുള്ള തന്ത്രങ്ങളും ബി.ജെ.പി നേതൃത്വം നൽകുന്ന എൻ.ഡി.എയ്ക്ക് അനുകൂലമാകുമെന്ന് അവർ കണക്കുകൂട്ടുന്നു.

എൻ.ഡി.എ വലിയ ആത്മവിശ്വാസത്തോടെയാണ് മത്സരരംഗത്തുള്ളത്. തദ്ദേശ തിരഞ്ഞെടുപ്പ് ഫലങ്ങളും ദേശീയതലത്തിലെ മാറ്റങ്ങളും മുന്നണിക്ക് വലിയ ഊർജ്ജം നൽകിയിട്ടുണ്ട്. തിരഞ്ഞെടുപ്പിൽ കേരളത്തിന്റെ ചുമതല ദേശീയ ജനറൽ സെക്രട്ടറി വിനോദ് താവ്ഡെയ്ക്കും സഹചുമതല കേന്ദ്രമന്ത്രി ശോഭ കരന്തലജെക്കുമാണ്. നരേന്ദ്ര മോദി സർക്കാരിന്റെ വികസന പദ്ധതികൾ കേരളത്തിലും നടപ്പിലാക്കാൻ ബി.ജെ.പിക്ക് വോട്ട് ചെയ്യുക എന്ന മുദ്രാവാക്യം തന്നെയാണ് എൻ.ഡി.എ ഉയർത്തുന്നത്. ബി.ഡി.ജെഎസിനൊപ്പം ട്വന്റി 20-യും മുന്നണിയിലേക്കെത്തിയത് ചില മണ്ഡലങ്ങളിൽ നേട്ടമാകുമെന്നാണ് പ്രതീക്ഷ.

പതിനഞ്ചാം കേരള നിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പ് 2021 ഏപ്രിൽ 6-നാണ് നടന്നത്. മേയ് 2-ന് വോട്ടെണ്ണലും ഫലപ്രഖ്യാപനവും നടന്നു. നിലവിൽ ഭരണത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി മുൻ തിരഞ്ഞെടുപ്പിനേക്കാൾ 8 സീറ്റുകൾ കൂടുതൽ കരസ്ഥമാക്കി 99 സീറ്റുകളുമായി അധികാരം നിലനിർത്തി. 1982-ലെ തിരഞ്ഞെടുപ്പിന് ശേഷം ഒരു സഖ്യം സംസ്ഥാനത്ത് തുടർച്ചയായി വിജയിക്കുന്നത് ആദ്യമായിരുന്നു. 2016-നെ അപേക്ഷിച്ച് 6 സീറ്റ് കുറവോടെ ബാക്കിയുള്ള 41 സീറ്റുകൾ യു.ഡി.എഫ് നേടി. എൻ.ഡി.എക്ക് നിയമസഭയിൽ നിലവിലുണ്ടായിരുന്ന ബി.ജെ.പിയുടെ ഏക സീറ്റും നഷ്ടപ്പെട്ടു.



**വിഡി സതീശന്റെ നേതൃത്വത്തിൽ യു.ഡി.എഫ് വലിയ ആത്മവിശ്വാസത്തിലാണ് തിരഞ്ഞെടുപ്പ് രംഗത്തുള്ളത്. തദ്ദേശ തിരഞ്ഞെടുപ്പിലെ മിന്നും വിജയവും ഭരണവിരുദ്ധ വോട്ടുകൾ സമാഹരിക്കാൻ ആകുമെന്ന പ്രതീക്ഷയും കോൺഗ്രസ് നേതൃത്വം നൽകുന്ന മുന്നണിയ്ക്കുണ്ട്. സ്ഥാനാർഥി നിർണ്ണയത്തിലെ തർക്കങ്ങളും ഗ്രൂപ്പ് പോരുമാണ് യു.ഡി.എഫിന് എപ്പോഴും വിനയാകുന്നത്. ഇത് മറികടക്കാൻ സ്ക്രീനിങ് കമ്മിറ്റികൾ നേരത്തെ തന്നെ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.**

# ഷോൺ മക്കാർത്തി നോർത്ത് ഹെമ്പ്സ്റ്റഡ് ടൗൺ സൂപ്പർവൈസർ സ്ഥാനത്തേക്ക് മത്സരിക്കുന്നു




ന്യൂയോർക്ക് : നാസോ കൗണ്ടി പോലീസ് ഡിപ്പാർട്മെന്റിൽ 33 വർഷത്തെ സേവനാനുഭവമുള്ള മുൻ കമാൻഡിങ് ഓഫീസർ ഷോൺ മക്കാർത്തി (62), നോർത്ത് ഹെമ്പ്സ്റ്റഡ് ടൌൺ സൂപ്പർവൈസർ സ്ഥാനത്തേക്ക് മത്സരിക്കുന്നതായി ഔദ്യോഗികമായി പ്രഖ്യാപിച്ചു.

പോർട്ട് വാഷിംഗ്ടണിലെ ഫൈൻ മക് കൂൾസ് ഐറിഷ് റെസ്റ്റോറന്റിൽ ഫെബ്രുവരി 3-നാണ് പ്രചാരണ കിക്ക്-ഓഫ് നടന്നത്. ടൗൺ ഭരണസംവിധാനം കൂടുതൽ കാര്യക്ഷമമാക്കുകയാണ് തന്റെ ലക്ഷ്യമെന്ന് മക്കാർത്തി വ്യക്തമാക്കി. ടൗണിന്റെ മാസ്റ്റർപ്ലാൻ പുതുക്കൽ, ബിൽഡിങ് ഡിപ്പാർട്മെന്റിന്റെ നവീകരണം, കൂടാതെ മുതിർന്ന പൗരന്മാർക്ക് സേവനങ്ങൾ നൽകുന്ന പ്രോജക്റ്റ് ഇൻഡിപെൻഡൻസ് പദ്ധതി വർധിപ്പിക്കൽ എന്നിവയാണ് തന്റെ മുഖ്യ അജണ്ടകൾ എന്നും അദ്ദേഹം അറിയിച്ചു.

പോലീസ് ഡിപ്പാർട്മെന്റിലെ 33 വർഷത്തെ അനുഭവം ടൗൺ സൂപ്പർവൈസർ എന്ന ഉത്തരവാദിത്തം ഏറ്റെടുക്കാൻ ആത്മവിശ്വാസം നൽകുന്നു- മക്കാർത്തി പറഞ്ഞു.

2026-ലെ തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ നാസോ കൗണ്ടി ഡെമോക്രാറ്റിക് പാർട്ടി മക്കാർത്തിയെ ഔദ്യോഗിക സ്ഥാനാർഥിയായി തിരഞ്ഞെടുത്തിട്ടുണ്ട്. കിക്ക്-ഓഫ് ചടങ്ങിൽ കളത്തിൽ വർഗീസ് അടക്കം നിരവധി തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളും സാമൂഹ്യ-രാഷ്ട്രീയ നേതാക്കളും പങ്കെടുത്തു.

അമേരിക്കയിലെ മലയാളി സമൂഹം സജീവമായി ഇടപെടുന്ന നാസോ കൗണ്ടി രാഷ്ട്രീയത്തിൽ, ഭരണപരിചയവും നിയമസംരക്ഷണ പശ്ചാത്തലവും ഉള്ള മക്കാർത്തിയുടെ സ്ഥാനാർഥിത്വം ശ്രദ്ധേയമായ മാറ്റങ്ങൾക്കു വഴിയൊരുക്കുമെന്ന് തന്നെയാണ് വിലയിരുത്തൽ.




SPECTRUM
AUTO
Exceeding Perfection
CERTIFIED COLLISION CENTER
TESLA
APPROVED COLLISION CENTER
GOLD CLASS
PLATINUM
5.0 average rating
OEM CERTIFICATIONS
INFINITI
RAM
ACURA
Jeep
KIA
NISSAN
SCAN ME
845 348 7777 | SPECTRUMAUTOINC.COM
175 SOUTH ROUTE 303, WEST NYACK, NY 10994

# ആന്റോ വർക്കിയെ ഇന്ത്യാ കാത്തലിക് അസോസിയേഷൻ ട്രസ്റ്റീ ബോർഡ് ചെയർമാനായി തെരെഞ്ഞെടുത്തു



ന്യൂ യോർക് : ഇന്ത്യാ കാത്തലിക് അസോസിയേഷന്റെ 2026 വർഷത്തെ ട്രസ്റ്റീ ബോർഡ് ചെയർമാനായി ആന്റോ വർക്കിയെ തെരെഞ്ഞെടുത്തു. ചെയർമാൻ ലിജോ ജോണിന്റെ അധ്യക്ഷതയിൽ കൂടിയ ബോർഡ് ഓഫ് ട്രസ്റ്റിയുടെ സൂം മീറ്റിങ്ങിലാണ് 2026 വർഷത്തെ ട്രസ്റ്റീ ബോർഡ് ചെയർമാനായി ആന്റോ വർക്കിയെയും ബോർഡ് മെമ്പറായി റോയ് ആന്റണിയെയും തെരെഞ്ഞെടുത്തത്

ആന്റോ വർക്കി അസോസിയേഷന്റെ മുൻ പ്രസിഡന്റും വൈസ് പ്രസിഡന്റും സെക്രട്ടറിയുമായിരുന്നു. നിലവിൽ ബോർഡ് ഓഫ് ട്രസ്റ്റീ മെമ്പറായി പ്രവർത്തിച്ചു വരികയായിരുന്നു. സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ തനതായ വ്യക്തി മുദ്ര പതിപ്പിച്ച അദ്ദേഹം അമേരിക്കയിലെ ഏറ്റവും വലിയ മലയാളി അസോസിയേഷനുകളിൽ ഒന്നായ വെസ്റ്റ് ചെസ്റ്റർ മലയാളി അസോസിയേഷന്റെ സെക്രട്ടറിയും പ്രസിഡന്റുമായിരുന്നു. ഫൊക്കാന ന്യൂ യോർക് റീജിയണൽ വൈസ് പ്രസിഡന്റായി പ്രവർത്തിച്ചു വരുന്ന ആന്റോ മികവുറ്റ സംഘാടകൻ കൂടിയാണ്. ചാരിറ്റി പ്രവർത്തങ്ങളിൽ സജീവ സാന്നിധ്യമായ ആന്റോ സീറോ മലബാർ ബ്രോൺസ് എസ് എം സി സി യുടെ പ്രസിഡന്റും വൈസ് മെൻസ് ഇന്റർനാഷണൽ വെസ്റ്റ് ചെസ്റ്റർ ചാപ്റ്ററിന്റെ കമ്മിറ്റി മെമ്പറുമായിരുന്നു. ഇന്ത്യാ കാത്തലിക് അസോസിയേഷന്റെ പ്രസിഡന്റായിരുന്നപ്പോൾ ചിറമേൽ അച്ചന്റെ ഹംഗർ ഹണ്ട് പ്രസ്ഥാനത്തിന് ഒരു മിനി ട്രക്ക് വാങ്ങി നൽകുവാൻ നേതൃത്വം വഹിച്ചു. കൂടാതെ, പുനലൂരിലുള്ള സിസ്റ്റർ റോസിലിന്റെ സ്നേഹതീരം അഗതി മന്ദിരത്തിനു സഹായം എത്തിക്കുവാനും തുടങ്ങി, അതിപ്പോഴും തുടരുന്നു.

റോയ് ആന്റണി അസോസിയേഷന്റെ കഴിഞ്ഞ രണ്ടു വർഷത്തെ പ്രസിഡന്റായിരുന്നു. ഇന്ത്യാ കാത്തലിക് അസോസിയേഷന്റെ ജോയിന്റ് സെക്രട്ടറി, സെക്രട്ടറി, വൈസ് പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. ചാരിറ്റി പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകി വരുന്ന അസോസിയേഷൻ റോയ് ആന്റണിയുടെ നേതൃത്വത്തിൽ കഴിഞ്ഞ വർഷം കേരളത്തിൽ രണ്ടു വീടുകൾ വച്ചുനൽകുകയും ചെയ്തു.








Anto Varkey


Roy Antony













Happy New Year
TEAM EMPOWER
FOKANA 2026-28
LEELA MARET PANEL
FOKANA 2026-2028
TEAM EMPOWER
MRS. LEELA MARET
(President)
MR. GEORGE OALICKAL
(General Secretary)
MRS. REVATHI PILLAI
(Treasurer)
MR. LINDO JOLLY
(Executive Vice President)
MR. LAGI THOMAS
(Vice President)
DR. BRIGIT GEORGE
(Associate Secretary)
MRS. FANCIMOL
(Associate Treasurer)
MR. SHAJI SAMUEL
(Add. Associate Sec)
MR. DEVASSY PALATTY
(Add. Associate Treasurer)
MRS. SAROOPA ANIL
(Women's Forum Chair)
REGIONAL VICE PRESIDENTS
MR. AJITH CHANDY
( RVP Pennsylvania)
MR. VINOY KURIAN
(RVP Texas)
MR. JOJI MATHAI
(RVP chicago)
MR. JOHN MATHEW
( RVP British Columbia)
MRS. USHA GEORGE
( RVP NEWYORK)
DR. GEETHA GEORGE
(RVP California)
MR. JOHN VARGHESE
(RVP Georgia)
MR. SHIVA PRAKASH
(RVP New England)
MR. STANLY ETHUNICKAL
(RVP Washington)
NATIONAL COMMITTE MEMBERS
MR. SAJ KAVINTE ARIKATH
( Florida)
MR. MATHEW CHERIAN
(Pennsylvania)
MR. LIBIN KURIAN
(Philadelphia)
MR. RONY VARGHESE
(Philadelphia)
MR. ABHILASH JOHN
(Philadelphia)
MR. NIJO PUTHENPURACKAL
(Washington)
MRS. SUBI BABU
( Atlanta)
MRS. MARY JOSEPH
(Boston)
MRS.SOSAMMA ANDREWS
(New York)
MR. JINS JOSEPH
(New York)
MR. THOMAS ZACHARIAH
(New York)
MR. ROY MANNIKKAROTT
(California)
MR. BIJU GEORGE
(Canada)
MR. ANEESH KUMAR
( Canada)
YOUTH COMMITTEE MEMBERS
MR. AKHIL VIJAY
(Florida)
MRS. CHRYSTAL LAL
(Canada)
MRS. ANITHA GEORGE
(Canada)
MRS. FAITH ELDOW
(Philadelphia)
ASHITHA ALEX
(Newyork)
Happy New Year
ZION - +91 790 297 5082
fokanateamempower@gmail.com

# കെ.എച്ച്.എൻ.എ ഡി.സി. റീജിയണൽ വൈസ് പ്രസിഡന്റായി നാരായണൻകുട്ടി മേനോൻ




വാഷിംഗ്ടൺ : നോർത്ത് അമേരിക്കയിലെ മലയാളി ഹിന്ദുക്കളുടെ ദേശീയ സംഘടനയായ **Kerala Hindus of North America (KHNA)** യുടെ ഡി.സി. റീജിയണൽ വൈസ് പ്രസിഡന്റായി (RVP) നാരായണൻകുട്ടി മേനോനെ നിയമിച്ചു. വാഷിംഗ്ടൺ ഡി.സി., മേരിലാൻഡ്, വിർജീനിയ, വെസ്റ്റ് വിർജീനിയ എന്നീ പ്രദേശങ്ങൾ ഉൾപ്പെടുന്ന ഡി.സി. മേഖലയിൽ സംഘടനയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും സാമൂഹികസാംസ്കാരിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നതാണ് അദ്ദേഹത്തിന്റെ പ്രധാന ചുമതല.

പ്രവാസി മലയാളി സമൂഹത്തിൽ ദീർഘകാല സംഘടനാനുഭവമുള്ള നേതാവാണ് നാരായണൻകുട്ടി മേനോൻ. **Kerala Association of Greater Washington (KAGW)** യുടെ മുൻ പ്രസിഡന്റായി പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം, സമൂഹ സംഘടനകളെ സജീവമാക്കുന്നതിലും അംഗങ്ങളെ ഒരുമിപ്പിക്കുന്നതിലും ശ്രദ്ധേയമായ പങ്ക് വഹിച്ചിട്ടുണ്ട്. ഇതിന് മുൻപ് ഡി.സി. മേഖലയിൽ KHNAയുടെ റീജിയണൽ വൈസ് പ്രസിഡന്റായി സേവനമനുഷ്ഠിച്ച അനുഭവവും അദ്ദേഹത്തിനുണ്ട്.

സാമൂഹിക സേവന രംഗത്ത് സജീവ സാന്നിധ്യമുള്ള നാരായണൻകുട്ടി മേനോൻ, **Nair Society of Greater Washington (NSGW)** യിൽ പ്രവർത്തിക്കുന്ന സജീവ വോളന്റിയറുമാണ്. പ്രവാസി സമൂഹത്തിന്റെ സാമൂഹികസാംസ്കാരിക ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതും സംഘടനകൾ തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തുന്നതുമാണ് അദ്ദേഹത്തിന്റെ പ്രവർത്തന ശൈലി.

തന്റെ നിയമനത്തെക്കുറിച്ച് പ്രതികരിച്ചുകൊണ്ട് നാരായണൻകുട്ടി മേനോൻ പറഞ്ഞു:

“സമൂഹ സേവനത്തിലൂടെ ഐക്യവും മൂല്യബോധവും ശക്തിപ്പെടുത്താനാണ് എന്റെ ശ്രമം. KHNAയുടെ ദൗത്യവുമായി വീണ്ടും ചേർന്ന് പ്രവർത്തിക്കാൻ ലഭിച്ച അവസരം ഞാൻ അഭിമാനത്തോടെ ഏറ്റെടുക്കുന്നു.”

നാരായണൻകുട്ടി മേനോന്റെ നിയമനത്തെ സ്വാഗതം ചെയ്തുകൊണ്ട് KHNA പ്രസിഡന്റ് T. Unnikrishnan പറഞ്ഞു: “കെ.എച്ച്.എൻ.എയുടെ പ്രവർത്തനങ്ങളിൽ വർഷങ്ങളായുള്ള അനുഭവസമ്പത്തുള്ള നേതാവാണ് നാരായണൻകുട്ടി മേനോൻ. ഡി.സി. മേഖലയിലെ കുടുംബങ്ങളെ ആത്മവിശ്വാസത്തോടെയും ഐക്യത്തോടെയും മുന്നോട്ട് നയിക്കാൻ അദ്ദേഹത്തിന്റെ നേതൃത്വം നിർണായകമാകും”

ജനറൽ സെക്രട്ടറി സിനു നായർ, ട്രഷറർ അശോക് മേനോൻ, വൈസ് പ്രസിഡന്റ് കെ.വി. സഞ്ജീവ് കുമാർ, ജോയിന്റ് സെക്രട്ടറി ശ്രീകുമാർ ഹരിലാൽ, ജോയിന്റ് ട്രഷറർ അപ്പുക്കുട്ടൻ പിള്ള എന്നിവർ ഉൾപ്പെടുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയും ട്രസ്റ്റി ബോർഡ് അംഗങ്ങളും നാരായണൻകുട്ടി മേനോന് ഹൃദയപൂർവ്വമായ ആശംസകൾ നേർന്നു.


Spice Village
TODDY SHOP
കള്ള് ഷാപ്പ്
ഷാപ്പിലെ കറികളും
നല്ല നാടൻ കള്ളും
Kallummakkaya (കല്ലുമ്മക്കായ)
Duck Mappas (താറാവ് മപ്പാസ്)
Meen Curry (മീൻകറി)
Mathi Varuthathu (മത്തി വറുത്തത്)
Beef Coconut Fry (പോത്ത് ഉലർത്ത്)
Crab Roast (ഞണ്ട് റോസ്റ്റ്)
Kappa (കപ്പ)
Idiyappam/Paratha (ഇടിയപ്പം പറോട്ട)
വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ 5-10 PM
8 Columbus Avenue, Tuckahoe, NY.
+1 (914) 779-5400 spicevillageny@gmail.com
www.spicevillageny.com

# സൗത്ത് ഇന്ത്യൻ യുഎസ് ചേംബർ ഓഫ് കൊമേഴ്സിനെ ഇനി ഡോ. ജോർജ് എം. കാക്കനാട്ട് നയിക്കും; പുതിയ ഭാരവാഹികളായി




ഹൂസ്റ്റൺ: യുഎസിലെ ഹൂസ്റ്റൺ ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രമുഖ ബിസിനസ് സംഘടനയായ സൗത്ത് ഇന്ത്യൻ യുഎസ് ചേംബർ ഓഫ് കൊമേഴ്സിന്റെ (SI-UCC) പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. സാമൂഹിക പ്രവർത്തകനും മാധ്യമപ്രവർത്തകനുമായ ഡോ. ജോർജ്ജ് എം. കാക്കനാട് ആണ് പുതിയ പ്രസിഡന്റ്. ബ്രൂസ് കൊളംബേലിനെ സെക്രട്ടറിയായും സണ്ണി കാരിയ്ക്കലിനെ ട്രഷററായും ഐകകണ്ഠ്യേന തിരഞ്ഞെടുത്തു. അമേരിക്കയിലെ ഇന്ത്യൻ ബിസിനസ് സമൂഹത്തിന്റെ വളർച്ചയ്ക്കും ഉന്നമനത്തിനുമായി പ്രതിജ്ഞാബദ്ധമായ സംഘടനയെ വരും വർഷങ്ങളിൽ കൂടുതൽ കരുത്തോടെ മുന്നോട്ട് നയിക്കാൻ പുതിയ ഭരണസമിതിക്ക് സാധിക്കുമെന്ന് യോഗം വിലയിരുത്തി.

പതിനഞ്ചാം വാർഷികവും ബിസിനസ് കോൺക്ലേവും

കഴിഞ്ഞ 15 വർഷത്തിലേറെയായി ഹൂസ്റ്റണിലെ ബിസിനസ് മേഖലയിൽ നിർണ്ണായക സ്വാധീനമായി മാറിയ SIUCC, പുതിയ സംരംഭകർക്ക് മാർഗനിർദ്ദേശങ്ങൾ നൽകുന്നതിലും ബിസിനസ് സൗഹൃദ നയങ്ങൾക്കായി വാദിക്കുന്നതിലും മുൻപന്തിയിലുണ്ട്. സംഘടനയുടെ 15-ാം വാർഷികത്തോടനുബന്ധിച്ച് വിപുലമായ രീതിയിലുള്ള ബിസിനസ് കോൺക്ലേവ് സംഘടിപ്പിക്കുമെന്ന് സെക്രട്ടറി ബ്രൂസ് കൊളംബേൽ അറിയിച്ചു. ബിസിനസ് സ്ഥാപനങ്ങളെ കോർത്തിണക്കി കൂടുതൽ ചിട്ടയായ പ്രവർത്തനങ്ങൾ വരും നാളുകളിൽ കാഴ്ചവെക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

**അനുഭവസമ്പത്തും പുതിയ ദിശാബോധവും**

സ്ഥാപക പ്രസിഡന്റ് ഡോ. ജോർജ്ജ് കാക്കനാട്, സ്ഥാപക ട്രഷറർ സണ്ണി കരിക്കൽ എന്നിവരുടെ നേതൃത്വത്തിലുള്ള അനുഭവസമ്പത്ത് സംഘടനയെ പുതിയ ഉയരങ്ങളിലെത്തിക്കുമെന്ന് സ്ഥാപക സെക്രട്ടറി ജോർജ്ജ് കൊളാച്ചേരിൽ പ്രത്യാശ പ്രകടിപ്പിച്ചു. നിലവിൽ 35 അംഗ ബോർഡ് ഓഫ് ഡയറക്ടേഴ്സുമായി പ്രവർത്തിക്കുന്ന സംഘടനയിലേക്ക് കൂടുതൽ അംഗങ്ങൾ എത്തുന്നത് വളർച്ചയുടെ അടയാളമാണെന്ന് മുൻ പ്രസിഡന്റ് ഫിലിപ്പ് കൊച്ചുമ്മൻ അഭിപ്രായപ്പെട്ടു.

പുതുതായി തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ ബിസിനസ് മേഖലയിൽ അഗ്രഗണ്യരും കമ്മ്യൂണിറ്റിക്ക് പ്രിയപ്പെട്ടവരുമാണെന്നും, ഇത് സംഘടനയുടെ അടുത്ത ഘട്ടത്തിലേക്കുള്ള വളർച്ചയ്ക്ക് സഹായകമാകുമെന്നും മുൻ പ്രസിഡന്റും നിലവിൽ ഫോമയുടെ പ്രസിഡന്റുമായി ബേബി മണക്കുന്നേൽ പറഞ്ഞു. ബിസിനസ് മേഖലയിലെ മുൻഗണനകൾ പുതുക്കി നിശ്ചയിക്കാനുള്ള പുതിയ ടീമിന്റെ തീരുമാനം ശ്ലാഘനീയമാണെന്ന് മുൻ പ്രസിഡന്റ് ജിജി ഓലിക്കൻ അഭിപ്രായപ്പെട്ടു.

പുതിയ സംരംഭകർക്ക് അമേരിക്കയിലെ ബിസിനസ് സാധ്യതകൾ മനസ്സിലാക്കി കൊടുക്കുന്നതിനും അവർക്ക് ആവശ്യമായ പിന്തുണ നൽകുന്നതിനും സംഘടന എന്നും ഒപ്പമുണ്ടാകുമെന്ന് മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ ജിജു കുളങ്ങര അറിയിച്ചു. ദേശീയ-അന്തർദേശീയ തലങ്ങളിൽ ഇന്ത്യൻ ബിസിനസ് സമൂഹത്തിന് കരുത്തു പകരാനുള്ള കർമ്മപദ്ധതികളുമായി SIUCC മുന്നോട്ട് കുതിക്കണമെന്ന് മുൻ പ്രസിഡന്റ് സക്കറിയ കോശി അഭിപ്രായപ്പെട്ടു.

**പുതിയ ഭരണസമിതി അംഗങ്ങൾ:**

പ്രസിഡന്റ്: ഡോ. ജോർജ്ജ് എം. കാക്കനാട്

വൈസ് പ്രസിഡന്റ്: ജോമോൻ ഇടയാടിയിൽ

സെക്രട്ടറി: ബ്രൂസ് കൊളംബേൽ

ജോയിന്റ് സെക്രട്ടറി: സോണി ജോസഫ്

ട്രഷറർ: സണ്ണി കാരിക്കൽ

ജോയിന്റ് ട്രഷറർ: സാം സുരേന്ദ്രൻ

ബിസിനസ് മേഖലയിൽ കരുത്തായി 15 വർഷങ്ങൾ

ഹൂസ്റ്റണിലെ ഇന്ത്യൻ ബിസിനസ് സമൂഹത്തിന്റെ വളർച്ച ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന SIUCC (South Indian US Chamber of Commerce) വിജയകരമായ 15 വർഷങ്ങൾ പിന്നിടുന്നു. പ്രാദേശിക സാമ്പത്തിക വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനായി ബിസിനസ് സ്ഥാപനങ്ങളുടെ ഒരു സന്നദ്ധ കൂട്ടായ്മയായിട്ടാണ് SIUCC പ്രവർത്തിക്കുന്നത്.

വ്യവസായ മേഖലയ്ക്ക് അനുകൂലമായ ബിസിനസ് സൗഹൃദ നയരൂപീകരണത്തിനായി ഭരണകൂടങ്ങളിൽ സമ്മർദ്ദം ചെലുത്തുന്നു, സംരംഭകർക്ക് പരസ്പരം ബന്ധപ്പെടാനും സഹകരിക്കാനും വേദിയൊരുക്കുന്നു, പുതിയ ബിസിനസ് അവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാമ്പത്തിക ഉന്നമനത്തിനുമായി നിരന്തരം പ്രവർത്തിക്കുന്നു, ബിസിനസ് സ്ഥാപനങ്ങൾക്ക് മികച്ച പ്രതിച്ഛായയും വിശ്വാസ്യതയും ഉറപ്പാക്കാൻ സഹായിക്കുന്നു തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ സംഘടന വ്യവസായി സമൂഹത്തിനിടെ ആഴത്തിൽ ഇറങ്ങി ചെന്നിരിക്കുന്നു.

ഹൂസ്റ്റണിലെ ഇന്ത്യൻ ബിസിനസ് സമൂഹത്തിന്റെ ഉന്നമനത്തിനായി സുതാര്യവും ആധികാരികവുമായ ഇടപെടലുകളാണ് SIUCC നടത്തി വരുന്നത്. സംഘടനയുടെ പത്താം വാർഷികാഘോഷം ഹൂസ്റ്റണിലെ പ്രമുഖ സാമൂഹിക-രാഷ്ട്രീയ നേതാക്കളുടെ സാന്നിധ്യത്തിൽ ചരിത്രപരമായ ചടങ്ങായി മാറിയിരുന്നു.


Lakshmi classic
bride's
collections
പട്ടിന്റെ
ഏറ്റവും മഹത്തായ
മേൽവിലാസം....
Lakshmi Silks
THE AUTHENTIC SILK PEOPLE
T.B ROAD, KOTTAYAM
NRI CUSTOMER CARE SERVICE
+91 88916 51904
+91 88911 51907

# ഡാൻസ് പേ ചാൻസ് പരിപാടി വൻവിജയം



ന്യൂജേഴ്സി: സീറോ ഡിഗ്രിക്ക് താഴെ കടുത്ത തണുപ്പും കാറ്റും അവഗണിച്ച്, ഇന്ത്യൻ-അമേരിക്കൻ സമൂഹത്തിന്റെ സാംസ്കാരിക അഭിമാനമായി മാറിയ 'ഡാൻസ് പെ ചാൻസിന്റെ' 43-ാം പതിപ്പ് വൻ വിജയമായി. ഫെഡറേഷൻ ഓഫ് ഇന്ത്യൻ അസോസിയേഷൻസ് (എഫ്ഐഎ) സംഘടിപ്പിച്ച ഈ ഫ്ലാഗ്ഷിപ്പ് പരിപാടി ന്യൂജേഴ്സിയിലെ പാട്രിയറ്റ്സ് തീയറ്റർ അറ്റ് ദി വാർ മെമ്മോറിയലിൽ ശനിയാഴ്ചയാണ് നടന്നത്. ഇന്ത്യയുടെ 77-ാം റിപ്പബ്ലിക് ദിനവും 'വന്ദേ മാതരം' ഗാനത്തിന്റെ 150-ാം വാർഷികവും ആഘോഷിക്കുന്നതിന്റെ ഭാഗമായാണ് പരിപാടി സംഘടിപ്പിച്ചത്. ടിക്കറ്റുകൾ മുഴുവനായും വിറ്റഴിഞ്ഞ സായാഹ്നത്തിൽ 2,200-ലധികം കാണികൾ പങ്കെടുത്തു.

അമേരിക്കയിലെ ഏറ്റവും വലിയ ഇന്ത്യൻ-അമേരിക്കൻ നൃത്തമത്സരങ്ങളിലൊന്നെന്ന സ്ഥാനം വീണ്ടും ഉറപ്പിച്ച ഈ പരിപാടിയിൽ, 18 പ്രമുഖ ഡാൻസ് അക്കാദമികളിൽ നിന്നായി ഏകദേശം 870 കുട്ടികളും യുവാക്കളും പങ്കെടുത്തു. മൈനർ, ജൂനിയർ, സീനിയർ, അഡൾട്ട് വിഭാഗങ്ങളിലായി 31 അവതരണങ്ങളാണ് അരങ്ങേറിയത്. ഇന്ത്യൻ ക്ലാസിക്കൽ, ഫോക്ക്, ബോളിവുഡ്, സമകാലിക നൃത്തശൈലികൾ ചേർന്ന അവതരണങ്ങൾ ഇന്ത്യയുടെ സമൃദ്ധമായ സാംസ്കാരിക പൈതൃകവും ആധുനിക കലാഭാവനയും ഒരുപോലെ അവതരിപ്പിച്ചു.

ദേശീയഗാനങ്ങളോടെയാണ് പരിപാടിക്ക് തുടക്കമായത്. തുടർന്ന്














എഫ്ഐഎ-യുടെ ദൗത്യവും നാല് ദശാബ്ദങ്ങളായുള്ള 'ഡാൻസ് പെ ചാൻസിന്റെ വളർച്ചയും അവതരിപ്പിച്ചു. ഡിപിസി ചെയർപേഴ്സൺ പ്രീതി റേ പട്ടേൽ ഈ പരിപാടി തലമുറകളെ ബന്ധിപ്പിക്കുന്ന സാംസ്കാരിക വേദിയായി മാറിയതിനെക്കുറിച്ച് സംസാരിച്ചു. എഫ്ഐഎ പ്രസിഡന്റ് ശ്രീകാന്ത് അക്കപ്പള്ളി സംഘടനയുടെ വാർഷിക നേട്ടങ്ങളും സന്നദ്ധ പ്രവർത്തകർ വഹിക്കുന്ന നിർണായക പങ്കും ചൂണ്ടിക്കാട്ടി. എഫ്ഐഎ ചെയർമാൻ അങ്കുർ വൈദ്യ ഇന്ത്യൻ ഡയസ്പോറയെ ഒന്നിപ്പിക്കുന്ന ശക്തിയായി സംഘടന തുടർച്ചയായി വളർന്നുവരുന്നതായി പറഞ്ഞു.

ഇതിനോട് അനുബന്ധമായി എഫ്ഐഎ 2026 എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സത്യപ്രതിജ്ഞാ ചടങ്ങും നടന്നു. ഇന്ത്യയുടെ ന്യൂയോർക്ക് കോൺസൽ ജനറൽ ബിനായ എസ്.പ്രധാൻ സത്യവാചകം ചൊല്ലിക്കൊടുത്തു. എഫ്ഐഎ വർഷംതോറും പരിപാടിയുടെ വലിപ്പവും സ്വാധീനവും ഉയർത്തിക്കൊണ്ടിരിക്കുന്നതിനെ അദ്ദേഹം പ്രശംസിക്കുകയും, ഇന്ത്യൻ ഡയസ്പോറയുടെ ആവശ്യങ്ങൾ നിറവേറ്റാൻ വിപുലീകരിച്ച കോൺസുലർ സേവനങ്ങളെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു. ഡെപ്യൂട്ടി കോൺസൽ ജനറൽ വിശാൽ. ജെ.ഹർഷും ചടങ്ങിൽ സന്നിഹിതനായിരുന്നു.

പ്രശസ്ത നടി പദ്മിനി കോലാപ്പുരി, പ്രശസ്ത കൊറിയോഗ്രാഫർ സുപ്രിയ ദോഷി, ക്ലാസിക്കൽ നർത്തകി അന്തിമ ചക്രബർത്തി എന്നിവരടങ്ങിയ ജഡ്ജസ് പാനലാണ് വിജയികളെ പ്രഖ്യാപിച്ചത്. പരിപാടി അവതാരകരായ മമത നാരുലയും സൃഷ്ടി നാരുലയും പ്രേക്ഷകരെ മുഴുവൻ സമയവും ആവേശത്തോടെ നയിച്ചു.

ഗ്രാൻഡ് ഫിനാലെയിൽ 100-ലധികം സന്നദ്ധ പ്രവർത്തകരെ ആദരിച്ചു. മികച്ച കൊറിയോഗ്രാഫി, തീമാറ്റിക് ഇന്നൊവേഷൻ, ഔട്ട്സ്റ്റാൻഡിങ് സ്പിരിറ്റ് തുടങ്ങിയ വിഭാഗങ്ങളിലായി വിജയികൾക്ക് പുരസ്കാരങ്ങൾ സമ്മാനിച്ചു.

ഡാൻസ് പെ ചാൻസ് ഇന്ത്യൻ-അമേരിക്കൻ സമൂഹത്തിൽ സാംസ്കാരിക അഭിമാനം വളർത്തുന്നതിനൊപ്പം യുവത്വനേതൃത്വവും കലാമികവും പ്രോത്സാഹിപ്പിക്കുന്ന വേദിയായി തുടരുകയാണെന്ന് എഫ്ഐഎ നേതൃത്വം വ്യക്തമാക്കി. 2027-ൽ നടക്കുന്ന 44-ാം പതിപ്പിനുള്ള ഒരുക്കങ്ങൾ ഇതിനകം ആരംഭിച്ചതായും അറിയിച്ചു.

ബൻസാൽ ഫൗണ്ടേഷൻ, ഡയസ്പോറ ബൈ-വീക്കിലി, ടാക് ഗ്രൂപ്പ് എന്നീ സ്പോൺസർമാരും ബോംബിനോ എക്സ്പ്രസ് , ടൈംസ് നെറ്റ്വർക്ക്,സൗത്ത് ഏഷ്യൻ ടൈംസ്,ന്യൂ ഇന്ത്യ എബ്രോഡ്, ദി ഇന്ത്യൻ പനോരമ, ടിവി9 യുഎസ്എ, ഐടിവി ഗോൾഡ്, പരീഖ് വേൾഡ് വൈഡ് മീഡിയ , ടിവി ഏഷ്യ തുടങ്ങിയ മാധ്യമ പങ്കാളികളും നൽകിയ പിന്തുണയാണ് ഈ പരിപാടിയുടെ വിജയത്തിന് പിന്നിലെ ശക്തിയെന്ന് എഫ്ഐഎ അറിയിച്ചു.

# ചരിത്രം തിരുത്താൻ ഇൻഡോ അമേരിക്കൻ റിപ്പബ്ലിക്കൻ കൌൺസിൽ

## ഡോ. രഞ്ജിത് പിള്ള പ്രസിഡണ്ട്, ജെയിംസ് ചാക്കോ സെക്രട്ടറി, ബോബി ജോസഫ് ട്രെഷറർ







**അനിൽ ആറന്മുള**

ഹ്യൂസ്റ്റൺ: അമേരിക്കയിലെ ഇന്ത്യക്കാരുടെ രാഷ്ട്രീയ ദർശനങ്ങൾക്ക് പുതിയ ദിശാബോധവുമായി ഇൻഡോ അമേരിക്കൻ റിപ്പബ്ലിക്കൻ കൌൺസിൽ നിലവിൽവന്നു. അമേരിക്കയിലെ ഇന്ത്യക്കാരും വരും തലമുറയും ജീവിതം കെട്ടിപ്പടുക്കേണ്ട ഈ നാടിൻറെ സുരക്ഷയും സമാധാന ജീവിതവും മുന്നിൽകണ്ട് ഭരണ കക്ഷിയായ റിപ്പബ്ലിക്കൻ പാർട്ടിക്ക് പിന്തുണകൊടുക്കാനും യൂറോപ്പിലെ പലരാജ്യങ്ങളും ഇന്നഭിമുഖീകരിക്കുന്ന അരക്ഷിതാവസ്ഥ അമേരിക്കയിലുണ്ടാകാതെ കാക്കുവാനും പ്രതിജ്ഞാബദ്ധമായ ഒരു സാമൂഹിക ക്രമം ഉണ്ടാകത്തക്കവണ്ണം പ്രവർത്തിക്കാനും തീരുമാനമെടുത്ത ഇന്ത്യക്കാരുടെ കൂട്ടായ്മ എന്ന നിലയിലാണ് ഇൻഡോ അമേരിക്കൻ റിപ്പബ്ലിക്കൻ ഫോറം നിലവിൽ വന്നത്. ഇതിനു മുന്നോടിയായി മുന്നോറോളം ആളുകൾ പങ്കെടുത്ത സ്ഥാനാർഥികളെ പരിചയപ്പെടുത്തുന്ന ഒരു യോഗത്തിനു ഇവർ വേദിയൊരുക്കിയിരുന്നു.

മിസോറി സിറ്റിയിലെ അപ്ന ബസാർ ഓഡിറ്റോറിയത്തിൽ കൂടിയ ആദ്യ യോഗത്തിൽ അൻപതോളം അംഗങ്ങൾ പങ്കെടുത്ത





ജനറൽ കൗൺസിലിൽ നിന്ന് ഇരുപത്തിയഞ്ചു അംഗങ്ങളുള്ള ഒരു ഗവേർണിംഗ് ബോഡിയെ തിരഞ്ഞെടുത്തു . അതിൽ നിന്ന് ഒൻപതു പേരടങ്ങുന്ന ഒരു എക്സിക്യൂട്ടീവ് കൗണ്സിലിനെയും തിരഞ്ഞെടുത്തു. ഡോ രഞ്ജിത് പിള്ള പ്രസിഡണ്ട്, ജെയിംസ് ചാക്കോ സെക്രട്ടറി, ബോബി ജോസഫ് ട്രെഷറർ, ബിജു ഇട്ടൻ, ഫാൻസിമോൾ പള്ളാത്തുമഠം എന്നിവർ വൈസ് പ്രസിഡന്റുമാർ, ആലീസ് തോമസ്, സന്തോഷ് ഐപ്പ് എന്നിവർ ജോയിന്റ് സെക്രട്ടറിമാരും ഡോ. ബിജു പിള്ള അസ്സോസിയേറ്റ് ട്രെഷററും ആയിരിക്കും. 'നേർകാഴ്ച' ചീഫ് എഡിറ്റർ സൈമൺ വാളച്ചേരിൽ മീഡിയ പബ്ലിക് റിലേഷൻസ് ഡയറക്ടറും ആയിരിക്കും.



ഇതിനു പുറമെ ഒൻപതു

പേരടങ്ങുന്ന അഡ്വൈസറി കൗൺസിലും ഉണ്ടാകും. കെ പി ജോർജ്, അനിൽ ആറന്മുള, ജോസഫ് ജെയിംസ്, പൊന്നു പിള്ള, ജോസഫ് ഓലിക്കൻ, മനു പൂപ്പാറയിൽ, ജി കെ പിള്ള, എന്നിവരെ അഡ്വൈസറി കൌൺസിൽ അംഗങ്ങളായി തെരഞ്ഞെടുത്തു.

മലയാളികളും ഇന്ത്യക്കാരുമടങ്ങുന്ന ധാരാളം സംഘടനകളുള്ളപ്പോൾ മറ്റൊരു സംഘടനയായി പ്രവർത്തിക്കാൻ തങ്ങൾ താല്പര്യപ്പെടുന്നില്ല മറിച് സമാന കാഴ്ചപ്പാടുള്ള എല്ലാ എല്ലാ സംഘടനകളെയും ഒരുമിച്ചു കൊണ്ടുവരുന്ന ഒരു കൌൺസിൽ ആണ് തങ്ങളുടെ ലക്ഷ്യം എന്ന് പ്രസിഡണ്ട് രഞ്ജിത്ത് പിള്ള പറഞ്ഞു. ഇന്ത്യക്കാരും പ്രത്യേകിച്ച് മലയാളികളായുള്ള സ്ഥാനാർഥികളെ വിജയത്തിലെത്തിക്കാനും ഭരണം നടത്തുന്ന പാർട്ടിയിൽ നിന്നും നിന്നും ഇന്ത്യൻ പ്രത്യേകിച്ചും മലയാളി സമൂഹത്തിനു വേണ്ടുന്ന ആനുകൂല്യങ്ങൾ നേടിയെടുക്കുക എന്ന ലക്ഷ്യത്തോടെയുമാണ് കൌൺസിൽ പ്രവർത്തിക്കുക എന്നും അദ്ദേഹം പറഞ്ഞു. റിപ്പബ്ലിക്കൻ ആശയങ്ങളിൽ വിശ്വസിക്കുന്ന എല്ലാ മലയാളികളും കൗണ്സിലുമായി ചേർന്ന് പ്രവർത്തിക്കണമെന്നും അദ്ദേഹം അഭ്യർഥിച്ചു.

ഇതേ ആവേശത്തിൽ പ്രവർത്തിക്കുകയാണങ്കിൽ ഫോർട്ട് ബെൻഡ് കൗണ്ടിയുടെ ചരിത്രം തിരുത്തി കുറിക്കാൻ ഇൻഡോ അമേരിക്കൻ റിപ്പബ്ളിക്കൻ കൗൺസിലിനു കഴിയുമെന്നും ഇന്ത്യാക്കാരുടെ ആവശ്യങ്ങളും അവകാശങ്ങ്ളും കണ്ടില്ലെന്നു നടിക്കാൻ പാർട്ടിക്കാവില്ലെന്നും ഫോർട്ട്ബെൻഡ് കൗണ്ടി ജിഒപി ചെയറായി സ്ഥാനമേൽക്കുന്ന ഗ്രഗ് ബാൺസ് പറഞ്ഞു. മുന്നോട്ടുള്ള പ്രവർത്തനങ്ങളിൽ കൗൺസിൽ പ്രവർത്തകർക്ക്മാർഗ നിർദ്ദേശം നൽകാനായി

സെക്കൻഡ് ചെയർ ക്രയ്ഗ് ലൂ ടെല്ലിയെ ലെയ്‌സണായി ചുമതലപ്പെടുത്തുകയാണന്നും ഗ്രഗ് ബാൺസ് പ്രഖ്യാപിച്ചു.

സ്ഥാനാർഥികളായ ഫോർട്ബെൻഡ് കൗണ്ടി ജഡ്ജ് കെ പി ജോർജ്, ലിൻഡ ഹോവെൽ, ജോൺ പ്ലാസെറ്റ്, മാത്യു വൈരമൺ, ഷാരോൺ എന്നിവർ പുതുതായി രൂപം കൊണ്ട കൗൺസിലിന് ആശംസകൾ നേർന്നു സംസാരിച്ചു.

റിപ്പബ്ലിക്കൻ പാർട്ടിയുടെ അംഗീകാരത്തിനായി സംഘടനയുടെ ചാർട്ടറും ഭരണഘടനയുമടങ്ങുന്ന ഡോക്കറ്റ് രഞ്ജിത് പിള്ളയിൽ നിന്നും ഗ്രെഗ് ബാൺസ് സ്വീകരിച്ചതോടെ കൌൺസിൽ ഔദ്യഗികമായി നിലവിൽ വന്നതായി പ്രഖ്യാപിച്ചു.




TEAM
VOICE OF FOMAA
2026-28
Biju Thonikadavil
For President
Paul P. Jose
For General Secretary
Pradeep Nair
For Treasurer
Samuel Mathai
For Vice President
Dr. Manju Pillai
For Joint Secretary
Johnson Kannookaden
For Joint Treasurer
KINDLY REQUESTING
YOUR SUPPORT AND PRAYERS...




യി മാറിയെന്നാണ് സർക്കാർ അവകാശപ്പെട്ടത്.

ലങ്ങളിൽ വിസാ നിയമങ്ങളിലെ മാറ്റങ്ങൾ മൂ


#1 'OTT' Platform
Download FREE
Scan QR Code to
Download App Instantly
Watch
MediaAppUSA
LIVE Television Channels
LIVE Streaming
Video on Demand
News Portals
On your Phones, All Smart TV's and
Any Streaming Devices
www.mediaappusa.com | info@medialogistics.us | 1-917-900-2123


Pravasi Channel
& eMalayalee
Presents
pravasi CHANNEL HD
emalayalee.com
American
News WEEK
Every Day
8am | 1pm | 5pm
and 8pm US EST
അമേരിക്കൻ
ന്യൂസ് വീക്ക്
എല്ലാ ദിവസവും